
പുസ്തകം III.
ലക്കം 3

വില 2 ണ.

1114 മീനം 19_ാ ന
1939 ഏപ്രിൽ 1_ാംന

സഞ്ജയൻ



സാഹിത്യനായകൻ: പാറപ്പുറത്ത് സഞ്ജയൻ.

ഉ ള്ള ട ക്ക ം

വിഷയം.	വശം.
1. രാഷ്ട്രീയഭാരതം (പദ്യം തുടർച്ച)—കെ. പി. കെ.	65
2. വൃത്താന്തരഹസ്യം.	67
3. ഉരുപ്പികയുടെ പരാതി—പി. എം. എം.	68
4. ബ്ലീച്ചടിച്ച കൊച്ച (ചിത്രം)—വി. എൽ.	69
5. പുരുഷന്മാക്ക മാത്രം (തുടർച്ച).	70
6. ആ പോക്കും ഈ വരവും (ചിത്രം)—റാം.	72
7. "പടച്ചോങ്കണ്ട!"—മാധവജി.	,,
8. "സ്വപ്നമോ, മായമോ, മന്മതിഭ്രാന്തിയോ!".	74
9. മാച്ചിവിപ്പവം (പദ്യം)—പി. കെ. എൻ.	76
10. അസ്സെസ്സരുടെ അഭിപ്രായം (ചിത്രം)—എം. ബി.	77
11. സർ. സി. പിള്ള് ഒരു ഉറന്ന കത്ത്.	,,
12. ചില പൊതുതെറ്റധാരണകളം (ചിത്രം)—എം. ബി.	79
13. ചാപ്പനം ചേനനും.	,,
14. സഞ്ജയഭാഷണം.	80
15. വൈദ്യപങ്ക്തി.	
കമ്മ്യനിസപ്പെയിഗ്.	83
16. വ്യത്യാസം (ചിത്രം)—എം. ബി.	84
17. രാമസ്വാമിശൊല്ലുഹിറാർ (പദ്യം)	,,
18. സബാഷ്! സബാഷ് (നാടകം—തുടർച്ച)	85
19. ഭിന്നിപ്പിനുത്തരവാദി ആർ?—സാത്യകി.	86
20. സരിത്സംഗീതം (പദ്യം)—മാധവജി.	88
21. പൂർവ്വസ്മരണ—എൻ. ജി.	89
22. കണ്ടൻ കണ്ടതു പറയുന്നു.	90
23. മക്കടമുഷ്ടി—പോറ്.	92
24. ഞങ്ങളുടെ വായനമുറി.	
i. യജമാനൻ.	96
ii. നളചരിതം (1-ാം സർഗം)	,,

എന്നാൽ ജയിച്ചു!

രോഗശമനത്തിന്നായി ഉപയോഗിക്കപ്പെടുന്ന സാധാരണ ഔഷധങ്ങളുടെ കൂട്ടത്തിൽ പെടുന്നവയല്ല, രസായനങ്ങൾ. രോഗമുള്ളവർക്കും, ഇല്ലാത്തവർക്കും ഒരുപോലെ സേവിക്കാവുന്നവയും, ശരീരബലം, ഓജസ്സ്, ബുദ്ധിശക്തി എന്നുവേണ്ട ജീവിതത്തെ വിജയപ്രദമാക്കുന്ന എല്ലാ ഗുണങ്ങളും ഏകീഭൂതത്തിൽ പ്രദാനം ചെയ്യുന്നവയുമായ രസായനങ്ങൾ ഗുണവീര്യവിപാകങ്ങളെക്കൊണ്ടും, പ്രഭാവശക്തികൊണ്ടും സർവ്വോപരി ഉത്കൃഷ്ടങ്ങളാണ്. അതിനാലാണ് യഥാർത്ഥജീവിതാനന്ദം അനുഭവിക്കേണമെന്നുള്ളവർ ഏതെങ്കിലും തക്കതായ ഒരു രസായനം സേവിക്കേണ്ടതാണെന്ന് ആയുർവ്വേദാചാര്യന്മാർ നിഷ്കർഷിക്കുന്നത്. ഈ വസ്തുത ശരിയായി മനസ്സിലാക്കിക്കഴിഞ്ഞാൽ നിങ്ങൾ ജയിച്ചു! — നിങ്ങളുടെ ജീവിതം സഫലമായി !!

'ഏതു രസായനം, എങ്ങിനെ തയാറാക്കി, എപ്പോൾ, ഏതെല്ലാം നിബന്ധനകളോടുകൂടി പരിശീലിക്കണം?' എന്നൊന്നും നിങ്ങൾ അന്വേഷിച്ച് ബുദ്ധിമുട്ടേണ്ടതില്ല.

ഇന്നത്തെ ജീവിതരീതികൾക്കും പരിതഃസ്ഥിതികൾക്കും അത്യന്തം അനുയോജ്യമായതും, എല്ലാവർക്കും വലിയ പത്ഥ്യമൊന്നും കൂടാതെ സേവിക്കാവുന്നതുമായ ഒരു വിശിഷ്ടരസായനം, കേരളത്തിലെ അദ്വിതീയനായ ഭിഷഗ്വരൻതന്നെ നിങ്ങൾക്കുവേണ്ടി തിരഞ്ഞെടുത്ത്, അദ്ദേഹത്തിന്റെ പ്രത്യേക മേൽനോട്ടത്തിൽ പാകപ്പെടുത്തിവെച്ചിരിക്കുന്നു. മാത്രമല്ല, പ്രസ്തുത ദിവ്യൌഷധം അദ്ദേഹംതന്നെ ഉപയോഗിച്ച്, അതിന്റെ അത്ഭുതശക്തിയെ നിങ്ങൾക്ക് അനുഭവത്തിൽ കാണിച്ചുതരികയും ചെയ്തിരിക്കുന്നു!

കോട്ടക്കൽ ആയുർവൈദ്യശാലയിൽ വില്പനപ്പെടുന്ന 'ബ്രഹ്മരസായന'ത്തെക്കുറിച്ചാണ് പറയുന്നത്. രോഗം, പ്രായാധിക്യം, അത്യദ്ധ്വാനം മുതലായ, ഏതു കാരണത്താൽ വന്നുചേർന്നതായാലും ശരി, നിങ്ങളുടെ കായികവും മാനസികവുമായ എല്ലാ അവശതകളേയും 'ബ്രാഹ്മരസായനം' നിശ്ശേഷം നീക്കം ചെയ്യും പത്ഥ്യത്തോടുകൂടി അധികകാലം ഉപയോഗിക്കുകയാണെങ്കിൽ അത് ജരാനരകളെ അകറ്റി ആയുസ്സിനെ വർദ്ധിപ്പിക്കും.

വില: റാത്തൽ 1-ക്ക് 3ക. 12ണ. അധികവിവരങ്ങൾ ഔഷധത്തോടൊന്നിച്ചുണ്ടായിരിക്കും.

ബ്രാഞ്ചുകൾ: കോഴിക്കോട്, പാലക്കാട്.

മാനേജർ,
ആയുർവൈദ്യശാല,
P. O. KOTTAKKAL (S. Malabar)

ഈ ലക്കം സഞ്ജയനിലെ ബ്ലോക്കുകൾ

മാതൃഭൂമി പ്രോസസ് സ്റ്റുഡിയോവിൽ ഉണ്ടാക്കിയവയാണ്.

ബ്ലോക്കുകൾക്ക് മദിരാശിക്കും ബോമ്പായിക്കും ഓർഡർ അയച്ചു പത്തും പതിനഞ്ചും ദിവസം കാത്തിരിക്കേണ്ട. എല്ലാവിധ ഫോട്ടോ ബ്ലോക്കുകളും (ലൈൻ, ഹാഫ്‌ടോൺ) മിതമായ നിരക്കിൽ, വൃത്തിയായി കൃത്യസമയത്തു ചെയ്തുകൊടുക്കും.

മാതൃഭൂമി പ്രോസസ് സ്റ്റുഡിയോ

റോബിൻസൻറോഡ്, കോഴിക്കോട്.

ഒരുത്തമസാഹിത്യഗ്രന്ഥം

വിചാരകോരകം.

(ഗ്രന്ഥകർത്താ: സി. എച്ച്. കുഞ്ഞപ്പ.)

സാഹിത്യവിഷയകമായ നാലുജ്വലപ്രബന്ധങ്ങളാണിതിലുള്ളത്. ഏതു ഗ്രന്ഥശാലക്കും ഇതൊരലങ്കാരമാണ്. വിദ്യാർത്ഥികൾക്ക് ഇതിന്റെ പാരായണം വളരെ ഉപകാരപ്രദമായിരിക്കും. നോക്കുക, 'ഹിന്ദു'പത്രം ഇങ്ങിനെ അഭിപ്രായപ്പെട്ടിരിക്കുന്നു:—"ഇതിലെ എല്ലാ പ്രബന്ധങ്ങളും ഗ്രന്ഥകാരന്റെ സ്വതന്ത്രമായ ചിന്തക്കും നിശിതമായ നിരൂപണവൈദഗ്ധ്യത്തിനും സാക്ഷ്യം വഹിക്കുന്നു.....പ്രബന്ധങ്ങളെല്ലാം പ്രൌഢവും ശക്തിമത്തുമായ ഭാഷയിൽ എഴുതപ്പെട്ടവയും കോളേജ് വിദ്യാർത്ഥികളുടെ സൂക്ഷ്മമായ പഠനം പ്രത്യേകം അർഹിക്കുന്നവയുമാണ്."

കോപ്പികൾ കോഴിക്കോട്ടും തൃശ്ശൂരിലുള്ള മാതൃഭൂമി ആപ്പീസുകളിൽ 10-ണ. വിലക്ക് കിട്ടുന്നതാണ്. മാതൃഭൂമി ഏജൻറുമാരോടാവശ്യപ്പെട്ടാൽ തപാൽ ചിലവു കൂടാതെ ഈ വിലക്കുതന്നെ അവർ വരുത്തിത്തരുന്നതാണ്. തപാലിൽ അയക്കാൻ ആവശ്യപ്പെടുന്നവർ, മാനേജർ കണ്ണൂർ പ്രസിദ്ധീകരണശാല, കണ്ണൂർ. എന്ന വിലാസത്തിൽ എഴുതിയാൽ മതി വില കോപ്പി ഒന്നിന് 10-ണ. തപാൽചിലവ് പുറമെ.

ഉടനെ കോപ്പിക്കാവശ്യപ്പെടുക.

ബുദ്ധിയുള്ളവർ

ഓട്ടു വാങ്ങുമ്പോൾ, വിലയെസ്സംബന്ധിച്ചുള്ള ആദായം മാത്രമല്ല നോക്കുക; കാഴ്ചക്കുള്ള ഭംഗിയും, കാലാന്തരത്തിലുള്ള ഉറപ്പുംകൂടി അവർ കരുതുന്നു

അതുകൊണ്ടാണ് വിവേകവും, മൻകരുതലുമുള്ളവർ ദീർഘകാലത്തേക്ക് ഈടു നിൽക്കുന്നതും, മനോഹരവുമായ **മലബാർ ടൈൽവർക്സി**ലെ ഓടുതന്നെ വേണമെന്നു നിഷ്കർഷിക്കുന്നത്.

മി. പി. കെ. റായരുടെ ഉടമസ്ഥതയിലും, മേൽനോട്ടത്തിലും പ്രശസ്തമായി നടത്തപ്പെട്ടുവരുന്ന ഫറോക്കിലെ മലബാർ ടൈൽ വർക്സിലെ ഓടുകൾ അന്യാദൃശമായ ഗുണത്തോടുകൂടിയവയാണെന്നും, അവിടെനിന്നു ഓടുകൾ വാങ്ങുന്നതാണ്, ചുരുങ്ങിയ വിലക്ക് താണതരം ഓടുകൾ വാങ്ങുന്നതിനേക്കാൾ, കലാശത്തിൽ എത്രയോ ആദായകരമെന്നും അനുഭവസ്ഥന്മാർ അറിയുന്നു.

ഒരിക്കൽ പരീക്ഷിക്കുവിൻ!

രോഗികൾക്ക്
ഒരു ദുർലഭാവസരം!

സുപ്രസിദ്ധഭിഷഗ്വര്യനായ ശ്രീ: ചാത്തുക്കുട്ടി നമ്പ്യാരവർകളുടെ മേൽനോട്ടത്തിൽ, ആയുർവേദവിധിപ്രകാരമുള്ള എല്ലാ ഔഷധങ്ങളും കൃത്യമായി പാകം ചെയ്ത്, ഏറ്റവും മിതമായ വിലയ്ക്ക് തലശ്ശേരി റെയിൽവെ സ്റ്റേഷന്നടുത്തുള്ള "ധന്വന്തരീസദനം" വൈദ്യശാലയിൽ വിറ്റുവരുന്നു. സ്വന്തം വീട്ടിൽവെച്ച് തെയ്യാറാക്കപ്പെട്ട ഔഷധങ്ങളെസ്സംബന്ധിച്ചുള്ള വിശ്വാസവും, ഉറപ്പും ധന്വന്തരീസദനത്തിൽ നിന്നു വാങ്ങുന്ന ഏതു ഔഷധവും തികച്ചും അർഹിയ്ക്കുന്നുണ്ടെന്ന് ഒരു പ്രാവശ്യമെങ്കിലും പരിശോധിച്ചവർക്ക് ബോധ്യപ്പെട്ടതാണ്.

ഇക്കായ്മുത്താൽ ഒരനുഭവസ്ഥനായ 'സഞ്ജയൻ' പത്രാധിപർ ശ്രീ: എം. ആർ. നായരുടെ സർട്ടിഫിക്കറ് അടുത്ത ലക്കത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

രാഷ്ട്രീയഭാരതം.

(തുടച്ച്).

("കവിഭാരത"കത്താവോട് ക്ഷമാപണം:—അദ്ദേഹത്തിന്റെ പ്രിയ ശിഷ്യൻ.)

ധാരാളം ബലവീര്യമൈശ്വര്യവിഭവം
തൻകയ്യിലുണ്ടെങ്കിലും
പാരാതുൽക്കടവാശിവാച്ചു,വഴിപോൽ
ക്കാര്യം ഫലിപ്പിക്കുവാൻ
നേരായാഗ്രഹമാന്നിടാതെ പടവെ-
ട്ടീടും ശരച്ചന്ദ്രബോ-
സ്സീരാജ്യത്തിലതിപ്രതാപമിയലും
ഉയ്യോഗി ഉയ്യോധനൻ.

കായ്യം സ്വമരിഞ്ഞു, കന്മഷമെഴും
വൈരിപ്രജത്തിന്റെ കൈ-
കാര്യം ഉർഘടമാക്കുവാനിഹ 'മഹാ-
ത്മാ'വിൻ മഹാനുഗ്രഹാൽ
ധൈര്യം പൂണ്ടടരാടുവാനടവെഴും
പേരാന്ന 'പട്ടാഭി',വൻ-
സ്ഥൈര്യംപൂണ്ടൊരുസാത്യകിക്കുസമനാ-
ണെന്നാക്കുമോക്കാം ദൃഢം.

ഞാനെന്നുള്ളൊരഹന്തവിട്ടനുദിനം
കാര്യം നടത്തീടുവാൻ
ജ്ഞാനംപൂണ്ട,ഭിവന്ദ്യർതൻവരുതിപോ-
ലാക്കും പ്രിയം ചേക്കുവാൻ
മാനത്തോട്ട പരിശ്രമിച്ചിടുമിരാ-
വാനോട്തുല്യം, ശ്രുഭ-
സ്ഥാനത്തെത്തിടുമക്കുപാലിനി വിചാ-
രിച്ചാൽ വിശിഷ്ടാശയൻ.

ഉഷ്ണന്മാരൊട്ട പോരിടാനുശിരു കാ-
ണിക്കും, ഉഷിപ്പോക്കു വൻ-
നഷ്ടം ചേക്കു,മഭിജ്ഞരായ് സഹകരി-
ച്ചീടും സദാനേരവും.
ശിഷ്ടൻ ശങ്കരറാവുദേവനിവയാൽ
ക്കൈയ്യുക്കുകാട്ടീടുമ-
'ദ്ധൃഷ്ടദ്യുമ്നസമാനനെന്നു പലരും
ചൊല്ലുന്നു, കില്ലില്ലതിൽ.

ആ വണ്ണാശ്രമധർമ്മതത്പമനിശം
ദീക്ഷിച്ചു മിബ്ഭാരതം
വൈവശ്യസ്ഥിതി കൈവിടും വഴികളാ-
ലോചിച്ചു, മാരാദ്ധ്യനായ്
ധീവനും, ദയയും മുഴുത്തു സുധിയാ-
യീടും വസിഷ്ഠൻസമം
കൈവല്യത്തൊടുവാഴ്വു 'പണ്ഡിതജി'യാം
മാളവ്യഭവ്യാശയൻ.

കയ്യും മെയ്യുമറിഞ്ഞു 'ഭാരതമഹാ
യുദ്ധം' നടത്തീടുവാ-
നിയ്യുള്ളോനു സമാനനായൊരുവനി-
ല്ലെന്നോതു,മെന്നാൽസ്വയം
ചെയ്തില്ലൊന്നു,മിടയ്ക്കു 'ശിഷ്യ'നെ നിന-
ച്ചെത്തും കഴപ്പത്തിനാ-
*'യയ്യങ്കാ'രിവയോക്കിലാ ലഹരികൈ-
ക്കൊള്ളും 'ഹലി'ക്കൊപ്പമാം.

പോരാളിത്തലവക്കു മുന്നണിയിൽ നിൽ
പ്പാനും, രിപുപ്രൌഢരെ-
പ്പോരാതാഞ്ഞലറിത്തകർത്തു പടയിൽ-
പ്പായിക്കുവാനും, സദാ
പേരാളുന്നൊരു സാംബമൂർത്തിമതിയാ-
മെയ്യുക്കു, കയ്യുക്കിതാ-
വീരാഢ്യനു ഘടോൽക്കചനു സമായ്
ക്കാണുന്നു കാഴ്ചയ്ക്കു നാം.

പാരമ്പര്യബലം, കുലപ്രഥിതമാം
മാഹാത്മ്യമാ'മാധവൻ'
പാരം നൽകുമനുഗ്രഹം, ഗുരുകുലം
വാഴ്ത്തും ഗുരുത്വം, സദാ
വീരശ്രീവിളയാട്ട മേവമഭിമ-
ന്യുപ്രായമാന്നീടുമാ-
സ്സാരജ്ഞൻസുധി'പാന്ഥി'നെസ്സകലരും
വാഴ്ത്താതിരിയ്ക്കാ ഭുവി.

---

* എസ്സ്. ശ്രീനിവാസയ്യങ്കാർ.

വാരാളീടിനു 'വാമഭാഗ'മൊട്ടുചേ-
ന്നുള്ളോക്കു, വണ്ണിക്കുകിൽ
ത്തീരാതുള്ള നരേന്ദ്രദേവനധുനാ
വീര്യോച്ചുളൻ ഭീഷ്മനാം
ധാരാളം പറയട്ടെ കൂട്ടരവരീ-
മ,ട്ടെങ്കിലി'ബ്ഭാരത-
പ്പോരാട്ടം' വിജയിക്കിൽ നാമൊരു മഹാ-
ത്മാവാക്കുമാല്ലാഘ്യനെ!


'അന്തസ്സോടടരാടി ഞാനരികളെ-
ത്തോല്പിക്കു'മെന്നൊക്കെയും
ചന്തത്തിൽപ്പറയും, പടക്കളമടത്തെ-
ന്നാൽപ്പതുങ്ങും ഭയാൽ
'സ്വന്തം കക്ഷി'കളെപ്പുകഴ്ത്തു,മിതര-
ന്മാരെശ്ശകാരിയ്ക്കുമ-
ത്യന്തം, നമ്മുടെ സത്യമൂർത്തിയിവയാൽ
വാചാലനാമുത്തരൻ.

'അന്യാധീനതയാനു പാരമഴലാ-
ന്നീടുന്നൊരെന്മക്കളെ-
ദ്ധന്യാത്മാ, വിഭു,മാധവൻ കരുണയാ-
കാ:ക്കണമെക്കാലവും
അന്യായസ്ഥിതിപോണു,മേവമനിശം
ചിന്തിച്ചഹോ കുന്തിപോൽ
സന്യാ ത്തൊടിരിപ്പു സാധുമതിയാം
കസ്തൂരിബായ് സാദരം.

ക്രൂരന്മാരരിവീരരേറിടുകിലും
ക്ലേശാതെ നേരിട്ടു,നൽ-
സ്സാരഥ്യക്രിയകാട്ടുവാനു,മടരിൽ
ബ്ബന്ധുക്കളെസ്സന്തതം
സ്നേഹം 'കൃഷ്ണ'കൃപാമൃതംവഴിസഹാ-
യിപ്പാനുമാളാം, ശുഭ-
ശ്രീരമ്യാംഗി സുഭദ്രതന്നെ മണിബൈൻ
പട്ടേൽ വിവാഹം വിനാ.

(തുടരും.)

കെ. പി. കെ.



പരിഹാസപ്പുഞ്ചിരിക്കെട്ടോ
ചിരിയത്രേ പുഷ്പം; ശകാരം മുള്ളുതാൻ.

വൃത്താന്തരഹസ്യം.

'താങ്കളുടെ ചുറ്റുമുള്ളവരിൽനിന്ന് ദൈവം താങ്കളെ രക്ഷിക്കട്ടെ!' എന്ന് ശ്രീ: സുഭാസ് ബോസിന്റെ അനുജൻ മഹാത്മജിക്ക് കമ്പിയടിച്ചിരിക്കുന്നുവത്രെ!

സ്വന്തം സഹോദരന്മാരിൽനിന്നു ശ്രീ: സുഭാസ്ബോസിനെ രക്ഷപ്പെടുത്തുകയാണ് ദൈവം അടിയന്തരമായി ചെയ്യണ്ടതെന്നാണ് ഞങ്ങൾക്കു തോന്നുന്നത്.

*** ***

തിപുരിയിൽവെച്ച് തങ്ങളുടെ കക്ഷി അവലംബിച്ച നിലയെ സാധൂകരിക്കുവാൻ ശ്രമിച്ചുകൊണ്ട് സോഷ്യലിസ്റ്റ നേതാക്കന്മാർ നാടെങ്ങും നടന്നു പ്രസംഗിച്ചുവരുന്നതായറിയുന്നു.

തങ്ങൾ അവലംബിച്ചേക്കാവുന്ന ഏതു നിലയെപ്പറ്റിയും ആലോചിച്ചു തീരുമാനപ്പെടുവാനിടയുണ്ടെന്നേ സോഷ്യലിസ്റ്റ് നേതാക്കന്മാർ ഇപ്പോഴും വിചാരിക്കുന്നുണ്ടല്ലോ എന്നാണ് ഞങ്ങളുടെ അനുഭവം.

*** ***

ക്ഷേത്രപ്രവേശനത്തിന്റെ മതപരമായ പ്രാധാന്യത്തെപ്പറ്റി ഒരു സോഷ്യലിസ്റ്റനുകാരനെന്ന നിലയിൽ തനിക്കു യാതൊരു മതിപ്പുമില്ലെന്നു ശ്രീ: പി. നാരായണൻനായർ ഇയ്യിടെ മദ്രാസിൽ വെച്ചു ചെയ്ത ഒരു പ്രസംഗത്തിന്നിടയിൽ പറഞ്ഞിരിക്കുന്നു.

പക്ഷെ, മതത്തിന്നു ക്ഷേത്രപ്രവേശനപരമായി വന്നുചേർന്നിട്ടുള്ള പ്രാധാന്യത്തെയെങ്കിലും ഒരു യുക്തിശാസ്ത്രജ്ഞനെന്ന നിലയിൽ അദ്ദേഹം നിഷേധിയ്ക്കുകയില്ലെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

*** ***

മൂന്നിൽ സന്ധി ഒപ്പിടുന്നതിനു തലേദിവസം സാക്ഷാൽ ഹെർ ഹിറ്റ്ലർ മരിച്ചുപോയിരിക്കുന്നു എന്നും ഇപ്പോൾ തൽസ്ഥാനത്തുള്ളത് ഒരു വ്യാജഹിറ്റ്ലറാണെന്നും ഒരമേരിക്കൻ പത്രം പറയുന്നുവത്രെ.

മൂനിൽ സന്ധിയിൽ ഒപ്പുവെച്ചതിനു ശേഷം ചെക്കോസ്ലോവാക്യ പിടിച്ചടക്കുന്നതിനു മുമ്പായിരിക്കണം ഈ ആൾമാറാട്ടം നടന്നതെന്ന് മി: ചേമ്പർലെയിൻ വാദിച്ചേക്കുവാനിടയുണ്ട്.

*** ***

മുസ്സോളിനി എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന മനുഷ്യൻ യഥാർത്ഥമുസ്സോളിനി തന്നേയാണോ എന്ന് പരിശോധിയ്ക്കുന്നതിന്നായി ഹെയ്ലി സെലാസിയെക്കൊണ്ട് അദ്ദേഹത്തിന്റെ മൂക്ക് പിടിച്ചു വലിപ്പിക്കുവാൻ ലീഗ് ഓഫ് നേഷൻസ് തീർച്ചപ്പെടുത്തിയിട്ടുണ്ടെന്ന് കേൾക്കുന്നതിൽ എത്രമാത്രം വാസ്തവമുണ്ടെന്നറിയുന്നില്ല.

*** ***

ശ്രീ: ജയപ്രകാഷ് നാരായൺ എന്ന സോഷ്യലിസ്റ്റ് നേതാവ് കഴിഞ്ഞ കൊല്ലം മലബാറിൽത്താമസിച്ച് ഉഴിച്ചൽ ചികിത്സ എടുത്തിരുന്നുവല്ലോ. ഇക്കൊല്ലത്തെ ചൂടുകാലം കഴിയുന്നതിനു മുമ്പ്, അദ്ദേഹമുൾപ്പെടേ, കുറെക്കൂടി സോഷ്യലിസ്റ്റനേതാക്കന്മാരെ ക്ഷണിച്ചുവരുത്തി തലയ്ക്കു ഓരോ തക്രധാരകൂടി നടത്തിവിട്ടാൽ, അത് അവക്കു മാത്രമല്ല, നാട്ടിന്നൊട്ടാകെത്തന്നെ ഒരു വലിയ നന്മയായിരിക്കുമെന്നു തിപുരി കോൺഗ്രസ്സിനുശേഷം ഞങ്ങൾക്കു തോന്നിത്തുടങ്ങിയിരിക്കുന്ന വിവരം സവിനയം പ്രസ്തുത ചികിത്സാവിദഗ്ധന്മാരെ അറിയിച്ചുകൊള്ളുന്നു.

ഉറുപ്പികയുടെ പരാതി.

പത്രാധിപരവർകളെ! ഞങ്ങടം വളരെക്കാല മായി അനുഭവിച്ചുവരുന്ന സങ്കടങ്ങടം പൊതു ജനങ്ങളടേയും ഗവമ്മേണ്ടുകളടേയും ശ്രദ്ധയിൽ പെടുത്തേണമെന്നതാണ് ഈ ലേഖത്തിന്റെ ഉദ്ദേശ്യം. നാണ്യലോകത്തിന്റെ ഒരു പ്രതിനിധി യുടെ നിലയിൽ ഞാൻ അയയ്ക്കുന്ന ഈ ചെറു ലേഖനം താങ്കളുടെ വിലയേറിയ പത്രത്തിൽ പ്രസിദ്ധപ്പെടുത്തി, എന്നേയും എന്റെ വർഗ്ഗത്തേ യും രക്ഷിക്കുവാൻ ദയയുണ്ടാവണമെന്ന് അപേ ക്ഷിക്കുന്നു.

മനുഷ്യർക്ക് പണത്തേപ്പോലെ അത്യാവശ്യമാ യ ഒരു കല്പിതവസ്തു വേറെ വല്ലതുമുണ്ടെന്നു തോ ന്നുന്നില്ല. പണത്തിൽ ആശയില്ലാത്തവർ നന്നെ ചുരുങ്ങും. 'പണമില്ലാത്തവൻ പിണ'മാണെന്നു പഴഞ്ചൊല്ലുപോലുമുണ്ട്. ഇങ്ങിനെ സർവ്വപ്രധാ നമായ 'പണം' സമ്പാദിക്കുവാൻ നരലോകം കാട്ടിക്കൂട്ടുന്ന വിക്രിയകടംക്ക് ഒരു കയ്യും കണക്കു മില്ല. എന്തു ചെയ്യും എത്ര സമ്പാദിച്ചുകൂട്ടിയാ ലും ആക്കം അലംഭാവവുമില്ല. പണത്തിൽ ആഗ്ര ഹമില്ലാത്തവർ ഞാനുംപ്പെട്ട നാണ്യലോകം മാ ത്രമാണ് ജഗത്തിൽ കാണ്മാൻ കഴിയുന്ന ഒരേ ഒ രു വർഗ്ഗം. ഞങ്ങടം തന്നെ ധനരൂപികളായിരി ക്കെ ഞങ്ങടംക്കു ധനകാംക്ഷക്കവകാശമില്ലല്ലോ. മനുഷ്യരിലെന്നപോലെ ഞങ്ങളിലും പലജാതി വിഭാഗങ്ങളുണ്ട്. പവൻ, നോട്ട്, ഉറുപ്പിക, അ ണ, എന്നിങ്ങിനെ സാമാന്യമായി നാലു ജാതിക ടം തന്നെയാണ് ഞങ്ങളുടെ സമുദായ ത്തിലുമുള്ളത്. പലതരം പവനും, നോട്ടുകളും, രൂ പകളും, അണകളും, കാശുകളും മറ്റുമായി വളരെ ഉപജാതികളും ഞങ്ങളുടെ വർഗ്ഗത്തിലുള്ളത് ഏവ ർക്കും അറിയാമല്ലോ. ഇവയിൽവെച്ച് അധഃകൃത രും പഞ്ചമരുമായ ശില്പിക്കാശുകളാണ് ഭാഗ്യ വാന്മാർ. എന്തുകൊണ്ടെന്നാൽ, സാധുക്കളെ സ ഹായിക്കുന്നവർ അവരാണ്. പിച്ചക്കാക്കും സാ ധുക്കടംക്കും, ധനികന്മാർ എറിഞ്ഞുകൊടുക്കുന്ന ത് ശില്പിക്കാശുകളെയാണല്ലോ. സാധുക്കളുടെ അലട്ടിൽനിന്നു രക്ഷ നേടുവാൻ വേണ്ടിയെങ്കി ലും ധനികർ അധഃകൃതരായ ശില്പിക്കാശുകടംക്കു തങ്ങളുടെ പണസ്സഞ്ചികളിൽ സ്ഥാനം കൊടു ക്കുന്നതും ഭാഗ്യംതന്നെയല്ലേ? കാശുകടംക്കും അണ കടംക്കും, നോട്ടുകടംക്കും, പവനുകടംക്കും, ഉറുപ്പി കകളായ ഞങ്ങളെപ്പോലെ അനാഢ്യായമില്ലാതെ പൊതുജനമർദ്ദനം സഹിക്കേണ്ടിവരുന്നില്ല. മനു ഷ്യരുടെയിടയിൽ അധഃകൃതരാണ് മർദ്ദനപാ ത്രങ്ങടം. എന്നാൽ നാണ്യലോകത്തിൽ സവർണ്ണ രായ ഞങ്ങടംക്കാണ് തല്ലും,മുട്ടും, ഏറും മറവും സ ഹിക്കേണ്ടിവരുന്നത്. പവനും സവർണ്ണനാണെ ങ്കിലും വിദേശിതപ്രഭാവമാനത്താലോ മറേറാ അ വനെ ആരും മർദ്ദിക്കാറില്ല. പിശുക്കന്മാരും, ധൂ ർത്തന്മാരും, ധനികന്മാരും എല്ലാം, കല്ലിന്മേലും മ രത്തിന്മേലും എന്നുവേണ്ട, തോന്നിയ ടിക്കിലെ ല്ലാം ഞങ്ങളെ എറിഞ്ഞെറിഞ്ഞ് കൊല്ലാതെ കൊല്ലുന്ന ദയനീയമായ കാഴ്ച കാണുവാൻ യാ തൊരു ഗവഃമ്മൻറകടംക്കും, യാതൊരു നേതാക്ക ന്മാക്കും കണ്ണില്ലെന്നാണ് വന്നിരിക്കുന്നത്. ഞ ങ്ങളെ സൃഷ്ടിച്ചത് ഗവമ്മെൻറാണ്. ഞങ്ങളെ രക്ഷിക്കേണ്ട ഭാരവും ഗവമ്മെൻറിനുണ്ട്. എന്നു വെച്ച് സർക്കാർ ഖജാനകളിൽ അഭയം പ്രാ പിച്ചാൽ ഞങ്ങടംക്കു രക്ഷയുണ്ടോ? ഹാ കഷ്ടം! അവിടേയും തല്ലും, മുട്ടും, ഏറും കുറവില്ല. ചില പ്പോടം ആയുധപ്രയോഗവും! ഞങ്ങളിൽ ചില രെ ഖജാനക്കാരൻ വെട്ടിക്കൊല്ലാറുണ്ട്. എന്തു ഭയങ്കരമായ കമ്മമാണിതെന്നു ആ മൂഢൻ ഓർക്കാറില്ല. ചില സ്കൂടമാസ്റ്റർമാർ വിദ്യാർത്ഥി കളുടെ ചില്ലറക്കുററങ്ങടംക്കു അവരുടെ തല കടം. തമ്മിൽ കൂട്ടിയടിക്കുംപോലെ പലരും ഞ ങ്ങളേയും കൂട്ടിമുട്ടിച്ചുപദ്രവിക്കാറുണ്ട്.

ഞങ്ങളുടെ കൂട്ടത്തിൽ പല കള്ളന്മാരും കടന്നു കൂടീട്ടുണ്ടെന്നു പക്ഷെ അത് ഞങ്ങളുടെ കുററമാ ണോ? ചില കള്ളമനുഷ്യരാണ് അതിനുത്തരവാദി കടം. അവരുടെ കുററത്തിന്ന് ഞങ്ങളെ ബന്ധി പ്പിക്കുന്നതു നീതിയാണൊ? എന്തൊരു സങ്കടമാ ണിത്! ഞങ്ങളുടെ രൂപം നന്നായാൽ മാത്രം പോരത്രെ; ശബ്ദഗുണവും പ്രത്യേകം വേണമെ ന്നുണ്ട്! ശബ്ദനിഷ്കർഷ, ഭാഗവതന്മാരുടെ കാര്യ ത്തിൽപോലും ഇതുയുണ്ടെന്നു തോന്നുന്നില്ല.

ഞങ്ങളുടെ ഓമ്മശക്തി അസാധാരണമാണ്. ഇന്ന് ശബ്ദഗുണമില്ലെന്നുവെച്ച് നിഷേധിക്ക പ്പെടുന്ന ഞങ്ങളെല്ലാം ജനനം മുതൽക്കു വളരെ വർഷങ്ങളോളം ആ രൂപംപോലും കൂടാതെതന്നെ പ


ല പല രക്ഷിതാക്കളുടേയും ലാളനങ്ങൾക്ക് പാത്രങ്ങളായിരുന്നിട്ടുണ്ട്. നിർദ്ദയന്മാരും, കൃപണരുമായ ചില മനുഷ്യരാക്ഷസന്മാരുടെ താഡനാടിടമ്പനങ്ങൾ ഏല്ക്കേണ്ടിവന്നതുകൊണ്ടാണ് ഇന്ന് ഞങ്ങൾ, നാടശ്ശുദ്ധിയില്ലാത്തവരും അംഗഭംഗമുള്ളവരുമായിത്തീർന്നത്. സ്വാർത്ഥിയായ മനുഷ്യ, നിന്റെ ക്രൂരതയ്ക്കും, കൃതഘ്നതയ്ക്കും ഒരതിരും അളവുമില്ലെന്നോ! അവിചാരിതമായിട്ടോ പാരിതോഷികമായിട്ടോ ഒരുവന്ന് രൂപയൊ അണയൊ ഏതു കിട്ടിയാലും ശബ്ദഗുണമൊ നിറപ്പകിട്ടൊ ഒന്നും നോക്കാതെ ഉടൻതന്നെ രണ്ടു കണ്ണുകളിലും മാറി മാറി വെച്ച് ലാളിക്കുന്നതിന്റെ അർത്ഥം ആക്കും ,മനസ്സിലാക്കുവാൻ സാധിക്കും. മറവസരങ്ങളിൽ ദയയില്ലാതെ ഞങ്ങളെ മർദ്ദിക്കയും ചെയ്യുന്നു. മനുഷ്യന്റെ ഏതാഗ്രഹത്തേയും നിറവേറുന്ന കാമധേനുക്കളായ ഞങ്ങളെ വട്ടത്തിലാക്കി ചാക്കിലും, പെട്ടിയിലും മറവുമിട്ട് ബന്ധിക്കുന്നതും സാധുക്കളായ തൊഴിലാളികളുടെ പ്രയത്നഫലം തട്ടിയെടുത്തനുഭവിച്ച് തടിച്ചു കൊഴുത്ത നിങ്ങൾ അവരുടെ മുഖത്ത് പടിവാതിൽ അടയ്ക്കുന്നതും നന്ദികേടല്ലെങ്കിൽ ക്രൂരതയായിരിക്കാം.

വെള്ളക്കാരുടെ സൃഷ്ടിയായ വെള്ളിരൂപകളാകുന്ന ഞങ്ങളുടെ ജാതിയിൽ ഈയിടെയായി,വർണ്ണസങ്കരം ആരംഭിച്ചിരിക്കുന്നു. നാടന്മാരായ ചില കറുത്ത മനുഷ്യരാണ്, ഹിറ്റ്ലർ പറയും പോലെ, ഞങ്ങളെ അനാര്യന്മാരാക്കുവാൻ ശ്രമിക്കുന്നത്. വർണ്ണസങ്കരശങ്കയുള്ളവരെ ബഹിഷ്കരിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. സങ്കരശങ്കയില്ലാത്ത ഞങ്ങളെ ശബ്ദശുദ്ധിയില്ല, രൂപഗുണമില്ല, എന്നെല്ലാം പറഞ്ഞ് മർദ്ദിക്കുന്നതും ധിക്കരിക്കുന്നതും വളരെ സങ്കടമാണ്.

ഞങ്ങളെ ഇനിയും മർദ്ദിക്കുവാനും ധിക്കരിക്കുവാനും തന്നെയാണ് ജനങ്ങളും ഗവമ്മെൻറുകളും ഒരുങ്ങുന്നതെങ്കിൽ, സ്വർണ്ണവർണ്ണക്കാരായ ഞങ്ങളുടെ മുൻഗാമികളെ പിൻതുടർന്ന് ഞങ്ങളും കപ്പൽകയറി വെള്ളക്കാരുടെ രാജ്യങ്ങളെ അഭയം പ്രാപിക്കുവാൻ മടക്കയില്ലെന്ന് താക്കീത് ചെയ്തുകൊള്ളുന്നു. അവിടെ ഞങ്ങൾക്ക് ഇത്തരത്തിലുള്ള മർദ്ദനങ്ങൾ സഹിക്കേണ്ടിവരികയില്ലെന്നു നിശ്ചയമാണ്. എന്തെന്നാൽ, പാശ്ചാത്യർ അരൂപരത്രെ. എന്നുവെച്ചാൽ, രൂപമില്ലാത്തവരെന്നല്ല, അവർ രൂപയില്ലാത്തവരാണ് എന്നർത്ഥം. ഭാരത സാമ്രാജ്യത്തിനുവേണ്ടി അവതരിച്ചവരാണ് ഞങ്ങൾ. ഉപദ്രവിക്കാതേയും, ധിക്കരിക്കാതേയും ഞങ്ങളോട് മേലിൽ അനുകമ്പയോടും, ബഹുമാനത്തോടുംകൂടി പെരുമാറാത്തപക്ഷം ഞങ്ങളും കപ്പൽ കയറും. പിന്നെ മടങ്ങുന്ന കാര്യം സംശയം തന്നെ. ഈവകയൊന്നുമോർക്കാതെ ഖജാനകളും ബഹുജനങ്ങളും ഞങ്ങളെ വിരൂപരും നിശ്ശബ്ദരുമാക്കി നിഷേധിച്ചാൽ ഭവിഷ്യൽഫലങ്ങൾ ഭയങ്കരങ്ങളും ദുസ്സഹങ്ങളുമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. ഞങ്ങളെ രക്ഷിപ്പാൻവേണ്ടി ഇന്ത്യാ ഗവമ്മെൻറ് ഒരു 'ഓർഡിനൻസ്' തന്നെ പാസ്സാക്കണമെന്നുകൂടി ഞങ്ങൾക്കപേക്ഷയുണ്ട്.

പി. എം. എം.

സ്ലീച്ചുടിച്ച കൊച്ച.



[ഈ ചിത്രം ഒമ്പതു വയസ്സു മാത്രം പ്രായമായ ശ്രീമതി ലീല (വേങ്ങയിൽ) വരഞ്ഞതാണ്. തലക്കെട്ടും വിവരണങ്ങളും ചിത്രം അയച്ചതന്ന ആളാം അയച്ചതന്നതാണെന്നും അറിയിച്ചിരിക്കുന്നു.]

പുരുഷന്മാക്കു മാത്രം.

ii

അല്പനേരത്തെ മൌനത്തിനുശേഷം, അഗ്രാസനരായ അസിസ്റ്റാണ്ടു മാനേജർ ഇങ്ങിനെ പറഞ്ഞു:

"ഈ സംഘത്തിൽവെച്ചു നടക്കുന്ന യാതൊരു വിവരങ്ങളും പുറമെ പോവുകയില്ലെന്നു് എല്ലാവരും തീർച്ചപ്പെടുത്തുകയും, അതിനനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ ഇതിന്റെ അധ്യക്ഷനായിരിക്കുന്നതിൽ എനിക്കു വിരോധമില്ല. എന്നാൽ, വാസ്തവത്തിൽ, 'ഓം മണ്ഡലി' സംഘംപോലെ ഒരു സംഘം സ്ത്രീകളുടെ മൂഷണത്തിൽനിന്നും കുതിരകയറ്റത്തിൽനിന്നും പുരുഷന്മാരെ രക്ഷിക്കുവാൻ വേണമെന്നു് എനിക്കു് തോന്നിത്തുടങ്ങീട്ടു് കുറച്ചു കാലമായി.

'നമ്മളും ഇവിടെ കൂടിയവരിൽ ഭാര്യമാരുള്ളവരും ഇല്ലാത്തവരുമുണ്ടു്. ഡിപ്പോ മാനേജരും ഞാനും ആദ്യത്തെ സെറ്റിൽപ്പെട്ടവരാണെന്നു് എല്ലാവരും അറിയുമല്ലോ. ഭാര്യയുള്ളവർ നിരന്തരമനുഭവിക്കുന്ന കുതിരകയറ്റത്തേയും, അവശതയേയും, അസ്വാതന്ത്ര്യത്തേയും കുറിച്ചു ഞാൻ പറയുമ്പോൾ അതൊക്കെ എന്റെ അനുഭവങ്ങളാണെന്നു് നിങ്ങളും തെറ്റിദ്ധരിക്കരുതു്—

ഡിപ്പോ മാനേജർ:—അധ്യക്ഷന്റെ അനുഭവങ്ങളും യാതൊന്നും പറയുകയില്ലേ? അവ പറയാൻ പാടില്ലാത്തവിധത്തിൽ അത്—

അധ്യക്ഷൻ:—അങ്ങിനെയല്ല ഞാൻ വിചാരിച്ചതു്; അങ്ങിനെ പറഞ്ഞിട്ടുമില്ല. ഞാൻ പറയുന്ന അനുഭവങ്ങളും മഴവൻ എന്റെ സ്വന്തം അനുഭവങ്ങളാണെന്നു് തെറ്റിദ്ധരിക്കരുതെന്നേ ഞാൻ പറഞ്ഞുള്ളൂ. ഏതാൻ ചില വിവരങ്ങളും നമ്മുടെ ബഹുമാനപ്പെട്ട ഡിപ്പോ മാനേജരവർകളെപ്പോലെയുള്ള എന്റെ പ്രിയ സ്നേഹിതന്മാരുമായുള്ള ചിരപരിചയത്തിൽനിന്നു് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളവയാണു്."

പ്രസംഗം ഇതുമായപ്പോൾ സൂര്യൻ അസ്തമിച്ചു. റാവിന്റെ തലേദിവസമായതുകൊണ്ടു് ചന്ദ്രൻ അപ്പോഴേക്കും ഉദിച്ചുപൊങ്ങിക്കഴിഞ്ഞിരുന്നു. കടലിൽനിന്നുള്ള കുളിർക്കാറ്റ് ശക്തിയോടുകൂടി വീശിത്തുടങ്ങി. അതുവരെയില്ലാതിരുന്ന ഒരുന്മേഷത്തോടും, വിശേഷാവേശത്തോടുംകൂടി, ആയിരമായിരമാളുകളം തിങ്ങിക്കൂടിയ ഒരു മഹായോഗത്തിന്റെ മുമ്പാകെയാണു് താൻ നിൽക്കുന്നതെന്ന ഭാവനയോടുകൂടിയെന്നപോലെ, അധ്യക്ഷൻ പ്രസംഗം തുടർന്നു:—

"മാന്യരേ, മാന്യസഹോദരരേ! വിവാഹം കഴിയുന്നതുവരെ വിവാഹാനന്തരമുള്ള ജീവിതത്തിന്റെ നല്ല വശങ്ങളും—അതിന്റെ സുകുമാരഭാഗങ്ങളും—മാത്രമേ നമ്മുടെ മനസ്സിൽ പതിയുന്നുള്ളൂ. ഇതു് വിവാഹം കഴിച്ചവർ മുറവിളികൂട്ടം കിടന്നു പെടുന്ന പാടു് നമ്മളും കാണാത്തതുകൊണ്ടല്ല; നമ്മളും അതെത്രയോ കാണുന്നുണ്ടു്; വാസ്തവം പറയുകയാണെങ്കിൽ, നമ്മളും അതുമാത്രമേ കാണുന്നുള്ളൂ എന്നുകൂടിപ്പറയാം. പക്ഷെ അതിന്റെ അത്യാപത്കരമായ ആകർഷകത്വം ബാക്കിയായി നിൽക്കുന്നു. അതിനെതിരായി നമ്മളും പടവെട്ടീട്ടോ, പ്രക്ഷോഭണം കൂട്ടീട്ടോ, പ്രചാരവേല ചെയ്തിട്ടോ, ഫലമില്ലതന്നെ. അതു് പ്രകൃതിയുടെ നിയമമോ, പുരുഷന്റെ ചാപല്യമോ, എന്തു മണ്ണാങ്കട്ടയോ ആയിക്കൊള്ളട്ടെ; എന്തായാലും അതു തടുപ്പാൻ കഴിയാത്ത ഒരു ശക്തിയായി ബാക്കിനില്ക്കുന്നുണ്ടെന്നു് സമ്മതിച്ചേതീരൂ. എന്തിന്നധികം? കാലപ്പുഴയിൽക്കൂടി പിന്നോക്കം തുഴഞ്ഞുപോയി വിവാഹം ചെയ്യുന്നതിനു മുമ്പുള്ള ഘട്ടത്തെ പ്രാപിയ്ക്കുവാൻ ഈ സംസാരിക്കുന്ന എനിക്കു സാധിക്കുമായിരുന്നെങ്കിൽ, ഞാൻ ഇപ്പോഴത്തെ സർവ്വ കഷ്ടപ്പാടുകളും, ബുദ്ധിമുട്ടുകളും മറന്നു്, വീണ്ടും വിവാഹംചെയ്യുമെന്നു് എനിക്കു് നല്ല ഉറപ്പുണ്ടു് [ഹസ്തഘോഷവും ചീയേഴ്സും]

"അതുകൊണ്ടു്, മാന്യരേ, ഞാൻ പറയുന്നതു മറെറാന്നുമല്ല. ഉത്തരേന്ത്യയിൽ 'ഓം മണ്ഡലി' സ്ഥാപനം തുടങ്ങിയ മരമണ്ടനെപ്പോലെ, പ്രകൃതിനിയമങ്ങൾക്കും, മനുഷ്യസ്വഭാവത്തിന്റെ

ആന്തരപ്രേരണകൾക്കും, സാമുദായികമര്യാദകൾക്കും എതിരായി നമ്മൾ പ്രവർത്തിക്കുവാൻ ശ്രമിച്ചിട്ടു യാതൊരു പ്രയോജനവുമില്ല; അവിവാഹിതന്മാരോട് വിവാഹം ചെയ്യരുതെന്ന് നമ്മൾ പറയണ്ട; അവരതു കേൾക്കുകയില്ല എന്നു മാത്രമല്ല, സംബന്ധം കഴിയാത്ത പെൺകുട്ടികളുടെ അച്ഛനമ്മമാർ നമ്മളുടെ തലയുംകൊണ്ടു പോകും. വിവാഹിതന്മാരോട് ഭാര്യമാരെ ഉപേക്ഷിച്ചോടുവാനും നമ്മൾ ഉപദേശിക്കേണ്ട; നമ്മളുടെ ഭാര്യമാരുൾപ്പെടേ ഇന്നാട്ടിലുള്ള ഭാര്യമാർ നമ്മളുടെ കഥ കഴിക്കും. ഓം മണ്ഡലിക്കാരന്ന് പുരുഷന്മാരുടെ എതിർപ്പിനെ മാത്രമേ നേരിടേണ്ടി വരുന്നുള്ളു; അതു സാരമില്ല. നമ്മൾ പെണ്ണുങ്ങളുടെ എതിർപ്പിനേയാണ്, പത്രഭാഷയിൽ, അഭിമുഖീകരിക്കേണ്ടി വരിക. ആ അനുഭവം ഏറ്റവും ഭയങ്കരമായിരിക്കുമെന്ന് ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തേണ്ടതില്ലല്ലോ. പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുക്കുകയില്ലെന്ന് പഴഞ്ചൊല്ലുണ്ട്; ശിവന്ന് തടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന കഥ പുരാണപ്രസിദ്ധവുമാണ്. [പല മെമ്പർമാരും: കേൾപ്പിൻ, കേൾപ്പിൻ!]

"എന്നാൽ നമ്മളുടെ പ്രക്ഷോഭണം പ്രധാനമായി ആരംഭിക്കേണ്ടത് തലയുടെ ആണിയിളകിപ്പോയ ചില സോഷ്യലിസ്റ്റു സഖാക്കളുടെ നേതൃത്വത്തിൽ ഇപ്പോൾ ആരംഭിച്ചിരിക്കുന്ന വനിതാവിപ്ലവപ്രസ്ഥാനത്തിനെതിരായിട്ടാണ്. ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്ന സഖാക്കളിൽ മിക്കപേരും അവിവാഹിതന്മാരും, തങ്ങളുടെ പ്രദേശങ്ങളിലുള്ള ഏതാൻ ചില കള്ളക്കവയിരിമാരുടേയും, സ്ത്രീ മിസ്റ്റ്റസ്സുമാരുടേയും സേവപിടിക്കാൻ വേണ്ടി അവർക്ക് മാസികകളിലേക്കും, ആഴ്ചപ്പതിപ്പുകളിലേക്കും അയക്കുവാൻ കവിതകളും, കാണാതെ പഠിച്ച് ഉരുക്കഴിക്കുവാൻ ചില മഹാബോറൻ വിപ്ലവപ്രസംഗങ്ങളും എഴുതിക്കൊടുത്ത്, അവരുടെ ചുറ്റും സദാ പറ്റിക്കൂടി, തലചരിച്ചിളിച്ചാടിക്കുഴഞ്ഞു നടക്കുന്നവരുമായ ഏതാനും ചോരയും നീരും വറ്റി വരണ്ടു വിളഞ്ഞ ലോങ്ങൻ ഷർട്ടുകാരാണെന്ന വസ്തുവും മിക്കപേർക്കും അറിവുള്ളതാണല്ലോ. പക്ഷെ എത്ര ആഭാസന്മാരായ കഴുതകൾ തുടങ്ങിയതായാലും, നടത്തുന്നതായാലും ശരി, ഒരു പുതിയ പ്രസ്ഥാനം ഇങ്ങോട്ടു വരുന്നുണ്ടെന്നു കേട്ടാൽ, അതിനെപ്പറ്റി മറ്റൊന്നും ആലോചിക്കാതേയും, മുമ്പും പിമ്പും നോക്കാതേയും, അങ്ങോട്ടു പാഞ്ഞുചെന്ന് അതിൽ കടന്ന് തലയിട്ട്, ചുറ്റിത്തിരിഞ്ഞ് വീണ് ഹലാക്കിലാകുവാനുള്ള ഒരു വാസന നമ്മുടെ ആളുകളുടെ ഇടയിൽ വേരുന്നിപ്പടർന്നുകാണുന്നതു് ഒരസാധാരണ സംഭവവുമല്ല. അതുകൊണ്ടാണ്, ഈ പ്രസ്ഥാനത്തെ തന്നിമിത്തമാന്മാരുടെ ഒരു വെറും ചാപല്യമെന്ന നിലയിൽ തള്ളിക്കളഞ്ഞും, അതിനെതിരായി ഒരു പ്രക്ഷോഭണം വേണമെന്നും ഞാൻ പറയുന്നത്.

"മാന്യരേ, ഒരു പ്രാരംഭപ്രസംഗമെന്ന നിലയിൽ എനിക്ക് ഇത്രമാത്രമേ പറയുവാനുള്ളു. പുതിയ വനിതാവിപ്ലവപ്രസ്ഥാനക്കാരുടെ വാദങ്ങളെ പരിശോധിച്ച്, അവയ്ക്ക് പബ്ലിക്കായി നൽകപ്പെടേണ്ടുന്ന മറുപടിയിൽ അടങ്ങിയിരിക്കേണ്ട സംഗതികളേയും, നമ്മുടെ സംഘത്തിന്റെ മറ്റു നിയമങ്ങളേയും പറ്റി ഇന്ന് പ്രസംഗിക്കാമെന്ന് ഏറ്റിട്ടുള്ള ശ്രീ: പിള്ളാന്തൊടി എന്ന പേരിൽ നമ്മുടെ ഇടയിൽ അറിയപ്പെടുന്ന മഹാനെ ആ കൃത്യം നിർവഹിയ്ക്കുവാൻ ഞാൻ സാദരം ക്ഷണിച്ചുകൊള്ളുന്നു." [വളരെ നേരത്തെ ഹസ്തഘോഷവും ചീയേഴ്സും.]

(തുടരും.)

"അപകടം പിടിച്ച മി. പാലാട്ടിന്റെ ഈ പ്രസ്താവനകൂടി കേട്ടപ്പോൾ അദ്ദേഹം പെട്ടെന്നു പരിത്രമിച്ചതിൽ അത്ഭുതമില്ല."

—മലബാർ പത്രം.

ആ 'അപകടം പിടീയ്ക്കൽ' കുറച്ച് അപകടം പിടിച്ചതായിപ്പോയി!



ആ പോക്കും



ഈ വരവും.

"പടച്ചോൻകണ്ട."

(അസ്സനാജിയുടെ മറെറാരു സംഭാഷണം.)

സമയം സന്ധ്യയോടടുത്തിരിക്കുന്നു. അപരിചിതനായ ഏതോ ഒരാൾ അസ്സനാജിയുടെ പീടികയിലേക്ക് കയറിച്ചെന്ന്, 'കാലണക്ക് തിരുമുന്ന സോപ്പും, പൈക്ക് ശ്രുരുട്ടും' ആവശ്യപ്പെട്ടു. അതു രണ്ടുംഎടുത്തു കൊടുക്കുന്നതിന്നിടയിൽ, ഹാജി കോളുകാരന്റെ മുടിതൊട്ടടിയോളം ഒന്ന് കണ്ണോടിച്ചു. പ്രായം നാല്പത്തഞ്ചിന്ന് ചോട്ടിലല്ല; മെലിഞ്ഞു നീണ്ട് അകത്തോട്ട വളഞ്ഞ ദേഹം; മുഷിഞ്ഞ കാട്ടിലങ്ങാടിത്തോത്തുകൊണ്ട് തലക്കൊരു കെട്ടുണ്ട്; മേലിട്ട ബനിയൻ അവിടവിടെ കീറിയിരിക്കുന്നു; ഇടത്തെ കക്ഷത്ത് കാല് മുറിഞ്ഞ ഒരു ശീലക്കുട; അതേ കയ്യിൽ ഒരു കണ്ണടക്കൂട്ടും, പൂഴിപിടിച്ച താക്കോൽക്കെട്ടും; പരുക്കൻകള്ളിമുണ്ട്; കാലിൽ നന്നെ തേഞ്ഞ മൂട്ടിച്ചെരിപ്പ്—ഇതായിരുന്നു ആഗതന്റെ മട്ട്.

പൈസ വാങ്ങി പെട്ടിയിലിട്ടതും, ഹാജി ചോദിച്ചു:—

"അപ്പോ ജ്ജ് വുട്ടപാരനാ?"

ആഗതൻ:—സൊന്ത രാജ്ജം മലപ്പൊറം. എനക്ക് എയിഡൽ സ്ലോം മാഷ്ടർപ്പണി ആണ്. ഞങ്ങടെ പരിസോദന ഇസ്പെക്ടർ ഈ അംസത്തിൽ സക്കീട്ട് വന്നിരിക്കുന്നു. മൂപ്പരെ ഒന്നു കണ്ട് പോവണ്ടതായ ആവുശ്യം കർതി പോന്നതാണ്. നാലര മണി കഴിഞ്ഞതിനാൽ സൌകര്യപ്പെട്ടില.

ഹാജി:—ങ്ങള് മേട്ടരാ ല്ലേ?

ആഗതൻ:—ഉദ്യോകം ഇരിപത് കൊല്ലത്തെ സർവീസ്സ് പൂക്കിച്ചിരിക്ക്ണു.

ഹാജി:—ഞമ്മടെ പേര്?

ആഗതൻ:—പി. കെ. കമ്മു.

ഹാജി:—കേട്ടില!

ആഗതൻ:—പേര് കമ്മു. കൃത്യമായ അഡ്രസ്സ് പി. കെ. എന്ന് ശേത്തണം.

ഹാജി:—ന്നാപ്പൊ കമ്മുമേട്ടരോട് ഞമ്മക്കൊന്ന് ചോയ്ച്ചാണ്ട്; കൊറഞ്ഞ ഒരു തംസയം.

കമ്മു:—എന്തൊന്നിമ്മൽ സമ്മന്തിച്ചാ സംഷയം?

ഹാജി:—ങ്ങളാ വെഞ്ചിമ്മെ കുത്തിരിക്കി. കസാല രണ്ടെണ്ണള്ളത് കൂടീലാ. ഞമ്മക്ക്പ്പോ ആ

യിമ്മലിർന്നംക്കട; ബയസ്സായിലെ? ന്നാലും ഒ
ന്നങ്ങട്ട് കൊണ്ടരീച്ച നം. പക്കെ കൊടുന്നാലും
മുട്ടാച്ചോളി. ഈ കോലായിമ്മെ സലം കൊറബാ.
ഒരു ചെറി പീട്യല്ലെ? ഞെമ്മള്പ്പൊ ഒവായ
ത്തിത്താമയിച്ചണതാ കണക്ക്? ന്നാ മേട്ടരക്ക്കേ
ക്കണോ, ഇക്കയിഞ്ഞെനല്ല, അയിന്റെ മുൽപ്പെ
ട്ട നോല്മ്പ് മൊതക്കൊണ്ട് ഞെമ്മള് ദീ
ത്തന്യാ പാർപ്പും കാര്യൊക്കെ. ഞെമ്മളും
കുടിക്കാരത്തീം മാത്തരം. സൊന്തരവുല്ല, കഷ
പിസേല്ല. ഞെമ്മടെ താച്ചൽ കുടി രണ്ടല്ലെങ്കി ര
ണ്ടര നായ്യ ബ്ട്ന്ന് കുത്തനെ ബടക്കാ. കണ്ണ്
ശിമ്മി നടന്നാ പെയക്കുല. നരിക്കുന്നമ്മാര്ന്നാ
ഞങ്ങളെ ചോട്ള്ള ഉല്പ്പപ്പേര്. ആ സലൊ
ന്നും പ്പൊ കൈബേഷല്യാച്ചോളി. ന്ന് കാണ
പ്പെട്ടത് മുയ്മനും ന്റെ ബാപ്പ്യായിട്ടും ഞാനാ
യിട്ടും ണ്ടാക്കീതൊള്ളു. കിരിസീം രണ്ട്നാല് ക
വുങ്ങ്ന്തോട്ടോം കാര്യൊക്കെണ്ട്. സഹലോം ഞ
മ്മള് ചെറ്ക്കന്മാരക്ക് ഒയിഞ്ഞ കൊട്ത്ത ഒര
നെലീലാ. ന്നാ ഓല്ക്കാ നാട്യണ്ടോ? അറമ്മെ
ല്യേ! ഞമ്മളോടാലോയിച്ചാണ്ട യാതാലൊരു നട
ബടീം ഓല്ക്ക് ന്നേത്തെവതംവരെല്യ. എന്നെ
ച്ചിട്ട് നെല്ലാലൊരു മന്യോ, കാഷാലൊരു ബീ
സോ ഞെമ്മള് ഓലോട് ആവുഷ്യപ്പെടല്ണ്ടോ?
അജ്ജേ! അള്ളട്ടം കവുത്തറത്താല്യ. ഞെമ്മടെ പ
ള്ളക്ക് ബടക്കുത്തിര്ന്നാക്കിട്ടം. കച്ചോടം കൊറ
ഞ്ഞ മട്ടത്തിലോള്ളു. പ്പ്, മൊള്, കാസ്രോട്, ബൊറ്ല പോല, വിടി, തീപ്പട്ടി ങ്ങനണ്ടതൊക്കെ
കൊറേച്ചക്കൊണ്ടരും; തോനക്കൊട്ന്നാ ചെല
വാവൂല. പിന്നെ മേണങ്ങി കടം കൊട്ത്ത് പൂ
ടണം. അത ക്കാലത്തൊള്ളുല. കൊട്ത്താ ബല
ഞ്ഞു! പിന്നെ മന്യേന്മാര് പാവുട്ടത്തോക്കിനെറ
അടബാ. ഒരു സംസ്യ താനേരോം ഓല്ക്കെ നി
പ്പായി. ഞാപ്പൊ ഒക്കപ്പറഞ്ഞിലെ? പററിച്ച
ക്കണ്; ഈ നാല്പൊറോള്ള ബലാലേപാള് മ്മ
ണിക്കായ് ന്നേം പററിച്ചക്ക്ണ. അപ്പെന്തേ പ
റഞ്ഞു, ആസലാമ്പാടെ ബിസാരിച്ചാ കൊണോ
ല്ല; പൊറത്യേഹപ്പെട്ടൊരു തോശോല്ല. ന്നാലും
കൊണന്തന്ന്യാനൊട്ടിക്കൊളി. ഞമ്മക്ക് തടി
ക്കൊരാനിക്കേടൊന്നുല്ല. ങ്ങക്കറിഞ്ഞൂടെ, ഞമ്മ
ടെ കോലോത്തെ കാര്യേസ്സം പ്രാരോട്യച്ചനെ?

കമ്മു:—എനക്ക് പരിജയം പോര.

ഹാജി—ന്നാ ഞമ്മടെ ബേലിക്കലാ മൂപ്പരെ
പത്തായപ്പെര. ആള് പെര്ത്ത് യോക്യനാ. മ
ണിക്കായുണ്ടാക്കി. പ്പൊ പറെറ കെടപ്പിലാ, മു
ത്തം ബാതാത്തരെ. ബച്ചണം അറമെ ചെല്ലല
ണീച്ചുംക്കുട ഓലേം ന്നേം തലേന്നും പിറ്റേന്നപാ
പെററക്കണ്. ന്റെ മ്മ പലകുറീം പറഞ്ഞീര്
ന്നു. കാര്യേസ്സന്ന് പ്പൊ എഗ്ഗത്തഞ്ച് നടപ്പാ. ഒ
ല്ലെ മരേപാങ്കുട്ടി ന്നാള് പോലക്ക് ബന്നപ്പൊ ഞ
മ്മള് ചോയിച്ചേ്യയി. പടച്ചോനേ! അപ്പൊ ഞ
മ്മക്കപായിലെ അത്തോത്? പക്കെങ്ങി ഒന്ന്ണ്ട
ച്ചോളി. ബല്ലിച്ച ഒശിക്കൊറബോ, തള്ർച്യോ,
ബാതോ, അരിശത്തോ അയിററാലൊര് സൊ
ഹക്കെട്ടം ന്ന്ത്തര നേരം ഞമ്മളെ വാതിച്ചത്
ഓമ്മതേല്ല. അപ്പതൊരു കൊണന്തന്ന്യല്ലെ?
ന്നാ മേട്ടരെ അതിപ്രായം?

കമ്മു:—അത് പെർമാനപ്പെട്ട ഗൊണന്ത
ന്നെ, സംഷ്യണ്ടൊ? പിന്നെ, ങ്ങള് മറേറ സങ്ങ
തി മറന്നോ?

ഹാജി:—ഏ സങ്ങതി?

കമ്മു:—ഒരു സംഷയം ഉണ്ടെന്ന് പറഞ്ഞ്
വെച്ചിലെ?

ഹാജി:—അത് നേര്പന്നെ— ന്നാങ്ങള് ബല്യേ
മുട്ടക്കന്തന്ന്യാട്ടൊ. ങ്ങക്ക് അതോമ്മിത്തന്നെ നി
ന്നലൊ!

കമ്മു:—എന്തിമ്മൽ സമ്മന്തമായതാണ് സം
ഷയം?

ഹാജി:—സൊഹാര്യത്തി പററീതൊന്നല്ല;
വല്ലിക്കെ പരസ്യപ്പെട്ടതാ. ങ്ങളോട് ചോ
യിച്ചാ ബിഗരം മുയ്മം കിട്ട്യെങ്കിലോന്ന് മാ
ത്തരം. ങ്ങള് മ്മ്ണി പടിച്ച മന്യനെലാ. എ
ന്ത്ര്ത്താ ഈ 'ബോറം' 'ബോറം' എന്ന്ള്ളീ
ന്റെ മയനു?

കമ്മു:—ഇതാ സംഷയം? അതിന്റെ അത്തം
ഞമ്മക്ക് കേട്ട് പരിജയമുണ്ട്. ആള്കളെ അനാ
വിഷ്യം സംഷാരിച്ച് മടുപ്പിക്കുന്ന മെലകൂട്ടരുണ്ട
ലോ. അവരടെ സൊബാവത്തിന്നു ചേത്തീട്ടാ
ണ് ആ പതം പറഞ്ഞ് വരുന്നത്.

ഹാജി:—പെരുത്ത് ജോല്ള്ള മന്യെം, അല്ലെ
ങ്കി ബാല്ള്ള മന്യെം, അങ്ങനെകുണ്ട മയന വ
ല്ലതും ബരൊ?

കമ്മു:—ഞെരിക്കത്തിലാന്നാ എനക്ക് തോ
ന്നണ്.

ഹാജി:—സെരി, ന്നാ ങ്ങള് തിര്മ്മിക്കുളിച്ച ണങ്ങി ഞ്ഞി ബൈകിച്ചുണ്ട.

കമ്മു:—(നേരിയ ഒരു പുഞ്ചിരിയോടുകൂടി) ഈ നാട്ടില് ബോറമ്മാര് അടികം ഉണ്ടാവും അല്ലേ?

ഹാജി:—(പെട്ടെന്ന് മുഖം തിരിച്ച് ഊട്ടുവഴിയിലേക്ക് നോക്കിക്കൊണ്ട്) ഞമ്മക്കറിഞ്ഞൂടേ മേട്ടരെ. പടച്ചോങ്കണ്ട!

കമ്മു:—എന്നാൽ പിന്നൊരു പ്രാവുഷ്യം കാണാം.

ഹാജി:—പെര്ത്ത് തന്തോശം.

ഇത്രയുംകൊണ്ട് ആ സംഭാഷണം അവസാനിച്ചുവെങ്കിലും, തനിക്ക് നാട്ടുകാരിൽ നിന്നും കിട്ടിയ പേരിന്റെ (ബോറനാജി) ശരിയായ അർത്ഥം അപ്പോഴാ ആദ്യമായി മനസ്സിലാക്കിയ അസ്സനാജി, അന്ന് പാതിരാവരെ വിളക്കും കത്തിച്ചിരുന്ന് എന്തൊക്കെയോ ഗാഢമായി ചിന്തിച്ചു. "ആട്ടെ, കൌസലണ്ട്" എന്ന ഉറക്കെപ്പറഞ്ഞുകൊണ്ടാണ് ഒടുവിൽ പീടികയടച്ചത്. എന്ത് കൌശലമാണാവോ, "പടച്ചോങ്കണ്ട!"

മാധവജി.

വാതരോഗത്തിന്റെ പുതിയ വികാരങ്ങൾ.

"ഏകദേശം ഒന്നരമാസം മുമ്പ് ഗലോമ ഗിലാസ് എന്ന സ്ത്രീതൊഴിലാളി വാതരോഗത്താൽ മാനേജരുടെ സമ്മതമനുസരിച്ച കല്പന എടുക്കുകയുണ്ടായി.....ഈ സംഭവങ്ങളെക്കുറിച്ച് മി: എവർസന്നോട് സംസാരിച്ചപ്പോൾ ശലോമ ഗിലാസ് എന്ന സ്ത്രീതൊഴിലാളിയോട് ഡോക്ടരുടെ സർട്ടിഫിക്കറ് കൊണ്ടുവരാൻ താൻ പറഞ്ഞിട്ടില്ലെന്നും.....ശ്രീമതി ശലോമ ഗിലിസ്പിനോട് ഡോക്ടർ സർട്ടിഫിക്കറിന്ന ഞാൻ ചോദിച്ചിട്ടില്ലെന്ന് മിസ്റ്റർ എവേർസൺ ഞങ്ങളോട് പറയുകയും.....ശലോമ ഗിലാസ് എന്ന സ്ത്രീതൊഴിലാളിയെപ്പോലെ പണിമുടക്കത്തിന്ന് എത്രയോ മാസം മുമ്പ് ലീവ് എടുത്തിരുന്ന....."

ദിനപത്രത്തിൽ കോമൺവെൽത്ത്
തൊഴിലാളിയൂനിയൻ
സിക്രട്ടരിയുടെ പ്രസ്താവന.

വാതരോഗംകൊണ്ട് ഒരു സ്ത്രീയുടെ പേരിന്ന് ഇത്ര ഭയംകരമായ മാറ്റങ്ങൾ അടിക്കടി വന്നുകൊണ്ടിരിക്കുമെന്ന് ഞങ്ങൾ ഇതുവരെ മനസ്സിലാക്കിയിരുന്നില്ല. പകച്ചുകൊണ്ടായിരിക്കാം, അല്പമൊരു മാറ്റം കോമൺവെൽത്ത് മാനേജരുടെ പേരിന്നുകൂടിപ്പറ്റിയിരിക്കുന്നു!

"സ്വപ്നമോ, മായയോ, മനോഭ്രാന്തിയോ!"

കോഴിക്കോട്ട് നഗരത്തിന്റെ ഏതാണ്ട് ഒത്ത മധ്യത്തിൽ, മാനാഞ്ചിറക്ക് കിഴക്കുവശത്തായി, ഗവർമ്മേണ്ടാസ്പത്രിയുടെ പടിഞ്ഞാറുഭാഗത്തായി, മാനാഞ്ചിറമൈതാനത്തിൽനിന്നു, അരയോളം പൊക്കമുള്ള ഒരു മതിലിനാൽ വേർതിരിയ്ക്കപ്പെട്ടു കിടക്കുന്ന ത്രികോണാകൃതിയിലുള്ള ഒരു സ്ഥലമുണ്ട്. എല്ലാ ദിവസവും പകൽ ഒമ്പതു മണി മുതൽ വൈകുന്നേരം നാലുമണിവരെ അവിടെ കനുകാലികളുടെ കോൺഫറൻസാണ്. പത്തു നാല്പതു പൈക്കൾ ഈ പൊരിയുന്ന മീനവെയ്ലത്ത്, 'മൂക്കു വിടർന്നയന്നുള്ള ശിരസ്സോട്'കൂടി അവിടെ സമ്മേളിച്ച്, കൊപ്പരക്കളത്തിൽ കൊപ്പരയുണങ്ങുന്നതുപോലെ, ഉണങ്ങുന്നതുകാണാമെന്നത്രം. ജന്മാന്തരങ്ങളിൽ ചെയ്തുപോയ എന്തെല്ലാം മഹാപാതകങ്ങളാണ് ഈ പൈക്കൾ അവിടെനിന്നു വീട്ടിത്തീർക്കുന്നതെന്നു ഞാനറിയുകയില്ല. എന്തായാലും അവ ചുരുങ്ങിയ തരത്തിലുള്ളവയൊന്നുമായിരിക്കാനിടയില്ലെന്നു ഞാനൂഹിയ്ക്കുന്നു. കാരണം, ഒരു പൂവരശിൻറെയെങ്കിലും തണലോ, ഒരൊറ്റ പച്ചപ്പുൽക്കൊടിയോ, അവിടെയെങ്ങുമില്ല. സ്വച്ഛജലപരിപൂർണ്ണമായ മാനാഞ്ചിറയിലെ വെള്ളം മന്ദമാരുതൻ വന്നു തലോടുമ്പോൾ പുളകച്ചാർത്തണിഞ്ഞുകൊണ്ട് അടുത്തുതന്നെയുണ്ടെങ്കിലും, അതു നോക്കി നുണച്ച് ദാഹം വർദ്ധിപ്പിയ്ക്കുവാനല്ലാതെ, അതിൽനിന്നു ഒരിറക്കെങ്കിലും കുടിച്ച് തൊണ്ടയുടെ വരൾച്ച മാറ്റുവാൻ ഈ പൈക്കൾക്കു കഴിയുകയില്ല. അടുത്തെങ്ങും കൽത്തൊട്ടിയുമില്ല. ഇങ്ങിനെ തൃണവും ജലവുമില്ലാതെ, ഈ മിണ്ടാപ്രാണികളെക്കൊണ്ട് പകൽ തോറും അവയുടെ ഉടമസ്ഥന്മാർ തപം ചെയ്യിക്കുന്നത് ഇന്ത്യക്ക് സ്വരാജ് കിട്ടുവാൻ വേണ്ടിയാണെങ്കിൽപ്പോട്ടെ, അങ്ങിനെ കിട്ടുന്ന സ്വരാജിൽ ഒരുശിഥിലമായപങ്കുപോലും അനുഭവിക്കുവാൻ ഞാൻ തയാറല്ല. (അതിലും ഭേദം സോവിയറ റഷ്യയുടെ പൈശാചികമായ

മാർഗത്തിൽക്കൂടി കിട്ടുന്ന നിണസ്വരാജ് ഭക്ഷിയ്ക്കുകയായിരിക്കും! അതിരിക്കട്ടെ.

പ്രസ്തുത സ്ഥലം സഹാറാ മരുഭൂമിപോലെ, സനൂർണ്ണക്ഷേണ്ടിപോലെ, സോഷ്യലിസ്റ്റുസഖാവിന്റെ തലയോട്ടപോലെ, ശുദ്ധശൂന്യമാണെന്നു ഞാൻ സൂചിപ്പിച്ചുവല്ലോ. വെയിലിന്റെ ചൂടാറുന്നതുവരെ അവിടെവെച്ചു നടക്കുന്ന വമ്പിച്ച കന്നുകാലിദ്രോഹം കഴിയുന്നതോടുകൂടി, രണ്ടു മൂന്നു മതപ്രാസംഗികന്മാരുടെ വകയായി, അവിടെവെച്ചുതന്നെ, വമ്പിച്ച പൊതുജനദ്രോഹം തുടങ്ങുകയായി. കൃസ്തുമതം, ഇസ്ലാമതം, ഹിന്ദുമതം, തോന്ന്യാസമതം—എന്നിങ്ങിനെയുള്ള വിവിധമതങ്ങളുടെ പ്രവാചകന്മാർ തങ്ങളുടെ മതങ്ങളെ പൊക്കിയും, ഇതരമതങ്ങളെ ചവിട്ടിത്തേച്ചും വൈകുന്നേരം അഞ്ചരമണിതൊട്ട് നേരം ഇരുട്ടുന്നതുവരെ, ഇടയ്ക്കിടെ പാട്ടകം പാടിയും, പദ്യങ്ങളം ചൊല്ലിയും, ചിലപ്പോൾ ഭയങ്കരമായ വിധത്തിൽ കൈയും കലാശവും കാണിച്ചു മതപ്രസംഗങ്ങളം പൊടിപാറുന്നു. അങ്ങിനെ കിടക്കുന്ന ആ സ്ഥലം.

* * * *

ഞാൻ ഇയ്യിടെ ഒരു ദിവസം രാത്രി ഏഴു മണിക്ക് ട്രങ്ക് റോഡിൽക്കൂടി തെക്കോട്ട നടക്കുകയായിരുന്നു. ഇമ്പീരിയൽ ബാങ്കിന്നടുത്തെത്തിയതോടുകൂടി മൻവശത്തു മനോഹരമായ ഒരു കാഴ്ച എന്റെ കണ്ണും കരളും പെട്ടെന്നു കവർന്നു. ഹാ, ഞാനൊരു കവിയായിരുന്നെങ്കിൽ.....! ഇല്ലെങ്കിൽ, ഒരരക്കവിയെങ്കിലുമായിരുന്നെങ്കിൽ.....! പോട്ടെ, ആവാത്ത കാര്യത്തെക്കുറിച്ചാലോചിച്ചു വ്യസനിച്ചിട്ടു ഫലമില്ലല്ലോ.

ഗവൺമെണ്ടാസ്പത്രിയുടെ പടിഞ്ഞാറു വശത്തായി, മാനാഞ്ചിറയുടെ കിഴക്കു ഭാഗത്തായി, മാനാഞ്ചിറ മൈതാനത്തിൽനിന്ന് അരയോളമുള്ള ഒരു മതിലിനാൽ വേർതിരിയ്ക്കപ്പെട്ട് കിടക്കുന്ന ത്രികോണാകൃതിയിലുള്ള ഒരു പൂന്തോട്ടമാണ് എന്റെ കണ്ണിനും, കരളിനും അമൃതസേചകമായിത്തീർന്നത്. അതിന്റെ കിഴക്കും പടിഞ്ഞാറും അതിർത്തികളായി നിന്നത് മതിലുകളോ, വേലികളോ അല്ല; നിരത്തു നോക്കിയോ, തോട്ടം നോക്കിയോ ആളുകൾക്ക് ഇരിക്കാവുന്ന വിധത്തിൽ ഇരുവശത്തും ഇരിപ്പിടങ്ങളോടുകൂടിയ 'സിമൻറു സീറു'കളായിരുന്നു. ചുരുങ്ങിയത് ഒരു മുന്നൂറാളുകൾക്ക് ആ സീറുകളിലിരുന്ന് കാറുകൊള്ളാം. തോട്ടമോ? എന്തൊരു തണൽ! എന്തെല്ലാം വിധം ചെടികൾ! അതിന്റെ ഒത്ത നടുവിൽ, സ്ത്രീരൂപത്തിലുള്ള ഒരു സിമൻറു പ്രതിമയുടെ കൈയിൽ പിടിച്ച കഴലിൽനിന്ന് രാപ്പകൽ പരിസരങ്ങളെ മുഴുവൻ തണുപ്പിച്ചുകൊണ്ട് വെള്ളം മേല്പോട്ടു പൊങ്ങി ചുറുചുറുപ്പോടും ശീതളശീകരം വർഷിക്കുന്നു. അനേകം ജനങ്ങൾ സീറുകളിൽ ഇരുന്ന് ആനന്ദിക്കുന്നുണ്ട്.

ഞാനത്ഭുതപ്പെട്ടതിൽ—ദിഗ്ഭ്രമം പിടിപെട്ടവനെപ്പോലെ പെട്ടെന്ന് അമ്പരന്നു സ്തംഭിച്ചു നിന്നുപോയതിൽ—നിങ്ങൾ ആശ്ചര്യപ്പെടുന്നുണ്ടോ? "എന്ത്! ഈ കോഴിക്കോട്ടു മുനിസിപ്പാലിറ്റിയിലോ? ഇങ്ങിനെയൊരു കാഴ്ചയോ? ....."ഞാൻ പലതും ആലോചിച്ചു.

ഞാൻ അവിടെയിരുന്ന് കാറുകൊണ്ടു സുഖിക്കുന്ന ഒരാളോടു ചോദിച്ചു: "ഈ തോട്ടം എപ്പോൾ മുതൽക്കുണ്ടായി?" അയാൾ എന്നെ നേരെ സാനുകമ്പമായ ഒരു നോട്ടം വിട്ടു: "നിങ്ങൾ കോഴിക്കോട് വിട്ടിട്ട് എത്രകാലമായി?" എന്ന ചോദ്യമായിരുന്നു അയാളുടെ മറുപടി.....


ഞാൻ ഉത്തരം പറയാതെ നടന്നു. ഞാൻ കണ്ടതിനെപ്പറ്റി ഒരാളോടും ഒരക്ഷരവും അന്നു രാത്രി ഞാൻ ശബ്ദിച്ചില്ല. പിറേറ ദിവസം പകൽ പത്തു മണിക്ക് ആ വഴിയായി പോയപ്പോൾ എന്തു തോട്ടം, എന്തു സീറ്, എന്തു ധാരായന്ത്രം! ഒരു മണ്ണുമില്ല! പണ്ടത്തെ കന്നുകാലികൾവായ തുറന്ന് ശബ്ദിക്കുവാൻകൂടി വയ്യാതെ, ചാണകമിട്ടുകൊണ്ട്, ആ തരിശുസ്ഥലത്ത് കൊപ്പരയുണങ്ങുംപോലെ ഉണങ്ങുന്നു! വൈകുന്നേരം ആ വഴിക്കുതന്നെ തിരിച്ചുപോകുമ്പോൾ പണ്ടത്തെ മതപ്രാസംഗികന്മാർ തന്നെ, തങ്ങളുടെ മതങ്ങളെ ഉയർത്തിക്കൊണ്ടും, മറവുള്ളവയെ താഴ്ത്തിക്കൊണ്ടും നിതാന്തബോറൻ പ്രസംഗങ്ങൾ അടിച്ചുവിടുന്നു.....ഞാൻ തലേദിവസം കണ്ടത് "സ്വപ്നമോ, മായയോ, മന്മതിഭ്രാന്തിയോ"!—ആരു കണ്ടു! ഏതായാലും നമ്മുടെ മുനിസിപ്പാൽ ഭരണസഭയെക്കുറിച്ചാലോചിക്കുമ്പോൾ അത് ഏതു കാലത്തും യാഥാർത്ഥ്യമായി പരിണമിക്കുവാനുള്ള ന്യായമേകാണുന്നില്ലെന്നു മാത്രം!

മാച്ചിവിപ്ലവം.

(വഞ്ചിപ്പാട്ട്.)

തറവാട്ടിലമ്മയുടെ കട്ടംമർദ്ദനത്താലേറെ-
പ്പുരവശപ്പെട്ട മാച്ചി പറഞ്ഞാളേവം:—
"നിർദ്ദയമായ് മർദ്ദിച്ചെന്നെ, വേലചെയ്യിപ്പിച്ചു,മെന്നേറ
നിത്യവേലയുടെ ഫലം ചൂഷണംചെയ്യും,
അധികാരഗർവ്വമോടിങ്ങധിവാസം ചെയ്യുന്നുണ്ടോ-
രധികപ്രസംഗിയായ കിഴട്ട തള്ള!
അവളുടെയടിമയായ് ക്കഴിയുവാനിനിമേലി-
ലവശരാം ചൂലുകൾക്കു കഴികയില്ല!
വിപ്ലവത്തിൻ വിളികൊണ്ടീയുലകെല്ലാം കിടുകിടെ
വിറപ്പിച്ചു കൊടിയുമായിറങ്ങി വേഗം
മാച്ചിവർഗം പൊരുതീടും, സ്വാതന്ത്ര്യവും സമത്വവു-
മാത്തമോദം വന്നീടുവാൻ—മർദ്ദനം പോവാൻ!
അശുദ്ധിയെ നീക്കംചെയ്ത വിശുദ്ധിയെപ്പുലർത്തുവാൻ
'വിശുദ്ധ'രാം ഞങ്ങൾതന്നെ വേണമെന്നാലും.
ശ്ലേച്ഛമാണീ ഞങ്ങളുടെ വർഗ്ഗമെന്ന നാണമില്ലാ-
തുച്ചൈസ്വരം ഘോഷിക്കുന്നു, ഹന്ത! മർത്ത്യന്മാർ
പരോപകാരത്തിന്നായിപ്പിറന്നവർ ഞാനുമെന്നേറ
പരമബന്ധുവാം 'ചാണക്കല'വുമോർത്താൽ!
ഞങ്ങളിരുപേരും പോയി ക്ഷേത്രത്തിങ്കൽ വിലസാഞ്ഞാൽ
'പൊങ്ങച്ച'മല്ല,വിടവും കൂപ്പയായീടും!
ഞങ്ങൾ 'സക്കീറ'ടിക്കാത്ത ഗേഹേ ലക്ഷ്മി വരില്ലെന്ന
സംഗതിയും സകലർക്കുമറിഞ്ഞുകൂടെ?
കോലായിലും, ചായപ്പിലും, പടിഞ്ഞാറേമുറിയിലും
ചേലൊത്തിട്ടും മുറത്തുമീ ഞങ്ങടെ പുത്രം
പ്രഭാതഭാസ്കരോദയസമയത്തും, സന്ധ്യയിങ്കൽ
പ്രയേറസ്സൂര്യദേവൻ മറയുമ്പോഴും,
സാഘോഷമായ് നടത്തുവാൻ സാദരമന്നഭ്യർത്ഥിച്ചു
സാധുക്കളാം പണ്ടുണ്ടായ കാന്നോപ്പാടന്മാർ!
അന്നു, ഞങ്ങളുപക്ഷിസ്സമതിച്ചു; മനുഷ്യന്മാ-
ക്കെന്നുമതുമൂലം ഞങ്ങളടിമകളോ?
സംഘടനയോടെ ഞങ്ങളിന്നുതൊട്ടു തീച്ചയായും
സങ്കടംപോക്കീടുവാനായ് പ്പടപൊരുതും!
നശിക്കട്ടെ മനുഷ്യന്മാർ! നശിക്കട്ടെ മർദ്ദനങ്ങൾ!
ജയിക്കട്ടെ, മാച്ചികുലം മഹിതസംഘം!!"

പി. കെ. എൻ.



അസ്സെസ്സറുടെ അഭിപ്രായം.

'പ്രതി കുറക്കാരനാണോ?' എന്ന കോടതിയുടെ ചോദ്യത്തിനുത്തരമായി അസ്സെസ്സർ: "'ച്ചാൽ കുറക്കാരനല്ലെന്ന് പറയാൻ വയ്യ; ആണെന്നും അങ്ങട്ട് പറഞ്ഞുകൂടാ. കോടതിതന്നെ കായ്യം തീച്ചപ്പെടുത്തുന്നതാണ് നല്ലത്. നിയമോം മറ്റും ശ്രീ പഠിച്ച കൂട്ടത്തിലല്ലേ? കൈക്കുളി തിരെയ'ല്ലെന്നാ പൂമേക്ക് കേംവി. അതുകൊണ്ട് കോടതിയുടെ തീർപ്പ് എന്തായാലും നമുക്ക് സമ്മതാ!'

സർ സി. പി. യ്ക്ക് ഒരു തുറന്ന കത്ത്.

ധീരാത്മൻ,

ദിനംപ്രതി അങ്ങയുടെ ഭരണതന്ത്രമാകുന്ന കാളസർപ്പത്തിന്റെ നീളവും, തടിയും, വിഷവും, ക്രൌര്യവും, പകയും കൂടിക്കൂടി വരുന്നതിനെക്കുറിച്ച് സഞ്ജയൻ ചിരിയ്ക്കുകയോ, കരയുകയോ എന്താണ് ചെയ്യേണ്ടതെന്നു മനസ്സിലാകുന്നില്ല. മർദ്ദനംകൊണ്ട് ഈ ദുനിയാവിന്റെ ദീർഘദീർഘമായ ചരിത്രത്തിൽ നാളിതുവരെയായി, മനുഷ്യവർഗത്തിൽ ഏറ്റവുംഉശിരും മനുഷ്യംകെട്ട കൂട്ടരെക്കൂട്ടി, ഏറ്റവും സമർത്ഥന്മാരും, ധീരന്മാരുമായ ഭരണകർത്താക്കന്മാർക്കുപോലും തങ്ങളുടെ കാലിന്നടിയിൽ വളരെക്കാലത്തേക്ക് ഒതുക്കിനിർത്തുവാൻ സാധിച്ചിട്ടില്ലെന്ന് ഇതുയെല്ലാം പഠിച്ചിട്ടും, ഇതുയൊക്കെ ബുദ്ധിമുട്ടിയിട്ടും, ഇതുയധികം വയസ്സായിട്ടും മനസ്സിലാക്കാൻ സാധിക്കാത്ത അങ്ങയുടെ കല്ലുവെച്ച വങ്കത്തത്തെക്കുറിച്ചും, അത് അചിരേണ അനുഭവിയ്ക്കാൻ പോകുന്ന അതിഭയങ്കരമായ ബഹളിച്ചടിയെക്കുറിച്ചും ആലോചിക്കുമ്പോൾ എനിക്ക് ചിരിവരുന്നു. നേരെ മറിച്ച്, അങ്ങയുടെ ഭരണനയപ്പിശാചു ബാധിച്ച തിരുവിതാംകൂറിലെ പൌരന്മാർ താൽക്കാലികമായെങ്കിലും അനുഭവിയ്ക്കുന്ന നാനാതരം അവമാനങ്ങളും, ദേഹപീഡകളും, നഷ്ടങ്ങളും ഓർക്കുമ്പോൾ എനിക്ക് കരച്ചിലും വരുന്നു. ഈ രണ്ടു പ്രകടനങ്ങൾക്കും ആസ്പദങ്ങളായ വിരുദ്ധവികാരങ്ങളും, ഇങ്ങിനെ പരസ്പരം 'കാൻസൽ'

ചെയ്യകളഞ്ഞതിനാൽ, നിർവികാരമായ ഒരു ഭീകരശാന്തതയോടുകൂടിയാണ് സഞ്ജയൻ അങ്ങയെ വീക്ഷിക്കുന്നത്.


അതിലിടക്ക്, പ്രഭോ, എന്താണ് അവിടുന്നു പുതുതായി നിയമിച്ച സ്പെഷൽ പോലീസിനെപ്പറ്റി ചില കഥകൾ കേൾക്കുന്നത്? ഈ സ്പെഷൽ പോലീസുകാർ കോൺഗ്രസ്സിന്റെ അധീനത്തിലുണ്ടെന്നോ കോൺഗ്രസ്സുകാർ അഭിമാനിക്കുന്നതുപോലെയുള്ള 'ധമ്മടം മാരാണെന്നോ മറ്റോ ഒരു പ്രസ്താവന അവിടുന്നു ചെയ്തതായി പത്രങ്ങളിൽ വായിച്ച ഒരോർമ്മ എനിക്കുണ്ട്. ഇതവിടുന്ന് ഒരു പൊള്ളിഞ്ഞ ന്യായംക്ലാസ് ഫലിതമെന്ന നിലയിൽ തട്ടിമൂളിച്ചതാണെന്ന് ഞാൻ അനുമാനിക്കുന്നു. പണ്ട്, കോൺഗ്രസ്സുകാർ ബ്ലൂ ടീഷിന്യായിൽ കള്ളഷാപ്പ് പിക്കറിങ്ങു നടത്തിയ കാലത്ത് എന്റെ നേരിട്ടുള്ള അനുഭവത്തിൽപ്പെട്ട ഒരു കഥയാണ് ആ പ്രസ്താവന വായിച്ചപ്പോഴാണ് എന്റെ സ്മൃതിപഥത്തെ അധിരോഹണം ചെയ്തത്. ആ കഥ എന്റെ സ്വാമിജിക്കു കേൾക്കണമെങ്കിൽ, ഞാൻ പറയാം. ഒരു സ്ഥലത്ത്—തൽക്കാലം അതിനെ ചങ്ങലംപരണ്ടയെന്നു വിളിക്കുക—ഊണും ഉറക്കവും ഒഴിച്ച്, തടി പണയം വെച്ച്, ധീരാത്മാക്കളും, ആദർശസമ്പന്നന്മാരുമായ ചില യുവാക്കൾ ഒരു കള്ളഷാപ്പ് പിക്കറു ചെയ്യുകയായിരുന്നു. ഒരു ദിവസം രാത്രി ഏകദേശം പത്തു മണിയായപ്പോൾ പുറത്തേക്ക് പുറപ്പെട്ട, മേപ്പടി ഷാപ്പിൽനിന്ന്, മുഷിഞ്ഞ തോർത്തുമുണ്ടുകൊണ്ട് തലക്കെട്ടുധരിച്ച് അന്യോന്യം ചുമലിൽ കൈവെച്ചു ചാഞ്ചാടിയും, പാട്ടുകൾ പാടിയുംകൊണ്ടു ഒരുകൂട്ടം കണ്ണു കലങ്ങിമറിഞ്ഞ പുള്ളികൾ. അവരുടെ തലവൻ, കോൺഗ്രസ്പതാക പിടിച്ചുകൊണ്ട് നിൽക്കുന്ന ഒരു കുട്ടിവളണ്ടിയരുടെ അടുത്തുചെന്ന് അവന്റെ കഴുത്തിൽപിടിച്ച്, 'നീയാരാടാ ഇവിടെ നിൽക്കാൻ? പോടാ!' എന്നു പറഞ്ഞ് ഒരു തള്ളുകൊടുത്തു. അപ്പോൾ അടുത്തു നിൽക്കുന്ന ഒരാൾ 'ഹേ, ആ കുട്ടിയെ എന്തിനാണ് നിങ്ങൾ ദ്രോഹിക്കുന്നത്? അവൻ, ഒന്നുമില്ലെങ്കിൽ, ഒരു നല്ല കാര്യത്തിനു വേണ്ടി അവിടെ നിൽക്കുകയല്ലേ?' എന്നു കൂടിയനോടു ചോദിച്ചു. 'ഞങ്ങൾ ചെയ്യുന്നത് ചീത്ത കാര്യാണ് ആരെടാ പറഞ്ഞത്? അതു നല്ല കാര്യാണെങ്കിൽ ഇതും നല്ല കാര്യംതന്നെ. പിടിയെടാ അവനെ! ചവിട്ടെടാ അവനെ!' എന്നായിരുന്നു ആ മഹാരഥന്റെ മറുപടി!! സ്വാമി, ആ മഹാമനുഷ്യൻ, ഇന്നത്തെ സ്ഥിതിയിൽ, തിരുവിതാംകൂർ ദിവാനായിരിക്കുവാൻ, ഏതു നിലകൊണ്ടും, അർഹനായ ഒരാളാണെന്ന് ഞാൻ വിചാരിക്കുന്നില്ലെങ്കിൽ, അത്, വിവേകശൂന്യതക്ക് താൻ ആ സമയത്ത് കൂടിച്ച ബോധരഹിതനായിരുന്നുഎന്നുള്ള വസ്തുതയെങ്കിലും ന്യായമായ സമാധാനമായി ബോധിപ്പിക്കാൻ അർഹതയുള്ള അദ്ദേഹത്തെക്കുറിച്ചു സഞ്ജയന് തോന്നുന്ന ബഹുമാനാധിക്യംകൊണ്ടു മാത്രമാണേ!

'ദിവാൻ കി—ജേ!,' 'സർ. സി. പി. കി—ജേ!' എന്നാത്തുകൊണ്ടും, സ്റ്റേറ്റുകോൺഗ്രസ്സു നേതാക്കളെ 'പുലഭ്യം' ശകാരിച്ചുകൊണ്ടും, ഉത്തും, തള്ളും, കശപിശയും ഉണ്ടാക്കിയും, സ്റ്റേറ്റുകോൺഗ്രസ്സുയോഗങ്ങളും സമാധാനത്തോടുകൂടി സമ്മേളിക്കുന്നത് അസാധ്യമാക്കിത്തീർക്കുകയാണ് അങ്ങയുടെ 'ധമ്മടംമാരു'ടെ പ്രധാന ജോലിയെന്ന് ഇവിടെ കിട്ടിയ അനേകം റിപ്പോർട്ടുകളിൽനിന്ന് സഞ്ജയൻ മനസ്സിലാക്കുന്നു. അങ്ങെയ്ക്ക്, അങ്ങയുടെ സ്വന്തം സൃഷ്ടികളായ ഈ പൈശാചികപ്പട 'കീ—ജേ' വിളിക്കുന്നതിൽ ഇങ്ങാക്കും ആക്ഷേപമോ, അസൂയയോ ഇല്ലെന്ന് ആദ്യമായി ബോധിപ്പിച്ചുകൊള്ളട്ടെ! പക്ഷെ, അസഭ്യങ്ങളായ ശകാരങ്ങളും, തെമ്മാടിത്തവും, ഈ 'ധമ്മടംമാരു'ടേയും, അവരുടെ സൃഷ്ടാവും, സ്വാമിയുമായ അങ്ങയുടേയും സ്വഭാവത്തെപ്പറ്റി എന്തൊരു വ്യാഖ്യാനമാണ് നൽകുന്നതെന്ന് ഞാൻ പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

സ്വാമി, അതിലിടയ്ക്ക് സ്വകാര്യമായി ഒരു സംഗതികൂടി ഞാൻ ചോദിച്ചോട്ടെ? അങ്ങയുടെ 'ധമ്മടംമാക്ക്,' അവർ മേല്പറഞ്ഞ വിധത്തിലുള്ള ധർമ്മക്കശപിശയുണ്ടാക്കുവാൻ പുറപ്പെടുമ്പോൾ, താളത്തിന്നൊത്തു പാടുവാൻവേണ്ടി കൊടുങ്ങല്ലൂർ ഭരണിക്കും ചേർത്തലപ്പൂരത്തിനും ഉപയോഗപ്പെടുന്ന മനോഹരഗാനങ്ങളുടെ കൈയെഴുത്തുപകർപ്പുകൾക്ക് തിരുവിതാംകൂർ സർക്കാർ പ്രസ്തുതഗാനവിഷയത്തിൽ പേരുകേട്ടവക്ക് സ്വകാര്യമായി സർക്കുലർ അയച്ചിട്ടുണ്ടെന്ന് കേട്ടു. ഇവിടെച്ചിലർ പറഞ്ഞുകേട്ട വിവരമാണ്—നേരല്ലെങ്കിൽ ശുണ്ഠിയെടുക്കരുത്. ശുണ്ഠിയെടുക്കുവാൻ യാതൊരവകാശവും അങ്ങെയ്ക്കില്ലതാനും: ആ വാർത്തയുടെ അനിഷേധ്യസംഭാവ്യത അതിന് പച്ചപ്പരമാർത്ഥത്തിന്റെ അന്തസ്സു കൊടുക്കുന്നുണ്ട്. കഷ്ടം, സ്വാമി! വയസ്സേറുന്തോറും ആളുകൾക്ക് വിവേകം വർദ്ധിക്കുമെന്നാണ് ഞങ്ങളൊക്കെ ഇതുവരെ മനസ്സിലാക്കിയിരുന്നത്. ആ വിശ്വാസവും അവിടുന്ന് നശീപ്പിച്ചു! അതു മാത്രമേ സഞ്ജയന്ന് ഒരു സങ്കടമുള്ളൂ!

എന്ന്, അങ്ങയുടെ വിധേയൻ,

പി. എസ്.



ചില പൊതുതെറ്റുധാരണകൾ.

കലക്ടർ കീഴ്ദ്യോഗസ്ഥന്മാക്ക് 'ബ്ലാക്ക് മാക്ക്' നൽകുന്നതെങ്ങിനെയെന്ന് ഒരു നാടൻ ഊഹിക്കുന്നു.


ചാപ്പനും ചേനനും.

അതിലിടയ്ക്ക്, ചേനന്റെ കാട്ടുകളിൽ ചാപ്പൻ കൈയേറ്റവും. കൊള്ളയും തുടർന്നുകൊണ്ടിരുന്നു. കഞ്ചാവു വലിച്ചു വശംകെട്ട ചേനന്റെ ആൾക്കാർ ഈ അക്രമത്തെത്തടയുവാൻ ശ്രമിക്കായ്കയല്ല; പക്ഷെ സാമർത്ഥ്യവും, ആയുധശക്തിയും അധികമുള്ള ചാപ്പന്റെ സൈന്യങ്ങൾ ആ പാവങ്ങളെ ആയിരക്കണക്കായി നിർദ്ദയം അരിഞ്ഞുതള്ളി.

അഖിലജീവജാലസഖ്യം പിന്നേയും അനേകം യോഗങ്ങൾ കൂടി. പിട്ടനും പഞ്ചനും, പൊന്നാനിയും ശങ്കിടിയുമായി, ചാപ്പന്റെ തോന്ന്യവാസത്തേയും, മൃഗീയതയേയും പഴിച്ചുകൊണ്ട് അനേകമനേകം ലോങ്ങൻ പ്രസംഗങ്ങളും ഉതിർത്തുവിട്ടു. ഈ പ്രസംഗങ്ങൾ നിമിത്തം, അവ കേട്ടവക്ക് മനം മടുപ്പല്ലാതെ, ചേനന്ന് വിശേഷിച്ചൊരു ഗുണമോ, ചാപ്പന്ന് വല്ല ദോഷമോ ഉണ്ടായില്ലെന്ന് ഞാൻ എടുത്തുപറയേണ്ടതില്ലല്ലോ.

അങ്ങനേയാണ് വലിയ അന്തസ്സോടും, ഗാംഭീര്യത്തോടും, ഗൌരവത്തോടും, ആടോപത്തോടുംകൂടി ആരംഭിച്ച അഖിലജീവജാലസഖ്യം, ഒടുക്കമാകുമ്പോഴെക്കും, ഒരു വെറും "ചിലക്കൽ സംഘ"മായി പരിണമിച്ചത്. പിട്ടനുകൂടി എങ്ങിനെയെങ്കിലും ഈ കമ്പിളിക്കെട്ട് വിട്ടോടിയാൽ മതിയെന്നായി; അത്രമാത്രം അത് ആളുകളുടെ പരിഹാസപാത്രമായിത്തീർന്നു; ഒരു നായും, പൂച്ചയും തമ്മിലുള്ള കലഹം തീർക്കുവാൻകൂടി സഖ്യത്തിന്ന് ഉശിരോ, ചൂണയോ, കൈയ്ക്കോ, കരളുറപ്പോ ഇല്ലെന്ന ദയനീയവസ്തുത ലോകമെങ്ങും പരന്നു. പക്ഷെ, ഇങ്ങിനെയൊക്കെയായിട്ടും, ഇതൊക്കെ നല്ലവണ്ണം അറിഞ്ഞിട്ടും. സഖ്യത്തിന്ന് യാതൊന്നും ചെയ്യാൻ കഴിയുകയില്ലെന്ന് തീച്ചയായതിനാൽ അതിനെ പിരിച്ചുവിട്ടിരിക്കുന്നു എന്ന് പ്രഖ്യാപനം ചെയ്ത് ഒരിടത്തടങ്ങിയിരിക്കുവാൻ പിട്ടന്നേറയും, പഞ്ചനേറയും ഉരഭിമാനം അവരെ സമ്മതിച്ചില്ല. സഖ്യത്തിൽ നിന്ന് ഏതെല്ലാം വേടപ്രമാണികളും ഒഴിഞ്ഞുനിന്നാലും തങ്ങളും അതിൽ അംഗങ്ങളായിരിക്കുന്നിടത്തോളം, അതിന്റെ ശക്തിയും, മേന്മയും ഒരിക്കലും കുറഞ്ഞുപോവുകയില്ലെന്നായിരുന്നു അവരുടെ നാട്യം!

എന്നാൽ ഈ നാട്യംതന്നെ അധികകാലത്തേക്ക് നിലനിർത്തിപ്പോരുവാൻ അവക്ക് കഴിഞ്ഞില്ല. പിന്നീട് സഖ്യത്തിന്റെ ചരിത്രത്തിലുണ്ടായ ഒരു പ്രധാനസംഭവം ആ നാട്യത്തിന്റേയും കഥ കഴിച്ചു. ആ സംഭവം ചെമ്മൻ കാണിച്ച ഒരു അക്രമമായിരുന്നു. അതിനെക്കുറിച്ച് ഞാൻ വേറൊരു ദിവസം പറയാം.



അരിവില ചാക്കിന്ന് 6ണ. കണ്ട് വർദ്ധിച്ചിരിക്കുന്നുപോലും. യൂറോപ്പിലെ വിഷമസ്ഥിതിയാണത്രെ കാരണം. മേപ്പടി വിഷമസ്ഥിതിയും നമ്മുടെ അങ്ങാടിയിലെ അരിയും തമ്മിൽ എന്താണ് ബന്ധമെന്നും, യൂറോപ്പിൽനിന്നാണോ അരി വരുന്നതെന്നും മറവും ചോദിച്ച് അരിക്കച്ചവടക്കാരോട് ഗുണിയെടുത്ത് കയറുവാൻ ആലോചിക്കുന്നവരോട്ട് സഞ്ജയൻ കൂടുതൽ കാക്കുവാൻ മാത്രമേ ഉപദേശിക്കുന്നുള്ളൂ. അപ്പോഴേ അവക്ക് മനസ്സിലാകും, യൂറോപ്യൻ രാഷ്ട്രീയസ്ഥിതിക്ക് അരിയുമായി മാത്രമല്ല, ഉപനാട്ടകളിൽ നട്ടനനച്ചുണ്ടാക്കപ്പെട്ട്, നമ്മുടെ നഗരങ്ങളിലെ മാർക്കറ്റുകളിൽ എത്തുന്ന വെണ്ടക്ക, വഴുതിനിങ്ങ, കയ്പക്ക, കുമ്പളങ്ങ, വെള്ളരിക്ക, കക്കിരിക്ക, പടവലങ്ങ മുതലായവയുമായിട്ടുള്ളടി വളരെ അടുത്ത ബന്ധമുണ്ടെന്ന്. കഴിഞ്ഞ യുദ്ധക്കാലത്ത് ഒരു മത്തന്ന് പതിവിൽ മൂന്നിരട്ടി വില ആവശ്യപ്പെട്ട വിടാൻ അങ്ങിനെ ചെയ്യേണ്ടിവന്നത് യുദ്ധംകൊണ്ടാണെന്നു പറഞ്ഞപ്പോഴും, ഒരു തറവാട്ടിൽ കാരണവർ 'ഹൂ, കഴുതേ! അ സംബന്ധം പറയുന്നോ? എന്തെടാ, വെള്ളക്കാരനിപ്പോഴും വല്യതോക്കിൽ ഉണ്ടക്ക പകരം മത്തൻ തള്ളിയിട്ടാണോ ജർമ്മൻകാരെ നേരെ വെടിവെക്കുന്നത്" എന്നു ചോദിച്ചിരുന്നുപോലും. മത്തൻ വിറ്റ കിട്ടുന്ന പൈസ്സ മത്തവ്യാപാരി അങ്ങിനെതന്നെ പൊടിച്ചു്, ചക്കരയുംകൂട്ടി ഭക്ഷിക്കുകയല്ലെന്നും, അതുകൊണ്ട് അയാളും അരിയും, കെസ്രാത്തെണ്ണയും, തുണിച്ചരക്കും, കുട്ടികൾക്ക് കടലാസ്സും, പെൻസിലും, കപ്പൽകയറി വരേണ്ടുന്ന വേറെ നൂറായിരം സാമാനങ്ങളും ആണ് വാങ്ങുവാൻ ഉദ്ദേശിക്കുന്നതെന്നും നമ്മുടെ കാർണോപ്പാട് മനസ്സിലാക്കിയില്ലെന്നേ അതിനർത്ഥമുള്ളൂ.

* * *

യൂറോപ്യൻകാര്യം വിഷമസ്ഥിതിയിലാണുള്ളതെന്ന് പറഞ്ഞുവല്ലോ. നമ്മുടെ ബ്രിട്ടീഷ് 'ശിങ്ക'ത്തിന്റെ 'കീപ്പറാ'യ നോബെൽസമാധാനസമ്മാനശ്രീ: ചേമ്പർലേൻ സായ്പവർകൾ റോമിലേക്ക് പറന്നുചെന്ന് മുസ്സോലിനിയുടെ കാലും, മൃണിക്കിലേക്ക് പറന്നുചെന്ന് ഹിറ്റ്ലരുടെ കാലും മാറിമാറിപ്പിടിച്ചുകൊണ്ട്, 'ശിങ്ക'ത്തെ, വെറും കൈയൊന്നോങ്ങുമ്പോഴേക്കുടി, 'പ്യോ, പ്യോ!' എന്ന് നിലവിളിച്ച്, പിൻകാലുകൾക്കിടയിൽ വാലൊളിപ്പിച്ച്, പരക്കംപാഞ്ഞു മറയുന്ന പട്ടിയെക്കാൾ ലോകത്തിന്റെ കണ്ണിൽ ആഭാസനാക്കിയെന്നല്ലാതെ, മറ്റു യാതൊരു നേട്ടവും ഉണ്ടാകുവാൻ പോകുന്നില്ലെന്ന് സഞ്ജയനും, സഞ്ജയന്റെ കവികളും ചിത്രകാരന്മാരും പ്രവചിച്ചതു് നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. കായ്വും അങ്ങിനെയൊക്കെത്തന്നെയാണ് വന്നുകൂടിയത് കയ്മളേ! യൂറോപ്യൻ പത്രങ്ങളും, അമേരിക്കൻ പത്രങ്ങളും, ഇന്ത്യൻ പത്രങ്ങളുമൊക്കെ, ഏറ്റവും പ്രധാനസ്ഥലത്ത് വലിയ വെണ്ടക്കയെക്കുടി ബഹളരം പിന്നിലാകുന്ന വലിയ കൂച്ചാണ്ടൊട്ടപ്പിലുള്ള തലക്കെട്ടുകളോടുകൂടി, ഫോട്ടോപ്പകർപ്പെടുത്തു് ചേർത്തിരുന്ന ആ ചരിത്രപ്രധാനമായ മൃനിങ്കു സന്ധിക്കാർ നിങ്ങൾക്ക് ഓർമ്മയുണ്ടോ? യൂറോപ്യൻ രാഷ്ട്രീയവഴക്കുകൾ തീർക്കുന്നതിന്നു ഉത്തമമായ മാർഗ്ഗം ബലപരീക്ഷയല്ല, കൂടിയാലോചനയാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു എന്ന ഗംഭീരപ്രസ്താവനയായിരുന്നു ആ സന്ധിവചിതയുടെ പുണ്യഗർഭത്തിലുണ്ടായിരുന്നതു്. ആരായിരുന്നു ഈ സംഗതി വഴിപോലെ ബോധിച്ച പുള്ളികൾ? ഒന്ന് —

ജർമ്മൻ സർവ്വാധിപതി ഹെർ അഡോൾഫ് ഹിറ്റ്ലർ അവർകൾ; രണ്ട്—ബ്രിട്ടീഷു പ്രധാനമന്ത്രി മിസ്റ്റർ നെവിൽ ചേമ്പർലെയ്ൻ അവർകൾ! ഹാ, എന്തൊരാനന്ദം! യൂറോപ്പിൽ 'ബഹുളബുദ്ധിമത്ത'യായ തങ്ങളുടെ പ്രധാനമന്ത്രിയുടെ സാമർത്ഥ്യത്താലും, നയവൈദഗ്ധ്യത്താലും, സമാധാനം, ഇനി ധരണി കല്പാന്തമോളമെത്തിൽ കളിക്കുന്നതുവരേയും, ഇളകാത്തവിധത്തിൽ ജെല്ലിയിട്ട് ഉറപ്പിച്ചുപോയെന്ന് ബ്രിട്ടനിലെ വങ്കശിരോമണികൾ മുഴുവൻ ആത്മവിളിച്ചു തുള്ളിച്ചാടി.

"പിഞ്ഛരിക കൊണ്ടുള്ള ജാലംകണക്കു നാം
കൺചീമ്മുംമുന്നിലിക്കാര്യം തീർന്നു!"

എന്ന് മഹാകവി ഉള്ളൂർ പറഞ്ഞപോലെ ആ സന്തോഷലഹരിയുടെ മൂർദ്ധന്യതയിൽ നോബൈൽ സമാധാനസമ്മാനം നമ്മുടെ ചേമ്പർലെയ്ൻറെ (പാവം!) പിരടിക്ക്, അദ്ദേഹം വേണ്ടെന്നു പറഞ്ഞൊഴിയുവാൻ ഭാവിച്ചാൽപ്പോലും വിടാതെ, ബലാൽക്കാരമായി വെച്ചുകെട്ടുവാൻ പോലും അവർ തീർച്ചപ്പെടുത്തി.

* * *

ജർമ്മനി ഈ കോലാഹലമൊക്കെ കേട്ടപ്പോഴും, വലിയ ഒച്ചപ്പാടുണ്ടാക്കാതെ, അവിടേയും ഇതിനെക്കുറിച്ച് സന്തോഷം തന്നേയാണുള്ളതു് എന്നു കാണിപ്പാൻ വേണ്ടി, മൗനിച്ചിരുന്നു. അങ്ങിനെ മൗനിക്ക് കരാർ, ഇംഗ്ലീഷു പഴഞ്ചൊല്ലുകാരൻ പറയും പോലെ, 'ഒരൊമ്പതു ദിവസത്തെ അത്ഭുത'മായി യൂറോപ്യൻ രാഷ്ട്രീയാന്തരിക്ഷത്തിൽ പ്രകാശധോരണി വീശിക്കൊണ്ട് പാറിപ്പറന്നു പരിലസിച്ചു. എന്നിട്ടോ കയ്യുളേ? .....

'ഇത്ഥം വിചിന്തയതി കോശഗതേ ദ്വിരേഫേ
ഹാ, ഹന്ത, ഹന്ത! നളിനീം ഗജ ഉജ്ജഹാര'

എന്ന് സംസ്കൃതാലങ്കാരികൻ പറഞ്ഞതുപോലെ, ആ ഗർഭം ക്രൂരമായ രീതിയിൽ അലസിപ്പോയി. ജർമ്മൻ സർവാധിപതി ബൂട്ടണിഞ്ഞ കാലുകൊണ്ടു സന്ധിഗർഭിണിയുടെ ഒത്ത നടുപ്പുറത്തു നൂറുകുതിരശ്ശക്തിയോടുകൂടി ഒരൊറ്റച്ചവിട്ടു പാസ്സാക്കിയതിൻറെ ഫലമായി, അലസിപ്പോയി. കരാറിൻറെ പകുപ്പുചീട്ടു വത്തമാനക്കടലാസ്സുകളുടെ വിറ്റഴിയാത്ത പ്രതികൾ ഏജണ്ടുമാർ പത്രമാപ്പീസ്സുകളിലേക്കു തിരിച്ചെത്തിക്കുന്നതിനു മുമ്പായി, ഹിറ്റ്ലർ ചെക്കോസ്ലോവാക്യ മുഴുവൻ,നമ്മുടെ നോബൽ സമാധാനസമ്മാനശ്രീമാനോട് യാതൊരു കൂടിയാലോചനയും നടത്താതെ, ഇടവും വലവും നോക്കാതെ, ഒരൊറ്റച്ചാട്ടത്തിന്നു വായിലാക്കി, പതുക്കെ മടയിലേക്കു തിരിച്ചു: ആരും കാണാതെ ചാടി; എല്ലാവരും കാണേ തിരിച്ചു!

'രക്ഷിപ്പതിനുണ്ടൊരുത്തനവനെക്കൊന്നീൽ
തൽക്ഷണേ കൊന്നുകളഞ്ഞാലുമാശു നീ!
രക്ഷോവരനാകിലും, ദേവനാകിലും,
യക്ഷനെന്നാകിലും, ഗന്ധർവനാകിലും,
ഹന്തവ്യനില്ലൊരു സംശയമേതുമേ
ചിന്തിക്കവേണ്ടാ, വിരയേ വരിക നീ!'

എന്ന ദേവീമാഹാത്മ്യത്തിലെ ഹെർ സുംഭാസുരൻറെ ആജ്ഞപോലെയുള്ള ഒരാജ്ഞയോടുകൂടിയാണ് ഹെർ ഹിറ്റ്ലർ ചെക്കോസ്ലോവാക്യയുടെ നേരെ ആളെ വിട്ടതു്. തൻറെ വഴി മുടക്കുവാനൊരുങ്ങുന്നവൻറെ മാറു ചീന്തിപ്പിളർന്നു ചൂടു നിണം കുടിച്ചേ താനടങ്ങുകയുള്ളൂ എന്ന ഭാവം തീപ്പൊരി ചിന്നുന്ന കണ്ണുകളിൽ സ്ഫുരിപ്പിച്ചുകൊണ്ട്, ഇരയെ കടിച്ചു തൂക്കി, 'കേസരി' പണ്ടു പറഞ്ഞതുപോലെ, 'അറുണ്ടാണ്ട്, മുറണ്ടോണ്ട്" സാക്ഷാൽ നരിയമ്മാമൻ കാട്ടിൽക്കുടിപ്പോകുന്ന പോക്കു നിങ്ങൾക്കു സങ്കല്പത്തിൽ കാണ്മാൻ കഴിയുന്നുണ്ടോ? അങ്ങിനെയാണ്, ആധുനികയൂറോപ്പിലെ ഹെർ നരിയമ്മാൻ ചെക്കോസ്ലോവാക്യയെ വായിലാക്കിത്തിരിച്ചതു്. അത്ഭുതമാണോ,

'ക്ഷുത്ക്ഷാമോപി, ജരാനിതോപി, ശിഥില—
പ്രായോപി, കഷ്ടാൻദശാ—
മാപന്നോപി, വിപന്നദീധിതിരപി
പ്രാണേഷു നശ്യത്സ്വപി'

എന്ന് ഭർത്തൃഹരി വർണ്ണിച്ച പ്രായത്തിലെത്തിയിരിക്കുന്ന ബ്രിട്ടീഷ്സിംഹം, മകരത്തണുപ്പിൽ പച്ചവെള്ളത്തിൽച്ചെന്നു ചാടിയ പൂച്ച വിറയ്ക്കുംപോലെ, നിന്നു വിറച്ചതോ!

* * * *

ചെക്കോസ്ലോവാക്യ പിടിച്ചടക്കി ദിവസം പത്തു കഴിയുന്നതിനു മുമ്പ്, ഹെർ ഹിറ്റ്ലർ മെമലും പിടിച്ചെടുത്തു. അപ്പോഴും സമാധാനസമ്മാനശ്രീമാനോട് അനേഷിച്ചില്ല, അദ്ദേഹവുമായി യാതൊരു കൂടിയാലോചനയും നടത്തിയില്ല! നോക്കണേ, ധിക്കാരത്തിൻറെ ഒരു മൂപ്പ്! എന്നിട്ടും ബ്രിട്ടീഷു 'ശിങ്കം' കിടന്ന ദിക്കിൽനിന്ന്, വാരിഭാഗത്തെ എല്ലുകൊം മുഴുവൻ എണ്ണി

യെടുക്കുവാൻ സൌകര്യപ്പെടുന്ന രീതിയിൽ, ഒരു നീണ്ട, നീണ്ട നെടുവീർപ്പു വിട്ടതല്ലാതെ, യാതൊന്നും ശബ്ദിച്ചില്ല. എങ്ങിനെ ശബ്ദിക്കാനാണ്? അമേരിക്കയും, റഷ്യയും തന്നെ സഹായിക്കുമോ ഇല്ലയോ എന്നറിയാതെ മേലോട്ടു ചാടിയെങ്കിൽ, 'ശിങ്കു'ത്തെ പിറേറ ദിവസം കഴകനും, കാക്കയും കൊത്തിവലിക്കുന്നതു കാണാം. അതുതന്നെ! അവരുടെ സഹായത്തിന്നിരക്കുകയാണെങ്കിൽ,

'ഇന്നതിനുണ്ടാം ചെറുതൊരുപായം
എന്നാലും പുനരുണ്ടൊരുപായം'

എന്ന് സംഗീതനൈഷധക്കാരൻ പാടിയതുപോലെ, അതിനെസ്സംബന്ധിച്ചുമുണ്ട് തെല്ലൊരു വൈഷമ്യം. അമേരിക്കയുടെ ഗണ്യമായ സഹായത്തോടുകൂടി 1918-ൽ ബ്രിട്ടനും, ഫ്രാൻസും ജർമ്മനിയെത്തോല്പിച്ച് ജയഭേരി മുഴക്കുന്ന കാലത്തിൽ, അമേരിക്കയാണ് ബ്രിട്ടനേയും, ഫ്രാൻസിനേയും ജയിപ്പിച്ചതെന്നോ മറേറാ അമേരിക്കക്കാർ പറഞ്ഞുപോയിരുന്നുവത്രെ. എന്റെ ഭഗവാനേ! അതിന്ന് അമേരിക്ക കേറംക്കേണ്ടിവന്ന പരിഹാസവും, ശകാരവും നിലച്ചിട്ട് ഏറെക്കാലമായിട്ടില്ല. അമേരിക്കയുടെ 'സഹായ'ത്തെ പരിഹസിച്ചുകൊണ്ടുള്ള എത്ര ചിത്രങ്ങളാണ് 'പഞ്ച്' പത്രത്തിൽ വെളിപ്പെട്ടത്! എത്ര പദ്യങ്ങൾ! എത്ര ഉപന്യാസങ്ങൾ! എത്ര കഥകൾ! അന്നു വിചാരിച്ചിരുന്നത് ഇനി, ലോകാവസാനംവരെ, ജർമ്മനി ബ്രിട്ടനെതിരായി തലപൊക്കുകയില്ലെന്നും, അഥവാ, ജർമ്മനിയോ മറേറ വല്ലവരുമോ തല പൊക്കുകയാണെങ്കിൽത്തന്നെ, ബ്രിട്ടൻ അമേരിക്കയുടെ സാഹായ്യം അത്യാവശ്യമായിരിക്കുമെന്നുമായിരുന്നു. അപ്പോഴെക്കാണ് കാര്യമൊക്കെ, ആരും എണ്ണും പ്രതീക്ഷിക്കാത്ത വിധത്തിൽ, ഇങ്ങിനെ തിരിഞ്ഞുമറിഞ്ഞു ഗുലുമാലായിപ്പോയത്. ഇത്തവണ വീണ്ടും അമേരിക്കയുടെ പടിക്കൽ വെറുംകൈയോടുകൊണ്ട് പോയപ്പോൾ, അമേരിക്ക ബ്രിട്ടനോട് എന്തൊക്കെയാണ് പറഞ്ഞതെന്ന് ആരും അറിയുകയില്ല. സഹായിക്കുവാനാണ് തീച്ചപ്പെടുത്തിയതെങ്കിൽ സഹായിച്ചുകൊള്ളട്ടെ. പക്ഷെ, പണ്ട് അവമാനിച്ചതൊക്കെ മറന്ന്, പിന്നേയും സഹായത്തിന്ന് ആവശ്യപ്പെടുന്ന ബ്രിട്ടീഷു 'ശിങ്കു'ത്തോട് ഒന്നു രണ്ട് 'വാശാങ്കം' മര്യാദപടിയായി പറയുവാനുള്ള അധികാരം പി. എസ്സിനു കിട്ടേണ്ടിയിരുന്നു!.....പോട്ടെ!.....അതിനെപ്പറ്റി ഇനി ആലോചിച്ചിട്ട് പ്രയോജനമില്ലല്ലോ!

* * * *

റഷ്യയുടെ കാര്യത്തിലുമുണ്ട് അല്പമൊരു കുഴക്ക്. ആ രക്തരാക്ഷസൻ ആരുമായും ഇണങ്ങിവാൻ ഒരുങ്ങിയിട്ടില്ലാത്ത ഒരു സന്ദർഭമാണല്ലോ. ബ്രിട്ടീഷ് ശിങ്കത്തിന്നാണെങ്കിൽ ഫാസിസ്റ്റു വ്യാഖ്യാവും, സോവിയറ്റു ഭല്ലുകവും ഒരുപോലെ വജ്ജ്യന്മാരാണ്. താനൊഴികെ ബാക്കിയെല്ലാവരുടേയും ചോര ചിന്തിയേ ലോകത്തിലെ അസമത്വം പരിഹരിപ്പാൻ കഴികയുള്ളു എന്ന ഭ്രാന്തു തലക്കു കയറിപ്പിടിച്ച കരടിയെ എങ്ങിനെ അടുപ്പിക്കാനാണ്? കരടിയുടെ തുണയില്ലാതെ നരിയോടെതിർക്കുന്നതെങ്ങിനെയാണ്? ഏതായാലും, ജർമ്മനി ഇവരിൽ വല്ല രാജ്യവും പിടിച്ചടക്കുവാൻ ഭാവിക്കുകയാണെങ്കിൽ, ആ രാജ്യത്തെ സഹായിക്കുന്ന കാര്യത്തിൽ അമേരിക്ക ബ്രിട്ടനേയും, ഫ്രാൻസിനേയും തുണയ്ക്കുമെന്നു തീച്ചയായിട്ടുണ്ടെന്നാണ് റോയ്ട്ടർ അറിയിക്കുന്നത്. റഷ്യയെപ്പറ്റി ഒന്നും പറഞ്ഞു കാണുന്നുമില്ല. പക്ഷെ ജാപ്പാൻ ഫാസിസ്റ്റു ശക്തികളുടെ തുണയ്ക്കുകയാണെങ്കിൽ, കരടി അനങ്ങാതിരിക്കുമെന്നു വിശ്വസിച്ചുകൂടാ. അങ്ങിനെയാണെങ്കിൽ, പണ്ടത്തെ ദേവാസുരയുദ്ധങ്ങളൊക്കെ പറന്നു പമ്പ കടക്കുന്ന രീതിയിലുള്ള ഒരു മഹാഭയങ്കരലോകസമരമാണ് അടുത്തുണ്ടാകാൻ പോകുന്നതെന്നു മാത്രം പറയാം. അതോടുകൂടി ബോമ്പുകളേയും, മെഷീൻതോക്കുകളേയും ഈസ്സിവാരമാക്കി കെട്ടിപ്പൂട്ടിപ്പൊക്കിയിട്ടുള്ള പാശ്ചാത്യസംസ്കാരമഹാസൌധം അമ്പെത്തകന്നു നിലം പതിക്കുന്നതും കാണാം. സഞ്ജയനെസ്സംബന്ധിച്ചിടത്തോളം, പ്രസ്തുതസംസ്കാരത്തിന്റെ ഏവംവിധമായ അന്തർദ്ധാനത്തെക്കുറിച്ചു ചെലവാക്കുവാൻ ഒരൊറ്റ ദീർഘനിശ്വാസമോ, ഒരൊറ്റത്തുള്ളിക്കണ്ണുനീരോ ഇങ്ങുണ്ടെന്നു ആരും തെറ്റിദ്ധരിച്ചുപോകരുതേ! അവരുടെ സാമ്രാജ്യാധിപത്യവും, ഫാസിസവും, കമ്മൂനിസവും തമ്മിൽ മുട്ടിയുടഞ്ഞ് ഏത് ശ്മശാനത്തിൽ പരസ്പരം നശിപ്പിക്കുന്നുവോ, ആ മുഹൂർത്തംതൊട്ടു മാത്രമേ, മൃഗത്തിന്റെ പദവിയിലേക്കുള്ള മനുഷ്യന്റെ പരിണാമഗതിയിൽ അവൻ ഒരംഗുലമെങ്കിലും മേല്പോട്ടു പൊന്തിയെന്ന് അഭിമാനിച്ചുകൂടൂ. സിംഹവും, നരിയും, കരടിയും, ചെന്നായയും അന്യോന്യം കടിച്ചു ചീന്തുവാൻ വട്ടം കൂട്ടുമ്പോൾ ആക്രമിക്കേണ്ടിയാണ് നോക്കിനിൽക്കുന്ന മനുഷ്യൻ പ്രാർത്ഥിക്കേണ്ടത്? ആരു

ടെ വിജയത്തിലാണനുമോദിക്കേണ്ടത്? ആരുടെ പരാജയത്തിലാണ് അനുശോചിക്കേണ്ടത്? 'അശോച്യാനന്വശോചസ്ത്വം'! നമ്മുടെ നിണക്കൊടിസ്സഖാക്കൾ ആർത്തുവിളിക്കുംപോലെ, 'നശിക്കട്ടേ! നശിക്കട്ടേ!'—പിശാചിന്റെ കൈകൊണ്ടു പിശാചും, രാക്ഷസന്റെ കൈകൊണ്ടു രാക്ഷസനും, മൃഗത്തിന്റെ നഖങ്ങളും ദംഷ്ട്രകളുംകൊണ്ട് മൃഗവും, മെഷീൻതോക്കുകൊണ്ട് മെഷീൻതോക്കുകാരും, ബോമ്പേറകൊണ്ടു ബോമ്പേറുകാരും, വിഷവാതകംകൊണ്ടു വിഷവാതകം പ്രയോഗിക്കുന്നവരും നശിച്ച്, ഹിംസയുടെ അധ്യാത്മയും, മാഹാത്മ്യവും ലോകത്തിന്റെ തുറന്ന കണ്ണുകൾക്കു മുമ്പാകെ തെളിഞ്ഞു കാണപ്പെടട്ടെ!

* * * *

പുകയിൽ കുടുങ്ങിയ പെരുച്ചാഴികളെപ്പോലേയാണ് രാജക്കോട്ടവെച്ച് നടന്ന മഹാത്മജിയുടെ ഉപവാസത്തിനു ശേഷം നമ്മുടെ നാട്ടുരാജാക്കന്മാർ കിടന്നു വട്ടംതിരിയുന്നത്. അവക്കെന്താണ് ചെയ്യേണ്ടതെന്ന് വിവരമില്ല! നാട്ടുകാരിൽ മുക്കാലെ അരക്കാൽ ഭാഗവും പട്ടിണിത്തീയിൽ എരിയുമ്പോഴും ലക്ഷക്കണക്കായി പവൻ ചെലവാക്കിക്കൊണ്ട് യൂറോപ്പിലും അമേരിക്കയിലും സക്കിറടിക്കുവാനും, അവിടങ്ങളിലെ നൃത്തശാലകളിലെ വേശ്യകൾക്ക് രത്നാഭരണങ്ങൾ സമ്മാനിക്കുവാനും, തിരിച്ചുവന്ന് കവിരാജന്മാരെക്കൊണ്ട് പിന്നേയും പണം വാരിക്കോരി ചെലവാക്കി ചികിത്സകൾ നടത്തിക്കുവാനുമുള്ള മഹനീയാവകാശം, നാട്ടുരാജ്യങ്ങളിലും ഉത്തരവാദിത്വത്തോട്ടുകൂടിയ ഭരണം നടപ്പാക്കുവാനുള്ള കോൺഗ്രസ്സ് തീപ്പിന്റെ ഫലമായി നഷ്ടപ്പെട്ടുപോയേക്കുമോ എന്നാണ് അക്കൂട്ടരുടെ ഭയം. മലകളിളകിലും മനമിളകാത്ത മഹാജനങ്ങളെന്ന് പേരെടുത്ത ശിവാന്മാരെ പുതുതായി നിശ്ചയിക്കുവാനും, നിലവിലുള്ളവരുടെ കാലാവധി നീട്ടുവാനും പഠിച്ച തന്ത്രങ്ങൾ പതിനെട്ടും പ്രയോഗിച്ച് അവർ ശ്രമിക്കുന്നതിന്റെ രഹസ്യവും ഈ ഭയത്തിൽത്തന്നേയാണ് ഒളിച്ചുകിടക്കുന്നത്. പൊന്നമ്പലസ്വാമിയാന്മാർ ചെയ്യുന്നതുപോലെ, പ്രസ്തുതരാജാക്കന്മാരിലോരോരുത്തന്റേയും മുഖത്തിനു മുമ്പാകെ ഒരു വലിയ കുടമണി നീട്ടിപ്പിടിച്ച് 'ണീം—ണീം', എന്നിളക്കിക്കൊണ്ട്, സാവധാനത്തിൽ, 'അപ്—ഫൻ—നേ— ടി—യ—പ—ണ— മോ—ശി—വ—രാ—മാ' എന്നു മോതിക്കേണ്ടുന്ന ഘട്ടമാണിത്. ഒരു തമാശയല്ലേ? അവരെന്താണ് പറയുക എന്നറിയാമല്ലോ?

വൈദ്യപണ്ഡിതി.


കമ്മ്യൂനിസപ്പെയിഗ്.

അഥ താമസചികിത്സാ.

താമസവകുപ്പിൽപ്പെട്ട കമ്മ്യൂനിസപ്പെയിഗ് അധികമായി ബാധിക്കുന്നതു നിരക്ഷരന്മാരും, ബാഹ്യലോകത്തെപ്പറ്റി യാതൊരു വിവരവുമില്ലാത്തവരുമായ തൊഴിലാളികളേയും കർഷകരേയുമാണെന്നു നിദാനത്തിൽ സൂചിപ്പിച്ചുകഴിഞ്ഞുവല്ലോ. ദാരിദ്ര്യപ്പിശാചിന്റെ വിടാപ്പിടിയിൽ കിടന്നു നരകിക്കുന്ന ഈ പാവങ്ങളെ ഹിംസയിൽക്കൂടിയും, മൃഗീയതയിൽക്കൂടിയും ഭ്രഷ്ടലോകസ്വർഗത്തിലെത്തിക്കാമെന്ന് നിണക്കൊടിരാക്ഷസൻ ചെന്നു ചെവിയിൽ മന്ത്രിക്കുമ്പോളാണ് അവർ രോഗബാധയുടെ ആദ്യലക്ഷണങ്ങൾ കാട്ടിത്തുടങ്ങുന്നത്.

ചികിത്സയെസ്സംബന്ധിച്ചിടത്തോളം, രാജസരോഗിയുടെ വിധിയുടെപ്പെട്ടതിൽനിന്നു തുലോം ഭിന്നമാണ് താമസരോഗത്തിനുള്ള ചികിത്സയെന്നു മൊത്തത്തിൽപ്പറയാം. അനുകമ്പാർദ്രമായ ഉപദേശവും, നേർവഴി കാട്ടിക്കൊടുക്കലുമാണ് ആചാര്യന്മാർ പ്രധാനമായി വിധിയുന്നത്. രോപ്പടി പ്ലെയിഗ് ബാധിച്ച കർഷകരേയും, തൊഴിലാളികളേയും അഹിംസാപദ്ധതി വിടാതെ തങ്ങളുടെ നാനാതരം അവശതകൾക്കു പരിഹാരം നേടുവാൻ പഠിപ്പിയുകയും, നിണക്കൊടിയെ നരകത്തീജ്വാലയെ എന്നപോലെ അകറ്റി നിർത്തുവാൻ ശീലിപ്പിയുകയും ചെയ്താൽത്തന്നെ രോഗത്തിനു വളരെശ്രമനം കിട്ടുന്നതാണ്. അടിമത്തവും, അസമത്വവും, ദാരിദ്ര്യവും ദൂരീകരിക്കുവാൻ റഷ്യൻ ചെന്നായ്ക്കളുടെ പ്രകൃത പങ്കിലമായ വഴി മാത്രമേ തുറന്നു കിടക്കുന്നുള്ളൂ എന്ന, രാജസരോഗികളുടെ ഉപദേശം മുഖേന തലച്ചോറിൽ വേരുന്നിപ്പിടിച്ച വിശ്വാസത്തെ ഉന്മൂലനംചെയ്യാൻ ചൂണ്ടിക്കാട്ടി സാവധാനത്തിൽ സമൂലം നീക്കം ചെയ്യാനും വൈദ്യൻ ശ്രദ്ധിക്കേണ്ടതാണ്.

താമസവിഭാഗത്തിലുള്ള രോഗത്തെസ്സംബന്ധിച്ചു കരുതേണ്ടുന്ന മറെറാരു പ്രധാനസംഗതി, രോഗലക്ഷണങ്ങൾ കാണപ്പെടുന്നതോടുകൂടി ചികിത്സയും ആരംഭിച്ചാൽ മാത്രമേ പൊരുതി കിട്ടുകയുള്ളൂ എന്നതാണ്. അജ്ഞതയും, അവശതയും ഒത്തുചേർന്ന മണ്ണിൽ ഭയങ്കരവേഗത്തോടുകൂടിയാണ് ഈ രോഗവിഷച്ചെടി വളരുക. അല്പം താമസിച്ചുപോയാൽ രോഗിയെക്കൂടി നശിപ്പിക്കാതെ രോഗത്തെ നശിപ്പിക്കാൻ അസാധ്യമാണെന്നുവന്നേക്കും.



വ്യത്യാസം!.

[പുരാതനകേരളചരിത്രത്തിലെ ഒരു പഴയ ഏട്]

പെരുമാൾ (ഭടന്മാരോട്, തടവുകാരെ ചൂണ്ടിക്കാണിച്ചുകൊണ്ട്):—കൊച്ചിക്കാരും തിരുവിതാംകൂറുകാരുമാണിവർ? അല്ലേ? എല്ലാം കാഴ്ചക്ക് ഒരുപോലെയിരിക്കുന്നവല്ലോ! എങ്ങിനെയാണിവരെ വേർതിരിച്ചറിയുക?

ഒരു ഭടൻ:—വളരെ വിഷമമാണ് തിരുമേനി! പക്ഷെ, നമ്മുടെ ഭടന്മാർ കണ്ടുപിടിച്ച ഒരു മാർഗം കുറെ ചെമ്പുകാശ് അവരുടെ ഇടയിലേക്ക് എറിയുകയാണ്: കൊച്ചിക്കാക്ക് പതിവായി ഒന്നും കിട്ടാറില്ല!

രാമസ്വാമി ശൊല്ലുറിറാർ!

(കേക.)

കിട്ടണം സ്വാതന്ത്ര്യമക്കോൺഗ്രസ്സി;
നെന്നാൽപ്പോരാ,
നാട്ടരാജ്യാധികാരം തട്ടണം:—
പോരേ പൂരം?

സ്വാതന്ത്ര്യമുട്ടർക്കു കിട്ടിയാ—
ലതുകൊണ്ടു
ചേതമീ നമുക്കേതുമില്ലെന്നു
വെക്കാം; —പക്ഷെ,
അന്വത കൊല്ലത്തോളം മല്ലിട്ട
നോക്കീട്ടെന്തു
ചേമ്പാണു കിട്ടിപ്പോയ—
തെന്നു നാം കാണുന്നില്ല!

മിണ്ടണ്ട, കൈവീശണ്ട, കോൺഗ്രസ്സു—
കാരേ, നിങ്ങടം—
ക്കുണ്ടെത്രമാത്രം വീര്യമെന്നു നാം
ചൊല്ലുന്നില്ല!
ആരെന്തു ഘോഷിച്ചാലും, സഞ്ജയൻ
ഭാഷിച്ചാലും
തോരക്കു വിട്ടീടുന്നോനല്ലഞാൻ;—
നോക്കിക്കോളിൻ!

വഞ്ചിയിൽക്കേറിക്കുടിപ്പേക്കുത്തു
കാട്ടാമെന്നു
വാഞ്ഛിച്ചു വങ്കന്മാരാം വല്ലോരു—
മെത്തിച്ചേന്നാൽ,
തപ്പലില്ല,വക്കുള്ള മൂക്കുക—
ളൊക്കെച്ചെത്തീ—
ട്ടപ്പിലീ രാമസ്വാമി പോട്ടിടും;
കേട്ടോ? കേട്ടോ?

സുബ്രഹ്മണ്യം.

സ ബാ ഷ് !

[പുതിയ കോലത്തിൽ ഒ

(രംഗം 3—ട

അർജ്ജുനൻ:—പലതും പ
ജ്യേഷ്ഠൻ കുറച്ചു കാലമായിട്ടേ
നി ഞാൻ കുറെ വാണുനോക്കി
ഷയമായി എനിക്ക് ഒരു പു
ണ്ട്. അത് നിങ്ങളുടേതിൽനി
ആ വഴിക്കു പോയാലേ നാട്ടിറ
ന്ന് എനിക്കു ബോധ്യമായിരിക
ണ്ട് നിങ്ങടം ഒഴിഞ്ഞുനിൽക്കു
ക്കെപ്പറഞ്ഞു.

കൃഷ്ണൻ:—നീ ശ്രുതിയെടുത്തുവേ

അർജ്ജുനൻ:—അല്പം.

കൃഷ്ണൻ:—ഛീ:—അതു വേണ്ടിയി
ത്യധർമ്മങ്ങടം ജയിക്കുമെന്ന് ഉറപ്പു
സത്യധർമ്മങ്ങടം നിങ്ങളുടെ ഭാഗത്താ
പ്പുണ്ടെങ്കിലും ശ്രുതിക്ക് പഴുതെവിടെ?

അർജ്ജുനൻ:—എനിക്ക് ശ്രുതി വന്ന
റഞ്ഞതുകൊണ്ടൊന്നുമല്ല. നാട്ടുകാക്കൊ
ധിഷ്ഠിരജ്യേഷ്ഠൻ ഭരിക്കുന്നതിലും അവിടു
ളുടെ ഉപദേഷ്ടാവായിരിക്കുന്നതിലും അതു
ണ്ടുള്ളതെന്നും, താൻ നാട്ടുകാരുടെ അഭിപ്രാ
വത്തിക്കുകയും, അവരെ തൃപ്തിപ്പെടുത്താൻ
യ്യുകയും മാത്രമാണ് ചെയ്യുന്നതെന്നും
ഹം എന്നോട് പറഞ്ഞു. കാര്യത്തിന്റെ ഉ
ള്ളുകടം മുഴുവനും അറിയുന്ന എന്റെ മു
നോക്കി ഇങ്ങിനെയൊരു പച്ചക്കളവു പറ
മെങ്കിൽ, കാര്യവിവരമില്ലാത്ത നാട്ടുകാരോട്
ദ്ദേഹം എത്രതന്നെ പറയാൻ മടിയ്ക്കുകയി
എന്നാണ് ഞാൻ ചോദിക്കുന്നത്. ഈ ഭയങ്ക
കാപട്യം—സോമരാജവംശത്തിൽ മുമ്പ് കേ
കേംവിപോലുമില്ലാതിരുന്ന വ്യാജലോലുപത—
മാത്രമാണ് എന്നെ അരിശം പിടിപ്പിച്ചത്.

സ ബാ ഷ് !

രു പഴയ നാടകം.]

ുടർച്ച)

റഞ്ഞു. 'യുധിഷ്ഠിര
നാട്ട വാഴുന്നു ഇ
ട്ട. രാജ്യഭരണവി
തിയ പരിപാടിയു
ന്ന് ഭിന്നമാണ്.
ാ നന്മയുള്ള എ
ുന്നു. അതുകൊ
നം'—എന്നൊ

ാ?

രുന്നില്ല. സ
ണ്ടെങ്കിലും,
ണെന്ന് ഉറ

ത് അപ്പ
ക്കെ യു
ന്ഞങ്ങ
ിപ്പിയാ
യംആ
ശ്രമി
അദ്ദേ
ള്ളുക
ുത്തു
യാ
അ
പ്പു
ര
ട്ട

കൃഷ്ണൻ:—അർജ്ജുന, അരിശംകൊണ്ട് ഇതുവ
രെ നാട്ടിന്നോ, നാട്ടുകാക്കോ, അവനവന്നെങ്കി
ലുമോ യാതൊരു നന്മയും ചെയ്വാൻ ആക്കെങ്കി
ലും കഴിഞ്ഞതായി പറഞ്ഞുകേട്ടിട്ടില്ല; നേരെ
മറിച്ച്, അതുകൊണ്ട് അത്യാപത്തുകടം അനേകം
വന്നുചേർന്നതിന്ന് വേണ്ടുന്നതിലധികം തെളിവു
ണ്ടതാനും. അതിരിക്കട്ടെ. നാട്ടുകാക്ക് ഒരേ്യാധ
നന്റെ വാഴ്ചയാണ് ഇഷ്ടമെങ്കിൽ, അതു അടു
ത്ത അവസരത്തിൽത്തന്നെ അവക്ക് കാണിക്കു
വാൻ അവസരം കിട്ടുന്നതാണല്ലോ! അതുവരെ
നമ്മടം ക്ഷമിയ്ക്കുക.

അർജ്ജുനൻ:—നാട്ടുകാക്ക് ന്യായവശരുടെ പ
ക്ഷപാതിയല്ല സ്വീകാര്യമായിത്തോന്നുന്നതെന്ന് അ
വർ തെളിയിച്ചുകഴിഞ്ഞതിന്നു ശേഷവും ഒരേ്യാധ
നൻ വാഴ്ചയൊഴിയുവാൻ ഭാവമില്ലെങ്കിലോ?

കൃഷ്ണൻ (മന്ദഹാസത്തോടുകൂടി) :—അക്കാര്യ
ത്തെക്കുറിച്ച് അപ്പോടം ആലോചിച്ചാൽപ്പോരെ?

അർജ്ജുനൻ:—മതിയാവായ്കയല്ല; പക്ഷെ നമ്മു
ടെ നയത്തെസ്സംബന്ധിച്ച് ഒരു തീർപ്പ് ഇപ്പോ
ടത്തന്നെ ചെയ്യുന്നതല്ലേ ഉത്തമമായിരിക്കുക?

കൃഷ്ണൻ:—ധനഞ്ജയ, നിന്റെ വിശ്വാസമി
ല്ലായ്കയേയാണ് ഈ ചോദ്യങ്ങടം തെളിയിക്കുന്നത്. എന്നെസ്സംബന്ധിച്ചിടത്തോളം, നാട്ടുകാരു
ടെ ഹിതത്തിന്നെതിരായി, സത്യധർമ്മങ്ങടം കൈ
വിട്ട ഒരുവൻ ചിരകാലം വാഴുക എന്നത് രണ്ടും
രണ്ടും കൂട്ടിയാൽ അഞ്ചുകിട്ടുക എന്നതുപോലെ
അസംഭാവ്യമാണെന്ന് ഞാൻ പൂർണ്ണമായി വിശ്വ
സിക്കുന്നു.....അതുമാത്രവുമല്ല, സത്യധർമ്മങ്ങടം
വെടിഞ്ഞവനാണ് രാജ്യത്തെ നയിക്കുവാൻ
പോകുന്നതെങ്കിൽ, അവന്നു പിന്താങ്ങായി നാ
ട്ടുകാരുടെ ഹിതം പൂർണ്ണമായി ഉണ്ടായാൽ കൂടി
അവൻ ജയിച്ചിട്ടില്ലെന്ന് ഞാൻ പറയും. അ
ങ്ങിനെ ഒരധർമ്മിയുടെ പിന്നാലേയാണ് നാട്ട
കാർ കൂടുന്നതെങ്കിൽ, ആ നാട്ടുകാർ നശിച്ചു
കൊള്ളട്ടെ! ലോകചരിത്രം പരിശോധിച്ചാൽ അ
ങ്ങിനെ അധർമ്മലോലുപത്വത്താൽ അധഃപതി
ച്ച്, എന്നെന്നേക്കുമായി നശിച്ചുപോയവരും,

ഒരു കാലത്ത് പരിഷ്കാരത്തിന്റെ കൊടുമുടിയിലെത്തിയവരെന്ന് അഭിമാനിച്ചിരുന്നവരുമായ മനുഷ്യവംശങ്ങൾ എത്രയോ ഈ ഭൂമിയിൽ ഉണ്ടായിരുന്നതായി കാണാം. അവരൊക്കെ എവിടെ? അധർമ്മത്തിന്മേലും, ഹിംസയിന്മേലും കെട്ടിപ്പൊക്കിയ അവരുടെ സാമ്രാജ്യങ്ങൾ എവിടെ? ഇന്ദ്രിയസംതൃപ്തിയെ മനുഷ്യന്റെ ഏറ്റവും ഉന്നതമായ ആദർശവും ലക്ഷ്യവുമായി സങ്കല്പിച്ച അവരുടെ സംസ്കാരങ്ങൾ എവിടെ?.....അതുകൊണ്ട്, ആ ദുശ്ശാസനന്റെ വിപ്ലവാട്ടഹാസങ്ങളോ, കർണ്ണന്റെ സമ്പദ്വിനിയമപദ്ധതിയോ, ദുര്യോധനന്റെ ദാംഭികപ്രജല്പനങ്ങളോ കേട്ട് നീ ഭ്രമിക്കേണ്ട. അവയുടെയൊക്കെ അടിയിൽ സത്യധർമ്മങ്ങളെ പുല്ലാക്കിത്തള്ളുന്ന അഹംകാരവും, ഡംഭവും, മാത്സര്യവും, നേതൃത്വതൃഷ്ണയും മാത്രമായിരിക്കുന്നിടത്തോളം, അവരുടെ പ്രസ്ഥാനം ഒരിക്കലും വിജയത്തിലെത്തിച്ചേരുകയില്ലെന്ന് നീ ഉറപ്പിച്ചുകൊള്ളുക. ഇതു ഞാൻ പറഞ്ഞതായി യുധിഷ്ഠിരനോടും, ഭീമനോടും പറഞ്ഞേക്കുക. നിങ്ങൾക്ക് സർവമംഗളങ്ങളും ഭവിയ്ക്കട്ടെ!

[അണിയറയിൽ കോലാഹലം. "ദുര്യോധൻ ബാബു കി–ജേ! വിപ്ലവം ജയിക്കട്ടെ! സബാഷ്, സബാഷ്!" എന്ന ആർപ്പുവിളികൾകൊണ്ട് അന്തരിക്ഷം മുഖരിതമാകുന്നു. കൃഷ്ണനും അർജുനനും പരസ്പരം നോക്കി മന്ദഹസിക്കുന്നു. കർട്ടൻ.]

ഭാര്യ:—നിങ്ങൾ എന്നെ വിവാഹം ചെയ്തപ്പോൾ നിങ്ങൾ എന്തും ചെയ്യാൻ കരളുറപ്പുള്ള ഒരു ധീരനാണെന്നായിരുന്നു ഞാൻ വിചാരിച്ചിരുന്നത്.

ഭർത്താവ്:—നീ മാത്രമല്ല; ഞാൻ നിന്നെയാണ് വിവാഹം ചെയ്യാൻ തീച്ചപ്പെടുത്തിയതെന്നു കേട്ടപ്പോൾ എന്റെ സ്നേഹിതന്മാർ മുഴുവൻ അതാണ് എന്നോടു പറഞ്ഞത്!

ഭിന്നിപ്പിന്നുത്തരവാദി ആർ?

കോൺഗ്രസ്സിൽ ഇപ്പോൾ ഉണ്ടായിട്ടുള്ള, അല്ലെങ്കിൽ ഉണ്ടായിട്ടുണ്ടെന്നു ചിലർ വിചാരിക്കുന്നതുമല്ലെങ്കിൽ ഉണ്ടാവാനിടയുണ്ടെന്ന്, വിപ്പെട്ടുന്ന, അതൊന്നുമല്ലെങ്കിൽ അതൊത്ത ഭിന്നിപ്പിന്റെ ഉത്തരവാദിത്വം ആരുടെമേൽ ചുമത്തണമെന്ന പ്രശ്നമാണ് ഇപ്പോൾ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി നേതൃത്വനേരിട്ടിരിക്കുന്നത്, അതിന്റെ ശ്രദ്ധയെ ചുവെച്ചിരിക്കുന്നത്, അതിന്റെ തല പുകക്കുന്നത്, ചോര നീരാക്കുന്നത് എന്നു സംശയമെല്ലാവരും അറിയുമോ എന്ന് അറിയുന്നില്ല. പ്രശ്നം മറവുവല്ലവരും ആലോചനക്കെട്ടുകുന്നതിനു മുമ്പായി, വലിയ വാദപ്രതിവാദങ്ങളും വഴക്കുകളും നടന്നതിനുമുമ്പായി, ആ ഭിന്നിപ്പിനു ഉത്തരവാദി കോൺഗ്രസ്സ് പാർട്ടിയല്ലെന്ന് പറയുവാൻ പാർട്ടിനേതൃത്വം തയ്യാറാകുകയും ചെയ്യുന്നു. എന്നു മാത്രമല്ല, ഈ ഭിന്നിപ്പിന്റെ ഉത്തരവാദിത്വം ചുമത്തേണ്ടത് കോൺഗ്രസ്സ് പ്രവർത്തകക്കമ്മിറ്റിയിൽനിന്നുകൂട്ടമായി രാജിവെച്ച പന്ത്രണ്ടു മെമ്പർമാരുടെമേൽ ആണെന്നതിലും പാർട്ടി നേതൃത്വത്തിനു സംശയമില്ല. പക്ഷെ, അരക്കില്ലത്തിൽ കിടന്ന് പാണ്ഡവന്മാർ ദഹിച്ചുപോയതുപോലെ, ഈ ചുമടിന്നടിയിൽ കിടന്നു ആ പന്ത്രണ്ടു പേർ ചതഞ്ഞ് ചമന്തിയായിപ്പോകില്ലയോ എന്ന സംശയത്തിൽ സംശയമില്ലെന്നുമില്ല. അങ്ങിനെ സംശയിക്കുന്നതിൽ ഇടതു വലതു കക്ഷി എന്ന ഭേദം ഞങ്ങളും വിചാരിച്ചിട്ടേ ഇല്ലെന്നു പ്രത്യേകം ധരിക്കേണ്ടതാണ്. ഇടതുവലതെന്ന പ്രശ്നം ഞങ്ങളുടെ മനസ്സിൽ കടക്കുകയോ, അതിന്റെ മുമ്പിൽ നടക്കുകയോ, അതിന്റെ കണ്ണുത്തുന്നടിക്കിൽ നിൽക്കുകയോ, അതിന്റെ ചെകിടെത്തുന്നടിക്കിൽ ഇരുന്നു മൂളുകയോ ഇതേവരെ ഉണ്ടായിട്ടില്ല. വലതുകക്ഷി എന്നു പറയാതെ, കൂട്ടമായി രാജിവെച്ച മെമ്പർമാർ എന്നു പറഞ്ഞതുതന്നെ ഈ ഇടതുവലതുമത്സരത്തിൽ ഞങ്ങൾക്ക് പങ്കില്ലെന്നു കാണിക്കുവാനാണെന്നു തലമണ്ടയുള്ളവർ മനസ്സിലാക്കാതിരിക്കയില്ല,

പൊരുത്തമില്ലാത്ത കക്ഷിക
നേതൃപരീതി ഉടൻ പോവാൻ
പറഞ്ഞതാരാണ്? ആ പറഞ്ഞ
ഭിന്നിപ്പുണ്ടാക്കണമെന്നല്ലേ? റ
പ്രസിഡെണ്ട് സ്ഥാനത്തിനു
ൽതന്നെയും പൊരുത്തക്കേട്
സ്സ് നേതൃത്വത്തിൽ ചേരു
വെന്ന് തീർച്ചയല്ലേ? അത
ഇപ്പോഴാകട്ടെ, അതു നിശ്ച
ചാരിച്ച മാതിരിയിലും വരു
ല്ലെന്നു മാത്രം. എന്താണീ
ന്തിനാണിതൊക്കെ കല്ല
ക്കുന്നത്?

അവർ പറയുംപോലെ
ഹിംസയും, അവർ സത്യ
ന്നെന്നുതന്നെ വിചാരിക
അവരോട് പൊരുത്തമു
ള്ള നേതൃത്വത്തിൽ റ
ഇന്ന് പകരമായി
ൽ, കോൺഗ്രസ്സി
ത്ത സ്വീകരിക്കുന്ന
ത്തിൽ പങ്കെടുക്കാ
തം കക്ഷിയുടെ അ
ാനം പ്രവൃത്തിയിൽ
മുഖ്യമായിരിക്കുകയും
വിശ്വാസപ്രമാണ
ഒരു പൊരുത്ത
ലോചിക്കേണ്ടതേ
ഹിംസയുടേയൊ
ന്നതിനും, പ്രവൃത്ത
ന്ന എല്ലാ സ്വാ
അനുവദിക്കുന്നത
സയുടേയും സിദ്ധ
ന്നും പ്രവൃത്തിക
സ്വാതന്ത്ര്യവും,
അനുവദിച്ചാൽ
രത്തെ ഇരുകൂ
യും ചെയ്യാം.
പദ്ധതിയുടേ
ജായത്തത
ച്ചത്!

ള കൂട്ടിച്ചേർത്തുള്ള
പാടില്ല എന്നു
തിന്റെ അർത്ഥം
ുബാസ് ബോസ്
നിന്നിരുന്നില്ലെങ്കി
ള്ളവരെ കോൺഗ്ര
ിത്തുകയില്ലായിരുന്നു
ല്ലേ ഭിന്നിപ്പിക്കൽ?
ുണ്ടുമായും അവർ വി
ത്തുവാൻ സാധിച്ചി
പ്പൊരുത്തക്കേട്? എ
ും നെല്ലും വേർതിരി

, ഞങ്ങടെ അസത്യവും
വും അഹിംസയും ആ
ുക. അവർ വാദിക്കുന്നു,
ളവക്കു മാത്രമെ കോൺ
ധാനമുണ്ടാകാവു എന്ന്.
ങ്ങടെ പറയുന്നതെന്തെ
ന്റെ വിശ്വാസപ്രമാണ
നുക്കും കോൺഗ്രസ്സ് നേതൃ
ം.അതോടുകൂടിത്തന്നെ സ്വ
ിപ്രായത്തെ പ്രചരിപ്പിക്കു
ം വരുത്തുവാനും സ്വാതന്ത്ര്യ
ചെയ്യാം. കോൺഗ്രസ്സിന്റെ
ത്ത സംബന്ധിച്ചല്ലാതെയു
ക്കേടിനെപ്പറ്റിയും നമുക്കാ
ില്ല. സത്യത്തിന്റെയോ അ
സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കു
ികളെ നടത്തുന്നതിനും വേണ്ട
ന്ത്യങ്ങളും ഞങ്ങടെ അവർക്ക്
ാണ്. അസത്യത്തിന്റെയും ഹിം
ധാന്തങ്ങളെ പ്രചരിപ്പിക്കുന്നതി
ളെ നടത്തുന്നതിനും വേണ്ടുന്ന
സൌകര്യവും അവർ ഞങ്ങടെക്കും
ു മതി. പൊതുശത്രുവോടുള്ള സമ
ട്ടർക്കും ഒത്തൊരുമിച്ചു നിയിക്കുക
യോജിപ്പിന്ന് ഇതിലധികം നല്ല
ോ? എത്രമാത്രം പ്രായോഗികം? പ്ര
ത്തിന്ന് എത്രമാത്രം അനുസരി

ഇതിലുമധികം വിട്ടുവീഴ്ചകൾ ചെയ്യാനും ഞങ്ങടെ തെയ്യാറാണെന്ന് വ്യക്തമാക്കിയിരുന്നു. കോൺഗ്രസ്സ് നേതൃത്വത്തിൽ ഭൂരിപക്ഷം ഇടതുപക്ഷിക്ക് വേണമെന്ന് വാദിച്ചത് റോയി പക്ഷക്കാരായിരുന്ന ഞങ്ങടെ അല്ല. ബോസ്സിന്നു പ്രസിഡണ്ടു സ്ഥാനം കിട്ടിയതുകൊണ്ടു് അങ്ങിനെ വാദിക്കുവാൻ തന്നെ ന്യായമുണ്ടു്. എന്നാലും, ഞങ്ങടെ ഭൂരിപക്ഷം വേണമെന്നുകൂടി പറഞ്ഞിട്ടില്ല. ഇപ്പോഴുള്ളതിൽ കുറച്ചധികം പ്രാതിനിധ്യം ഉണ്ടായാൽമതി. ഭൂരിപക്ഷം അവർക്കുതന്നെ ആയിക്കൊള്ളട്ടെ. അങ്ങിനെയായാൽ ഞങ്ങടെക്കു വേറൊരു സൌകര്യംകൂടിയുണ്ടു്. ആവേശജനകവും, അതേ സമയം അപ്രായോഗികവും ആയ വല്ല പ്രമേയവും അവതരിപ്പിക്കുന്നതിലുള്ള ശ്ലാഘ്യത ഞങ്ങടെക്കെടുക്കുകയും പാസ്സാകാത്തതിനുള്ള കുറ്റം അവരുടെ മേൽ വെക്കുകയും ചെയ്യാമെല്ലോ. എന്നാൽ, അവരുടെ ശാഠ്യം റോയിപക്ഷക്കാരെക്കൂടി കവച്ചുവെക്കുന്നതായിരുന്നു. അവർക്കു ഭൂരിപക്ഷമായാലും പോര. കോൺഗ്രസ്സ് പ്രവർത്തകക്കമ്മിറ്റിയിൽ അവർക്കില്ലാതെ, അവരോടു പൊരുത്തമുള്ളവർക്കില്ലാതെ, വേറെ ആർക്കും പ്രാതിനിധ്യം പാടില്ല എന്നവർ ശഠിക്കുന്നു. അതിനാൽ ഈ ഭിന്നിപ്പിന്റെ മുഴുവൻ ഉത്തരവാദിത്വവും അവരുടെ മേൽ ചുമത്തേണ്ടതാണ്.

ഞങ്ങടെക്കുവരോടു നൂറു ശതമാനം പൊരുത്തക്കേടുണ്ടെന്നുവന്നാലും അവരുടെ നില അനാശാസ്യവും, പ്രജായത്തതത്വവിരുദ്ധവും ആണ്. എന്നാൽ, ഞങ്ങടെക്കു അവരോടുള്ള പൊരുത്തത്തിന്റെയും, പൊരുത്തക്കേടിന്റെയും ശതമാനം ഞങ്ങളുടെ സ്വകായ്യഗണിതശാസ്ത്രപ്രകാരം കണക്കാക്കിയതു തൃപുരി സമ്മേളനാവസാനത്തിൽ ഞങ്ങളുടെ ഉപപ്രധാനനേതൃത്വം ചെയ്ത ഒരു പ്രസ്താവനയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് ഞങ്ങടെക്ക് തൊണ്ണൂറഞ്ചു ശതമാനം പൊരുത്തം, അതായത് സത്യവും അഹിംസയും; അഞ്ചു ശതമാനം മാത്രം പൊരുത്തക്കേട്, അതായത് അസത്യവും ഹിംസയും; ആണുള്ളതു്. ഞങ്ങടെ ഞങ്ങളുടെ തൊണ്ണൂറഞ്ചു ശതമാനം സത്യവും അഹിംസയും പൊക്കിപ്പിടിച്ച് യോജിപ്പിന്നായി ശ്രമിച്ചപ്പോൾ അവർ ഞങ്ങളുടെ അഞ്ചു ശതമാനം മാത്രമുള്ള അസത്യത്തേയും ഹിംസയേയും തോണ്ടിപ്പുറത്തെടുത്ത് ഭിന്നിപ്പിക്കുവാൻ ശ്രമിക്കുകയാണുണ്ടായതു്.

സാത്യകി.

സരിത്സംഗീതം.

(അന്നനട)

സരി ഗമ പധ, പധ നിസ നിസ
സരി സരി ഗമ സരിൽപ്രവാഹമേ,
ശരി, ശരി, ശരി:—സദാസമയത്തും
ചിരി, ചിരി:—നിന്റെ മതമതല്ലയോ?

അനുപമാനന്ദമരന്ദസാന്ദ്രമാ—
മനഘസുന്ദരവസന്തരാവിലും,
ചരാചരം സർവ്വമെരിപൊരിക്കൊള്ളും
കരാളകക്ശനിദാഹവൈലിലും,
ശരി, ശരി: നിനക്കൊരേ നയംതന്നെ:—
ചിരി, ചിരി:—അതു ചതുരതയല്ലീ?

അരുണനമ്പിയന്നണഞ്ഞു നിൻതനു
വിരുതൊടങ്ങിനെ തഴകിടുമ്പോഴും,
വിരക്തനാ,യവനപരപർവ്വത—
നിരയ്ക്കു ദ്വേഷയായ് മറഞ്ഞിടുമ്പൊഴും,
ഹരി,ഹരി! നിനക്കൊരേവിധമുള്ള
ചിരി,ചിരി!—അതു സുഖവഴിയല്ലീ?

അനുപദം നിനക്കധഃപതനമാ—
ണനുഭവം വിധി വിധിച്ചതെങ്കിലും,
ഒടുവിലുഗ്രനാം കടലടുത്തു നി—
ന്നുടലുനിർദ്ദയം വിഴുങ്ങുമെന്നാലും,
കളവതോരോരോ മിനിട്ടുമിങ്ങു നീ
കളകളം ചിരിച്ചലിഞ്ഞലിഞ്ഞല്ലീ?

സരി രിസ സാ സരി ഗമ ധനി
സരി സരി ഗമ സരിൽപ്രവാഹമേ,
ശരി, ശരി, ശരി: നമുക്കു രണ്ടാംക്കും
ചിരി മാത്രം മതി! മതി, മതി, മതി!!

മാധവജി.

പൂവ്വ് സ്മരണ.

'കാഞ്ഞിരക്കരു ക്ലിപ്പം' എന്നു പേരായ കമ്പനിയുടെ ഉടമസ്ഥൻ മിസ്റ്റർ കെ. എം. വെൽക്കുട്ട് (കെ. വേലുക്കുട്ടിമേനോൻ എന്നായിരുന്നു അയാളുടെ ആദ്യത്തെ പേർ) കത്ത് വായിച്ചുനോക്കി മുഖം ചുളിച്ച്, "ദ്രോഹം!" എന്നു പറഞ്ഞു. കത്ത് ഇതായിരുന്നു:—

ഗോപാലപുരം,
26_1_39.

പ്രിയസ്നേഹിതാ,

താങ്കൾക്ക് ക്ഷേമമെന്നു കരുതുന്നു. കോളേജ് വിട്ടതിന്റെ ശേഷം നമ്മൾ തമ്മിൽ കാണാൻ ഇടയായിട്ടില്ലെങ്കിലും അന്നുണ്ടായിരുന്ന മൈത്രീബന്ധത്തിന്ന് ഇന്നും ഒരു കറവു വന്നിട്ടില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. പിന്നെ എനിക്കൊരു കാര്യം പറവാനുണ്ട്. എന്റെ മകൻ കൃഷ്ണൻ ഇപ്പോൾ ജോലിയൊന്നും ഇല്ലാതെയിരിക്കുകയാണ്. താങ്കളുടെ കമ്പനിയിൽ വല്ല ഒഴിവും ഉണ്ടെങ്കിൽ അവനെ അവിടെ ചേർത്ത് കച്ചവടസമ്പ്രദായങ്ങൾ ശീലിപ്പിച്ചാൽ അത് എനിക്ക് വലിയൊരു ഉപകാരമായിരിക്കും.

പഴയ സ്നേഹിതൻ
സി. രാമൻനായർ.

മി. വെൽക്കുട്ട് താഴെ ചേർക്കുന്നപ്രകാരം മറുപടി അയച്ചു:—

'കാഞ്ഞിരഭവൻ'
പത്രാസ്പുരി, 28_1_39.

ഡിയർ മിസ്റ്റർ രാമൻനായർ,

കത്ത് കിട്ടി. അത് വായിച്ചിട്ടും എനിക്ക് നിങ്ങളെപ്പറ്റി ഓർമ്മതോന്നാത്തതിൽ മുഷിയാതിരിപ്പാനപേക്ഷ. നിങ്ങളുടെ മകനെപ്പറ്റി പറഞ്ഞ കാര്യം കുറെ പ്രയാസമാണ്. കച്ചവടം ഇപ്പോൾ വളരെ മോശസ്ഥിതിയിൽ ആയതുകൊണ്ട് ഞാൻ 'കാഞ്ഞിരക്കരു ക്ലിപ്പ'ത്തിൽനിന്ന് ചിലരെയൊക്കെ ഇയ്യിടേയാണ് പിരിച്ചയച്ചത്. ഈ സ്ഥിതിയിൽ നിങ്ങളുടെ മകനുവേണ്ടി യാതൊന്നും ചെയ്യാൻ നിവൃത്തിയില്ലാത്തതിൽ എനിക്ക് അതിരറ്റ വ്യസനമുണ്ട്.

കെ. എം. വെൽക്കുട്ട്.

രാമൻ നായർ പിന്നെയും ഇപ്രകാരം എഴുതി:—

ഗോപാലപുരം,
29—1—'39.

പ്രിയസ്നേഹിതാ,

പഴയ ചങ്ങാതിയായ 'ശുക്ര'നെ ഓർമ്മയില്ലെന്ന് പറഞ്ഞതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. ബോർഡിന്മേൽ എഴുതിവെച്ചിരുന്ന കണക്ക് മാച്ചുകളഞ്ഞത് ആരാണെന്നറിവാൻ കുറുപ്പ് മാസ്റ്റർ ചൂരലുമായി വന്നപ്പോൾ അടി കൊള്ളാൻ ശക്തിയില്ലാത്ത താങ്കളെ രക്ഷിപ്പാൻവേണ്ടി ഞാനാണ് അത് ചെയ്തതെന്ന് പറഞ്ഞ്, പന്ത്രണ്ടടി ഞാൻ ഭേസിയത് താങ്കൾക്ക് മറന്നുപോയിട്ടില്ലെന്ന് വിശ്വസിക്കുന്നു. കൃഷ്ണനെ 'കാഞ്ഞിരക്കരു ക്ലിപ്പ'ത്തിൽ ചേർക്കാൻ നിവൃത്തിയില്ലെങ്കിൽ താങ്കളുടെ ഉത്സാഹത്തിന്മേൽ വേറെ വല്ല കമ്പനിയിലും എടുപ്പിച്ചാൽ നന്നായിരുന്നു.

സി. രാമൻനായർ.

മി. വെൽക്കുട്ടിന്റെ മറുപടി:—

'കാഞ്ഞിരഭവൻ'
പത്രാസ്പുരി, 1_2_'39.

എന്റെ പൊന്നു ചങ്ങാതി,

എന്നോടു മുഷിയരുതേ! 'സി. രാമൻനായർ' എന്നെഴുതിയതുകൊണ്ടാണ് എനിക്ക് ആളെ മനസ്സിലാകാതെ പോയത്. "ശുക്രൻ" എന്നു മാത്രം വെച്ചാൽ പോരെ? അന്നു നീ ഉണ്ടായിരുന്നില്ലെങ്കിൽ കുറുപ്പ് മാസ്റ്റർ എന്റെ പുറം പാളീസ്സാക്കുകയില്ലായിരുന്നുവോ? നാരായണ! അതൊക്കെ ഞാൻ മരിച്ചാലും മറക്കുമോ? പിന്നെ, കൃഷ്ണന്റെ കാര്യത്തിൽ ഒന്നും തരമില്ല. മറ്റുള്ള കമ്പനി ഡയരക്ടർമാക്കൊന്നും എന്നെ കണ്ടുകൂടാ. അസൂയ തന്നെ.

പ്രിയപ്പെട്ട
വേലുക്കുട്ടി.

രാമൻനായരുടെ കത്ത്:—

ഗോപാലപുരം,
3_2_39'.

സ്നേഹിതാ,

എന്റെ മകന്ന് ഏതെങ്കിലും കമ്പനിയിൽ ജോലി കിട്ടുന്നപക്ഷം 2,000 ഉറുപ്പിക അവന്നു

വേണ്ടി ജാമ്യം കെട്ടിവെപ്പാൻ ഞാൻ കുറെക്കാലമായി ഒരുക്കിവെച്ചിട്ട്. നിങ്ങൾക്ക് യാതൊന്നും ചെയ്യാൻ ദിവ്യത്തിയില്ലാത്തതിൽ ഞാൻ വ്യസനിക്കുന്നു. അതുകൊണ്ട് 2,000ക. യും കൊടുത്ത് അവനെ മൂന്നുദിവസത്തിനകം കൽക്കത്തക്ക് അയക്കാനാണ് ഞാൻ തീർച്ചയാക്കീട്ടുള്ളത്.

സ്വന്തം,
'ശുകൻ'

മി: വെൽക്കുട്ടിന്റെ മറുപടി:—

'കാഞ്ഞിരഭവൻ'
പത്രാസ്പുരി, 5_2_'39.

ഏറ്റവും പ്രിയപ്പെട്ട ശുകാ,

നിന്റെ കത്ത് കിട്ടിയ ഉടനെ എന്റെ കാഷിയക്ക് നല്ല സുഖമില്ലാത്തതിനാൽ ഞാൻ അയാൾക്ക് ആറുമാസത്തെ കല്പന അനുവദിച്ചിട്ടുണ്ട്. ആ ഒഴിവിൽ കൃഷ്ണനെ നിശ്ചയിക്കാൻ ഞാൻ തീച്ച യാക്കിയിരിക്കുന്നു. മറുള്ള കമ്പനികളിൽ പോയി അലയുന്നതിനേക്കാൾ നല്ലത് 'കാഞ്ഞിരകുരു ക്ലിപ്പ്'ത്തിൽ പ്രവൃത്തിയെടുക്കുകയാണ്. കൽക്കത്തയിൽ പല പകർച്ചവ്യാധികളും ഉണ്ട്. അതുകൊണ്ട് നമുക്ക് രണ്ടാൾക്കും ഒരുപോലെ പ്രിയപ്പെട്ട ആ കൊച്ചുബാലനെ ഒരിക്കലും അവിടെ അയക്കരുത്. 2,000ക.യുംകൊണ്ട് അവനെ വേഗം ഇങ്ങോട്ടയച്ചോളൂ.

പഴയ ചങ്ങാതിയായ
വേലുക്കുട്ടി.

രാമൻനായർ കത്ത് വായിച്ച് കണ്ണിൽ വെള്ളം നിറയുന്നത്വരെ ചിരിച്ചു. എന്നിട്ട് മി. വെൽക്കുട്ടിന്ന് ഇങ്ങിനെ മറുപടിയും അയച്ചു:—

ഗോപാലപുരം, 7_2_'39.

എടോ പഴയ ചങ്ങാതി,

എനിക്കൊരു മകനും ഇല്ല; എന്റെ കയ്യശും 2,000ക.യും ഇല്ല. നീ ഇപ്പോഴും പണ്ടത്തെ പിശുക്കനും ഒമ്മോഹിയും തന്നെയാണെന്ന് ഞാനും, അങ്ങിനെയൊന്നുമല്ലെന്ന് നമ്മുടെകൂടെ പഠിച്ചിരുന്ന രാഘവമേനോനും തമ്മിൽ ഒരു വാതുണ്ടായിരുന്നു. പന്തയം ഞാൻ നേടിയ വിവരം നിന്നെ അറിയിക്കുന്നതിൽ എനിക്ക് അതിരറ്റ സന്തോഷമുണ്ട്.

"ശുകൻ"

ഈ കത്ത് കിട്ടിയപ്പോൾ മി. വെൽക്കുട്ട് പറഞ്ഞ വാക്കുകൾ അച്ചടിക്കാൻ കൊള്ളാത്തവയാകയാൽ ഇവിടെ ചേർക്കുന്നില്ല.

എൻ. ജി.

കണ്ടൻ കണ്ടതു പറയുന്നു.

മുറ്റത്തുകൊല്ലം കരിപിടിച്ചഴുക്കും, കൈക്കോട്ടെടുത്തു കൊത്തിയും തഴമ്പുകെട്ടിയ കൈകളോടുകൂടിയ ഒരു സാക്ഷാൽ കർഷകനാണ് കണ്ടൻ. ഞങ്ങളും തമ്മിൽ ഇയ്യിടെ പലേ കാര്യങ്ങളെക്കുറിച്ചും സംസാരിച്ചതിനിടയിൽ, പ്രസംഗവശാൽ, കർഷകസംഘങ്ങളെപ്പറ്റിയും, നമ്മുടെ സോഷ്യലിസ്റ്റ് സഖാക്കളുടെ പ്രവർത്തനങ്ങളെപ്പറ്റിയും പറയേണ്ടിവന്നു. പെട്ടെന്ന്, വിസ്മയാവഹമായ ഒരാവേശത്തോടുകൂടി, കണ്ടൻ പ്രസംഗിച്ചുതുടങ്ങി—ആ പ്രസംഗമാണ് ഞാൻ താഴെ ചേർക്കുന്നത്. ഇതിൽ, കണ്ടൻ ഉപയോഗിച്ച കുതിരശ്ശക്തി അധികമുള്ള അനേകം ശകാരവിശേഷണങ്ങളെ ഞാൻ അവിടവിടേയായി വിട്ടിട്ടുണ്ടെന്നും, ഭാഷ അല്പമൊന്ന് മയപ്പെടുത്തീട്ടുണ്ടെന്നുമുള്ളതല്ലാതെ മറ്റു യാതൊരു മാറ്റങ്ങളും ഞാൻ ചെയ്തിട്ടില്ല; തീച്ചയായും, യാതൊന്നും കൂട്ടിച്ചേർത്തിട്ടില്ല.

"വന്നിരുന്നപ്പോളീ!"—കണ്ടൻ പറയുകയാണ്—'നാലാംജാമത്തിന്ന് പിറന്ന ആ ജന്തുക്കം രണ്ടെണ്ണം അവിടേയും വന്നിരുന്നു. 'കോങ്കറസ്സ്' ഗവമ്മേണ്ടിന്റെ ആളുകൾ വരുന്നുണ്ട്; നികുതിയൂ, പാട്ടവും ഒക്കെ വിടാനാണ് വരുന്നത്" എന്ന് മീത്തലെ ചാത്തുവും, കുന്നുമ്മലെ അമ്പൂട്ടിയും, പയങ്ങാടൻ കണാരനും ഒക്കെ എന്നോട് വന്നു പറഞ്ഞു. ഞങ്ങൾക്കൊക്കെ പെരുത്തു സന്തോഷായി.....മൂന്നുദിവസം അവരവിടെ പുളച്ചുകൂടി. എന്താ കൂട്ടുന്നതിന്ന്? സത്യയല്ലേ—രാവും പകലും സത്യ! പണ്ടൊക്കെ ഓണത്തിന്നും വിഷുവിന്നും ജന്മിയുടെ അടുക്കലേക്ക് കായും, തേങ്ങയും, ചക്കരയും, പഴക്കുലയും കെട്ടിയതുപോലെയാണ് ഈ പണ്ടങ്ങളെത്തീറാൻ ഞങ്ങൾ കെട്ടിയത്!"

"എന്നിട്ടോ, കണ്ടാ,"—ഞാൻ ചോദിച്ചു—"നികുതിയും, പാട്ടവുമൊക്കെ വിട്ടുകിട്ടിയോ?"

"നിങ്ങക്കല്ലോളീ കാറ്റ്! നികുതി വിടുന്നു! അവരെ.....ആര് വിട്ടുകിട്ടിയത്! രാവിലേയും വൈകുന്നേരവും അവരുടെ വക പ്രസംഗം ഉണ്ടായിരുന്നു. എന്നാലോ, അത് കേക്കണ്ടതു തന്ന്യാണേ! അയ്യയ്യയ്യ! നാവിന് എന്തൊരു കൊതാണ്!.....പറഞ്ഞതെന്തൊക്കെയാന്നോ. പറയാത്തതെന്തൊക്കെയാണ് ചോദിച്ചാമതി. ഏതോ അങ്ങൊരു രാജ്യത്ത് കൂടിയാന്മാരെല്ലാം കൂടി ജന്മികളെ തറച്ചുകളഞ്ഞിരിക്കുന്നുപോലും!

ഇപ്പോഴും അവിടെ പഴേ കുടിയാന്മാരെല്ലാം ജന്മികളാണെപോലും; അങ്ങിനെ ഇന്നാട്ടിലും വരുത്തണംപോലും; അവരുടെ കൈയിൽ ഒരിന്ത്യാച്ചി വരഞ്ഞിട്ടുള്ള ചോപ്പുകൊടി നിങ്ങളും കണ്ടിട്ടില്ലോളീ? അതു ആ ജന്മികളെത്തറച്ച നാട്ടിലെ കൊടിയാണപോലും. അതിന്റെ കീഴിൽ ഇവിടെയുള്ള കുടിയാന്മാരൊക്കെ സങ്കടിച്ചുനിന്നു ഒരു മന്ത്രം ചൊല്ലിയാൽ ആ രാജ്യക്കാർ ആകാശത്തിൽകൂടി പീരങ്കികളും മറവായി വന്ന് കുടിയാന്മാരെ സഹായിക്കുംപോലും.''

ഞാൻ:—എന്താണ്, കണ്ടോ, ആ മന്ത്രം? സ്വകായ്മാണോ?

കണ്ടൻ:—ഏ, സുകായ്യൊന്നുമല്ല. വയറിവേദനയുള്ള പട്ടി രാത്രി നിലവിളിക്കുമ്പോലെ ഉറക്കെ നിലവിളിച്ചുപറയുന്ന മന്ത്രാണ്. അന്ന് ഞാൻ പഠിച്ചിരുന്നു. ഇപ്പോഴ്മ്മ കിട്ടുന്നില്ല ആദ്യം പ്രസംഗിക്കാൻ വന്ന കൂട്ടത്തിലൊരുത്തൻ മുമ്പെ നടന്ന് എന്തോ ഒന്ന് വിളിച്ചുപറയും. 'ഇങ്ക്ളാപ്പ്'' എന്നോ മറേറാ ആണ്. അതു കേട്ടാൽ ബാക്കിയുള്ളോലെല്ലാം മന്ത്രം പറയണം. 'തീണ്ടാപ്പാട'' എന്നോ 'ചിണ്ടമ്പാട'' എന്നോ, എന്തോ എനിക്ക് നല്ല പിടിയില്ല. ഒരു 'പാട്' ഒട്ടവിലുണ്ട്. അതു പോട്ടെ. അവര് വന്നുപറഞ്ഞ നട്ടാപ്പൊടിക്കാത്ത കളവുകളെപ്പറ്റിയാ ഞാൻ വിചാരിക്കുന്നതു്. ഈ താലൂക്കിലെ നിലവും പറമ്പും മുഴുവൻ അവര് ആളോഹരിയായി വീതിച്ചുവെച്ചിട്ടുണ്ട്പോലും. സക്കാരിപ്പോഴും അവരുടെ സക്കാർതന്നെയാണെങ്കിലും അതിൽ കുറെ ജന്മിമാരും മറവും ഉണ്ടുപോലും. അതുകൊണ്ടാണുപോലും അവർ കോങ്കറസ്സിന്റെ കൊടി വിട്ട് ഈ ചോപ്പ് കൊടിയെടുത്തത്. പിന്നെ കോങ്കറസ്സിൽ അടിയും, പിടിയും, കഴുത്തുഞെരിക്കലും ഒന്നും പാടില്ലല്ലോ. ചോപ്പുകൊടി പിടിച്ചാൽ അതിനൊന്നും തരക്കേടില്ലപോലും. എന്തും ചെയ്യാന്നാ പറഞ്ഞത്. 'അപ്പോ, പോലീസ് വന്നാലോ, മൂപ്പരേ?' എന്ന് മീത്തലെ ചന്തു ചോദിച്ചു. 'എന്തു പോലീസ്? പോലീസൊക്കെ ഇനി നമ്മളം പറയുംപോലെ കേൾക്കും. ജന്മികളെ തച്ചാലും കൊന്നാലും ഒരു പോലീസും ചോദിക്കുല. ഇനി പോലീസ് എന്തെങ്കിലും കുരുത്തക്കേട് കാണിച്ചാൽ അപ്പോഴും ചോപ്പുകൊടിയുടെ രാജ്യത്തുനിന്ന് പട്ടാളവും പീരങ്കിയും ഇവിടെ എത്തും' എന്നാ അവര് പറഞ്ഞത്. അങ്ങിനെയൊരു രാജ്യമുണ്ടോളീ? അല്ല, അതും ഇവരെ വെള്ളംകുടിക്കാത്ത കളവോ?

ഞാൻ:—അങ്ങിനെയൊരു രാജ്യമുണ്ട്, കണ്ടോ. പക്ഷെ ഇവർ ആവശ്യപ്പെടുമ്പോഴും അവർ പീരങ്കികളും അയക്കുമോ എന്നറിഞ്ഞുകൂടാ.

കണ്ടൻ:—അതെയോ? എന്നാൽ അങ്ങിനെയൊക്കെയാ അവരന്ന ഞങ്ങളോട് പറഞ്ഞത്. പിന്നേം പലതുംപറഞ്ഞു. അതു പോട്ടോളീ. കോയ്ക്കോട്ടെക്ക് ഇവിടെനിന്നു കൊട്ടുക്ക് ഇളന്നീർക്കാർ പോകുമ്പോലെ കുറെ ആളു പോയില്ലേ? അക്കൂട്ടത്തില് ഞാനും പെട്ടിരുന്നു. അതിന്റെ തളച്ച് എനക്കെനിയും തീന്നിട്ടില്ല.....ഹാ .. വു! എനി എന്റെ ആയുസ്സുള്ള കാലത്തു.....

ഞാൻ.—അതെന്താണ് കണ്ടോ?

കണ്ടൻ:—അയ്യോ, അതെല്ലാം പറഞ്ഞിട്ടെന്തു വേണോളീ! വന്നുപോയ ബുദ്ധിമോശം വന്നുപോയില്ലേ? കേക്കണങ്കില് ഞാൻ പറയാം. ചക്കോത്തിടത്തിലേക്കു ഇക്കൊല്ലം കെട്ടേണ്ടുന്ന വാരത്തിനു ഒരു മുന്നൂറു നെല്ല് ഞാൻ വെച്ചിരുന്നു. മുന്നൂറു കെട്ടിയാൽ പോര, അഞ്ഞൂറ് കെട്ടണം. പക്ഷെ ഇപ്പളത്തെ എശമാനനോട് ചെന്നു സങ്കടം പറഞ്ഞാൽ പതിവിനു് വിട്ടു തരുമ്പോലെ തരുന്ന് കണ്ടിട്ട് അതുയേ കരുതിയുള്ളു. ഈ.....വന്നിട്ടു അതു മുഴുവൻ കോയ്ക്കോട്ടേയ്ക്കുള്ള ചാത്തക്കാക്ക് വേണെന്നും പറഞ്ഞു് വാരി, സ്വാഹാ! വാരം കെട്ടാൻ വെച്ച നെല്ലാന്ന് ഞാൻ പറഞ്ഞപ്പോഴും കോയ്ക്കോട്ട് ചെന്ന് കല്ലുട്ടരെക്കണ്ടാൽ പിന്നെ വാരവും പാട്ടവും ഒന്നും കെട്ടേണ്ടി വരുല്ല എന്നാ അവര് പറഞ്ഞത്. നികുതി കൊടുക്കേണ്ട എന്നും പറഞ്ഞു.

ഞാൻ:—എന്നിട്ടോ, കണ്ടോ, കൽക്കട്ടരെക്കണ്ടുവോ?

കണ്ടൻ:—പിരാന്തല്ലേ? ആ കോയ്ക്കോട്ടങ്ങാടിയിൽക്കൂടി നായി നെല്ലിട്ടാൽ നാനായി മലരു പൊരീന്ന വെയ്ലത്ത് പൊടിയും തിന്ന് കുക്കിം വിളീം കൂട്ടി ആത്തു നടന്നു് കിതച്ചു പൊരിഞ്ഞത് ലാഭം. കൽക്കട്ടരെ കാണാത്തതെന്താണെന്നു ചോദിച്ചപ്പോഴും 'അയാളം ഞമ്മളെപ്പേടിച്ച് ഒളിച്ചുകളഞ്ഞതാണ്. സുബർ! മദിരാശിയിൽ ഞങ്ങളം ഇന്ന് കമ്പിയടിക്കും, ഓന്റെ ഉദ്യോഗം തെറിപ്പിക്കും' എന്നൊക്കെ ഈ..... മോത്തൊരു കോട്ടമില്ലാതെ പറഞ്ഞു. എന്റെ നെല്ലൊരു മണി പിന്നെ ഞാൻ കണ്ടിട്ടില്ല. ചുരുക്കം അതല്ലേ പറേണ്ടു? വാരത്തിന്റെ സമയം കഴിഞ്ഞു വിത്തിറക്കാനായി.....ആട്ടെ. എനി അക്കൂട്ടരിങ്ങു വരട്ടെ. കുറുക്കൂട്ടിയുടെ നാട്ട രണ്ടെണ്ണം ഞാൻ ചെത്തിവെച്ചിട്ടുണ്ട്. ഓലും ഓലെ ഇങ്ക്ളാപ്പും.....!.....!! .....!!!''

മക്കടമുഷ്ടി.

ഞങ്ങളുടെ പ്രദേശത്തിന്റെ പേര് 'നവങ്കെതക്കോട്ട' എന്നാണ്. നിങ്ങളിലാരെങ്കിലും ആ പേരു കേട്ടിരിക്കുമോ എന്നു തോന്നുന്നില്ല. അങ്ങിനെയുള്ള ഒരു ഓണംകേറാമൂലയാണ് അത്. ഒരു കാവും, നാലു് എയിഡഡ് സ്കൂളുകളും (അവ ഞങ്ങളുടെ പ്രദേശത്തുനിന്നു ഒരാൾ എഡുക്കേഷൻ കൌൺസിലിൽ പെട്ടുപോയതിന്റെ ഫലമായിട്ട്, രണ്ടു പ്രാവശ്യമായി ഇരട്ടപെറ വീണവയാണ്) കുഞ്ഞയമ്മത്കുട്ടിക്കാന്റെ അരിപ്പീടികയും, കുഞ്ഞിപ്പെരച്ചന്റെ 'പടിഞ്ഞാറീം തേങ്ങാക്കുട്ടം' ആണ് ഇവിടത്തെ പ്രധാന എടുപ്പുകൾ.

കാവിന്റെ പേരും, നവങ്കെതക്കോട്ടക്കാവ് എന്നതന്നെയാണ്. ചുറ്റുപാടും നിബിഡമായ കോട്ടകൾ നിറഞ്ഞു നടുവിൽ കുഴിഞ്ഞ ഒരൊഴിഞ്ഞസ്ഥലത്താണ് കാവ് സ്ഥിതിചെയ്യുന്നതു്. ഇവിടത്തെ ഒരു വിശേഷം, ദേവസ്വമായെണ്ണപ്പെടുന്ന കുറെ വാനരന്മാരാണ്. കാവിലെ നിവേദ്യച്ചോറും, തങ്ങൾക്ക് സ്പെഷലായി ലഭിച്ചുവരുന്നവഴിപാടുകളും, ശാപ്പിട്ട് ദേവന്റെ ശിക്ഷാരക്ഷയിൻകീഴിൽ, പരമ്പരയാ കഴിഞ്ഞുകൂടിപ്പോരുന്നവരത്രെ ഇവർ.

ഈ വാനരന്മാരിൽ, ഒരു പോക്കിരിത്തലവൻ ഉണ്ടായിരുന്നു. ശേഖരൻ എന്നായിരുന്നു ഇവന്റെ പേർ. നീലൻ എന്നോ, കുമുദൻ എന്നോ പേരിടാതെ, ഇവനു് ഈ പേർ കൊടുത്തതു്, ആരാണെന്നോ എന്തിനാണെന്നോ നിശ്ചയമില്ല. പക്ഷെ, ആ കാവിൽ ക്കാട്ടയിലെ, ഒഴിഞ്ഞ തണലിൽ, ചീട്ടുകളിക്കാൻ വന്നുകൂടാറുണ്ടായിരുന്ന ഞങ്ങൾ അവനെ "ഹിട്ലർ" എന്നായിരുന്നു വിളിച്ചിരുന്നതു്.

ഹിട്ലർ തെമ്മാടിയും, പോക്കിരിയും, എന്തും ചെയ്വാൻ മടിയില്ലാത്തവനും ആയിരുന്നു. കുട്ടിക്കുരങ്ങന്മാരുടെ കൈയിൽനിന്നു്, തീൻപണ്ടങ്ങൾ തട്ടിപ്പറിച്ചു തിന്നുന്ന ചെറുത്തരം തൊട്ടു് മുതിർന്ന മനുഷ്യരോടു് അക്രമത്തിനു മുതിരുന്നതുവരെയുള്ള സകലമാതിരി തെമ്മാടിത്തങ്ങളും ഹിട്ലരുടെ കൈയിലുണ്ടായിരുന്നു.

സാക്ഷാൽ അഡോൾഫ് ഹിട്ലർക്കു ഡോക്ടർ ഗീബൽസ് എന്നപോലെ, ഈ മക്കടഹിട്ലർക്കും, ഒരു സമർത്ഥനായ പ്രസിദ്ധീകരണമന്ത്രിയുണ്ടായിരുന്നു. ഒരു മരത്തിന്റെ മുകളിൽ കയറിയിരുന്നു്. ദൂരെനിന്നു വല്ലവരും വാനരന്മാർക്കു വഴിപാടായി പഴമോ മുറുക്കോ, കൊണ്ടുവരുന്നുണ്ടോ എന്നു നോക്കിക്കണ്ടു, ശേട്ടന്മാരുടെ പണസ്സഞ്ചി കിലുക്കുന്ന ഒരൊച്ചയിട്ടു, മറ്റു വാനരന്മാർക്കു അറിവുകൊടുക്കുന്നതു ഈ മന്ത്രിയായിരുന്നു. ചില വാനരത്തരുണിമാരുടെ മേൽ അവകാശത്തർക്കം പുറപ്പെടുവിച്ചു്, വഴക്കടിച്ചു്, കടിപിടികൂടുന്നതു ഴിച്ചാൽ, ഈ ഹിട്ലരും, മന്ത്രിയും വലിയ സൌഹാർദ്ദത്തിലായിരുന്നു കഴിഞ്ഞുകൂടിയിരുന്നതു്.

ഹിട്ലരുടെ തെമ്മാടിത്തം നിറഞ്ഞ പരാക്രമങ്ങളെപ്പറ്റിയുള്ള പല കഥകളും, നവങ്കെതക്കോട്ടയുടെ ഐതിഹ്യസമ്പത്തുകളത്രെ.

ഒരിക്കൽ ഒരു സ്ത്രീ, കാവിൽ കുളിച്ചുതൊഴാൻ വന്നപ്പോൾ, അവിടത്തെ 'കുട്ടികാരൻ' (അങ്ങിനെയാണ് ഞങ്ങൾ ഇവിടത്തെ കുരങ്ങന്മാരെ വിളിക്കാറു്) കൊടുപ്പാൻ, കുറെ അവിലും മലരും മടിയിലിട്ടുകൊണ്ടുവന്നിരുന്നു. തൽസമയം, നമ്മുടെ ഹിട്ലർ എങ്ങോ ഒരു ചെറിയ സക്കീറടിക്കാൻ, പോയിരുന്നതിനാൽ, മടങ്ങിവന്നപ്പോൾ, വഴിപാടെല്ലാം "കലാസ് ഹോഗയാ." ഹിട്ലരുടെ ഇച്ഛാഭംഗവും, ഈർഷ്യയും അവന്റെ മുഖത്ത് കൂറാൻ എഴുതിയപോലെ ചില ചുളിവുകളുളവാക്കി അവൻ ഒരുറച്ച ഭാവത്തിൽ ആ സ്ത്രീയുടെ അരികിലേക്കു ചെന്നു്, അവളുടെ ദേഹം മുഴുവൻ നല്ലവണ്ണം ഒരു മെഡിക്കൽ എക്സാമിനേഷൻ നടത്തി. ഒന്നും ലഭിക്കാതിരുന്നപ്പോൾ, അവളുടെ മടിക്കുത്തു പിടിച്ചു,പൂരികൊടികൾ മൂർദ്ധാവുവരെ ഉയർത്തിപ്പിടിച്ചുകൊ

ണ്ട്, "നിന്നെ ശിക്ഷിക്കാതിരിപ്പാൻ നിർവ്വാഹമില്ല", എന്നു പറയുംപോലെ ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ട്, അവളുടെ "നീവീബന്ധനമോചനകർമ്മം" നിർവ്വഹിച്ചു, ആ ഈവൻ മുണ്ടും കൊണ്ടു മരത്തിന്മേലേക്ക് ഒരു ചാട്ടം ചാടി. സ്ത്രീകോട്ടയിൽക്കൂടി ഒരു പാച്ചൽ! യാതൊരു നൽബന്ധവും ഇല്ലാതെ ഒരുത്തി കാവിൽകോട്ടയിൽക്കൂടി കുതിയ്ക്കുന്നതു് കണ്ടപ്പോൾ അവിടെ പൂജക്കു വന്നിരുന്ന നമ്പൂതിരി, യക്ഷിയാണെന്നു വിചാരിച്ചു ഭയപ്പെട്ടു മറ്റൊരു വഴിക്കും തിരിഞ്ഞു പാഞ്ഞു.

എന്നാൽ ഹിട്‌ലർ ചെയ്ത ഏറ്റവും വലിയ പാപം, ഒരെയിഡഡ് സ്കൂൾമാസ്റ്ററെ ഉപദ്രവിച്ചതായിരുന്നു. എയിഡഡ് സ്കൂൾ അദ്ധ്യാപകൻ എന്നു പറഞ്ഞാൽപിന്നെ, അയാളുടെ വയറ്റിന്നു എത്ര മുളിവുകൾ ഉണ്ടായിരുന്നുവെന്നോ അയാളുടെ ഷർട്ടിന്റെ കീറാത്തഭാഗം എവിടെയായിരുന്നുവെന്നോ, വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. എന്നാൽ പ്രസ്തുത അദ്ധ്യാപകൻ, നാട്ടെഴുത്തശ്ശൻ മൂത്ത് മാഷ്ടരായ ഒരു ദേഹമാണെന്നും, ഒരു പരമഭക്തനും, പുരാണപാരായണപരായണനും ആണെന്നുംകൂടി പറഞ്ഞാൽ അയാൾക്കു ഒരു ഷർട്ട് ഉണ്ടായിരുന്നുവൊ എന്നു നിങ്ങൾ ചോദിക്കുമായിരിക്കാം. എന്നാൽ, സാർ, പടച്ചവനാണ് നേരാണെ, അയാൾക്ക് ഒരു ഷർട്ട് ഉണ്ടായിരുന്നു.

കുറുപ്പ് മാഷ്ടരുടെ മുഴുവൻ പേർ മുരിങ്ങപ്പുറത്ത് കോന്തക്കുറുപ്പ് എന്നാണ്. മാഷ്ടർ ഇയ്യിടെയായി, സ്കൂളിൽനിന്നു വീട്ടിലേക്കു, നടുങ്കൈതക്കോട്ടയിൽക്കൂടി ഒരു പുതിയ വഴി കണ്ടുപിടിച്ചതിന്നു പ്രത്യേകം കാരണങ്ങളുണ്ടായിരുന്നു. എത്ര ചെറിയ തീവണ്ടിയാപ്പീസ്സായാലും വേണ്ടതില്ല, അതിന്റെ സമീപം ഒരു കള്ളുസ് കാണപ്പെടുന്നത് പോലെ, ഓരോ സ്കൂളിന്റെയും പരിസരത്തിൽ ഓരോ ചായപ്പീടിക നിങ്ങൾ കണ്ടിരിക്കുമല്ലൊ. നടുങ്കൈതമുക്കിലെ മൂന്നും ഒന്നും ചായപ്പീടികയിൽനിന്നു കുറുപ്പു മാഷ്ടർക്ക് കടം മുട്ടിയിരുന്നു. "നായിനെപ്പോലെ, വന്നു നക്കിത്തിന്നുപോയാൽ പോരാ; പൈസ തരണം" എന്നുകൂടി പീടികക്കാർ ശകാരിച്ചിട്ടും, കുറുപ്പ് മാഷ്ടർക്ക് "ക്ഷമിക്കെടോ; ഗ്രാൻറ് കിട്ടട്ടെ" എന്നു പറയുകയല്ലാതെ യാതൊരു നിർവ്വാഹവുമുണ്ടായിരുന്നില്ല. "ആ പിരാന്ത് കിട്ടീട്ട് എനിക്കു കച്ചോടം നടത്താൻ കഴിയൂല" എന്നു ചായപ്പീടികക്കാരും പറയും. അങ്ങിനെ, അവരുടെ ശകാരവും, പരിഹാസവും, ഭീഷണിയും കേൾപ്പാൻ വയ്യാതെ, കുറുപ്പ് മാഷ്ടർ, കുഞ്ചിരുതയുടെ കപ്പിപ്പീടികയിൽ നിന്നു, അഞ്ചിരിയും തിന്നു ഇത്തിരി പച്ചവെള്ളം കുടിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അഞ്ചിരി എന്നു പറഞ്ഞാൽ പത്തിരിയുടെ പകുതി. ആയവസരത്തിൽ തന്നെയാണ് മാഷ്ടർ നടുങ്കൈതക്കാവിൽക്കൂടി ഒരു വഴി കണ്ടുപിടിച്ചതും.

കുറുപ്പു മാഷ്ടക്കു എട്ടു മക്കളുണ്ടായിരുന്നു. പട്ടിണി കിടക്കുന്ന കുട്ടികളെ പൊറുപ്പിക്കുവാൻവേണ്ടി മാഷ്ടർ, കുഞ്ചിരുതയുടെ പീടികയിൽനിന്നു ഒരു മുഴുവൻ പത്തിരി കടം വാങ്ങി, അത് ഒരു കടലാസ്സിൽ പൊതിഞ്ഞു പുറത്തേക്കിറങ്ങിയപ്പോൾ, കുഞ്ചിരുത അയാൾക്ക് "ത്തിരി ചവക്കാൻ" സൌജന്യമായിക്കൊടുത്തു. മാഷ്ടർ, ആ വെറ്റിലടക്കയും ചവച്ചുകൊണ്ടു നടുങ്കൈതക്കോട്ടയിൽക്കൂടി കടന്നുപോകുമ്പോൾ, ഒരു കടപ്പിലാവിന്റെ ശിഖരത്തിൽ, വിഷാദാത്മകഭാവത്തിൽ കുത്തിയിരുന്ന, നമ്മുടെ ഹിട്‌ലർ, മാഷ്ടരുടെ വായിൽ പത്തിരിയാണെന്നനുമാനിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ

ഹിട്‌ലർ: (ആത്മഗതം) അമ്പടാ! ഇത്ര ധിക്കാരമൊ? ഇവൻ ആരു്? നമ്മുടെ കോട്ടക്കുള്ളിൽ, നമ്മെ ബഹുമാനിക്കാതെ, ഇങ്ങിനെ നിർഭയം നടന്നുതിന്നുന്ന ഈ യഹൂതിയെ വെറുതെ വിടാനോ?—

(പ്രകാശം) ആരവിടെ?

പക്ഷെ ആരും വന്നില്ല! ഹിട്‌ലർ, തനിയെ ആ കൊമ്പിൽനിന്നിറങ്ങി, പതുക്കെ കുറുപ്പുമാഷ്ടരുടെ പിന്നാലെ ചെന്നു, ആ പത്തിരിയങ്ങു പിടിച്ചുപറിച്ചു, ഊം—തിരിഞ്ഞൊരു നടത്തം.

മാഷ്ടർ തിരിഞ്ഞുനോക്കിയപ്പോൾ ഹിട്‌ലർ വൃക്ഷാരോഹണം നടത്തിക്കഴിഞ്ഞിരുന്നു.

നൈരാശ്യംകൊണ്ടു കുറപ്പു മാഷ്ടരുടെ മുഖം ഉണക്കക്കാരക്കപോലെയായിപ്പോയി. അണ്ടിക ളഞ്ഞ അണ്ണാനെപ്പോലെ കുണ്ഠിതപ്പെട്ടുകൊണ്ടു കുറെനേരം അയാൾ അങ്ങിനെനിന്നു. പിന്നെ തന്നിയെ ശുണ്ഠി കയറി. താൻ കടംമേടിച്ച പത്തിരി കടിച്ചുതിന്നുന്ന മൊച്ചയേയും, വീട്ടിൽ പട്ടിണി കിടക്കുന്ന പിള്ളരെയും താരതമ്യപ്പെടുത്തി നോക്കിയപ്പോൾ മാഷ്ടർ കോപംകൊണ്ടു ഒരു കോമരത്തെപ്പോലെ തുള്ളിത്തുടങ്ങി പിന്നെ അഹിംസാസിദ്ധാന്തത്തെയും, തന്നെത്തന്നെയും മറന്ന്, പട്ടിണിമൂത്ത് പിരാന്തായ ആ മാഷ്ടർ കണ്ണിനു മുമ്പിൽ ആദ്യം കണ്ട ഒരു കല്ലെടുത്ത്, ഹിട്ലരെ ഒരേറുകൊടുത്തു.

ആ അപമാനം സഹിക്കുന്നവനാണൊ ഹിട്ലർ? അവൻ താഴോട്ട് ബോമ്പിട്ടപോലെ ഒരു ചാട്ടം ചാടി, മാഷ്ടരെ പിടികൂടി. ആ കോട്ടക്കകത്തു വെച്ചു ഒരു ടാർസൻ യുദ്ധം തന്നെ നടന്നു. ഒടുവിൽ മാഷ്ടർ മാകാണി പ്രാണനുംകൊണ്ടു മണ്ടിത്തുടങ്ങി. കുറെ ദൂരം ചെന്നപ്പോഴാണ്, മാഷ്ടക്കു മനസ്സിലായത് തന്റെ ഷർട്ട് മുറികെട്ടാൻപോലും ഉതകാത്ത വിധത്തിൽ നൂലാമാലയായിത്തീർന്നിട്ടുണ്ടെന്ന്. കുറപ്പുമാഷ്ടർ പിന്നെ ഒരാഴ്ച സ്കൂളിൽ പോയില്ല. സുഖമില്ലാഞ്ഞിട്ടായിരുന്നുപോലും. വാസ്തവം ആ കുരങ്ങിനും മാഷ്ടക്കും അല്ലെ അറിഞ്ഞുകൂടൂ?

ii

മഴക്കാലംവന്നു അതിവർഷമുണ്ടായാൽ നാടുകെ തക്കാവിനു പുറം,രണ്ടാംപ്പുറം ആഴത്തിൽ,വിസ്താരത്തിൽ വെള്ളം കെട്ടിനില്ക്കും. അപ്പോൾ, കാവിൽ പൂജചെയ്യാൻവരുന്ന നമ്പൂതിരിക്ക് കയറിവരാൻ ഒരു ചെറിയ തോണിയുണ്ടായിരുന്നു. ഒരു ശതാബ്ദത്തിലേറെ പഴക്കംചെന്ന ആ തോണി ദ്രവിച്ചുദ്രവിച്ചു നശിച്ചുപോയതിനാൽ ഇപ്പോൾ, വെള്ളപ്പൊക്കമുണ്ടായാൽ നമ്പൂതിരി ഒരു വലിയ ചെമ്പിൽ കയറിയിരുന്നുകൊണ്ടാണ് അങ്ങോട്ട് വരാറ്.

വർഷാകാലം വന്നാൽ, കാവിലെ മക്കടകൂട്ടം ബന്ധംക്ക്, നിർദ്ദാക്ഷിണ്യമല്ലാതെ, പുറമെനിന്നു വഴിപാടുകൾ ലഭിക്കുന്ന കായ്യം കഷ്ടിയാണ്.

ഒരു ദിവസം പെരുമഴയത്ത് നമ്മുടെ ഹിട്ലർ, ഒരു താന്നിമരത്തിന്റെ താഴ്ന്നുകിടക്കുന്ന കൊമ്പിൽ ചൂണ്ടിപ്പിടിച്ചു കുത്തിയിരിക്കയായിരുന്നു. രസമയം, വെള്ളത്തിന്റെ ഉപരിഭാഗത്തുകൂടി സാമാന്യം വലിയ ഒരു നീർക്കോലി, നീന്തിക്കൊണ്ടുവരുന്നുണ്ടായിരുന്നു. ആ കാഴ്ച ഹിട്ലരെ ഉത്സാഹഭരിതനാക്കി. അവൻ പുരികം ചുളിച്ചുകൊണ്ടു താഴോട്ടൊന്നു പാളിനോക്കി. നീർക്കോലി, വളഞ്ഞുപുളഞ്ഞു, തലയുയർത്തിക്കൊണ്ടു അങ്ങിനെ വരുന്ന ആ വരവു കണ്ടപ്പോൾ, ഹിട്ലരുടെ, ഉൽക്കണ്ഠയും, ജിജ്ഞാസയും ഗവേഷണതല്പരതയും വർദ്ധിച്ചു. അവൻ തന്റെ കഷണ്ടിത്തല, നല്ലപോലെ ഇടത്തോട്ട് ചെരിച്ചുപിടിച്ചു, ഒരു കോങ്കണ്ണോടുകൂടി ആ അത്ഭുത ജന്തുവെ സൂക്ഷിച്ചുനോക്കി. പിന്നെ തല വലത്തോട്ട് ചെരിച്ചുപിടിച്ചു, ഇടങ്കണ്ണിട്ടുകൊണ്ടു, ധിക്കാരിയായ ആ നീർക്കോലിയുടെയെ വീണ്ടും പരിശോധിച്ചു. പരിശോധന നടത്തുംതോറും, അവന്റെ കൌതുകവും, വിജ്ഞാനതൃഷ്ണയും വികൃതിബുദ്ധിയും, മക്കടസ്വഭാവവും ഒക്കെ അവയുടെ മൂർദ്ധന്യദശയിലെത്തി. ഹിട്ലർ കുറേകൂടി താഴോട്ട്, വെള്ളത്തിനടുക്കലേക്ക് നീങ്ങിയിരുന്നുകൊണ്ടു, കണ്ണെടുക്കാതെ അതിനെത്തന്നെ നോക്കി. ആ നീർക്കോലിയവ്യൻ, സച്ചന്ദം നീന്തിനീന്തി ഹട്ലരുടെ തിരുമുമ്പിലെത്തി. അപ്പോൾ, ആ കൌതുകവസ്തുവെ, ഒന്നു കൈനീട്ടിപ്പിടിച്ചുനോക്കാതെ അങ്ങിനെപറഞ്ഞയക്കാൻ, മൂപ്പക്കു മനസ്സുവന്നില്ല. അവൻ സാവധാനം വലതുകരം നീട്ടി അതിനെ അങ്ങ് പിടിച്ചു.

പിടിച്ചതോടുകൂടി നീർക്കോലി വാനരന്റെ മുഷ്ടിയിൽ ചുറ്റി. വാനരൻ പിടി മുറുക്കി. ഹിട്ലർ തന്റെ വലതുകൈ ഒന്നു നോക്കി. അയ്യോ! ആ കാഴ്ച! ഹിട്ലർ തല തിരിച്ചുകളഞ്ഞു. അങ്ങിനെ നീർക്കോലിയെ പിടിച്ച പിടി വിടാതെ തന്റെ വലതുകൈ നീട്ടിപ്പിടിച്ചുകൊണ്ടും, കഴുത്തിന്മേൽനിന്നു എടുകണ്ഠൻ, ത

ന്റെ തല ഉരുണ്ടു തിരിച്ചുനിറുത്തുവാൻ കഴിയുമോ, അതുകണ്ടു തിരിച്ചുനിറുത്തിക്കൊണ്ടും, ആ വാനരസർവ്വാധിപതി, ഇതികർത്തവ്യതാമൂഢനായി, ഒരു നാസിഭടൻ സല്യൂട്ട് ചെയ്യുംപോലെ, അവിടെ അനങ്ങാതെ ഇരുന്നു. എന്നാൽ വളരെനേരം ചെല്ലുമ്പോഴും തന്റെ, വാത്സല്യമേറിയ കൈത്തലത്തെ ഒന്നു ദർശിക്കുവാൻ അപ്രതിഹതമായ ഒരു കൊതി തോന്നും. അപ്പോഴും ആയിരം തൻ തുക്കമുള്ള ഒരു വലിയ കല്ലിനെപ്പോലെയായിത്തീർന്ന തന്റെ തലയെ, ആ കാഴ്ചസ്ഥലത്തേക്കു അതിസാഹസം ചെയ്തു ഒന്നു പിടിച്ചുതിരിക്കുവാൻ നോക്കും. ഒരു ഘടികാരത്തിന്റെ മണിക്കൂർസൂചിയുടെ അദൃശ്യഗതിയോടുകൂടി ഹിട്‌ലരുടെ തല അങ്ങോട്ടു തിരിയും; തന്റെ വലങ്കണ്ണിന്റെ അങ്കുഭാഗത്തിന്റെ ആയിരത്തിലൊരംശത്തിന്റെ വീക്ഷണപരിധിയിൽ ആ കാഴ്ച വന്നു പെടുമ്പോഴേക്കുതന്നെ, "ആ വിശ്വരൂപം" കണ്ടു മോഹാലസ്യപ്പെട്ട ഹിട്‌ലർ തല തെറിപ്പിച്ചുകളയും.

പിറേറദിവസം രാവിലെ നമ്പൂതിരി നിവേദ്യച്ചോറു കൊണ്ടുവന്നു. വാനരന്മാരെ വിളിച്ചപ്പോൾ ഹിട്‌ലർ അതേ ആസനത്തിൽത്തന്നെ സ്ഥിതിചെയ്യുന്നുണ്ടായിരുന്നു. വളരെയെല്ലാം പരിശ്രമിച്ചിട്ടും, ആ വിഭ്രാന്തനെ താഴോട്ടിറക്കുവാൻ നമ്പൂതിരിയച്ചനു കഴിഞ്ഞില്ല. ആ ബ്ലീച്ചിടിപററിയ മക്കടമുഷ്ടിക്കാരൻ യോഗദണ്ഡം പിടിച്ചിരിക്കുന്ന ഒരു യോഗീശ്വരനെപ്പോലെ അവിടെ നിശ്ചലനായിരുന്നതെ ഉള്ളു.

ആ കാഴ്ച കാണ്മാൻ, ആദ്യം, ഗ്രാമീണർ ഓരോരുത്തരായി അവിടെ വന്നുതുടങ്ങി. ക്രമേണ, വൈകുന്നേരമായപ്പോഴേക്കു സാമാന്യം, ഒരു ഘോഷയാത്രയ്ക്കുപയോഗിക്കാവുന്നത്ര വലിയ ഒരു ജനസംഖ്യ അവിടെ കൂടീട്ടുണ്ടായിരുന്നു.

പിറേറദിവസം, രാവിലെമുതൽക്കു, വർത്തമാനം കേട്ടറിഞ്ഞു, ദൂരദിക്കുകളിൽനിന്നും പുതിയ കൂട്ടർ അവിടെ അന്വേഷിച്ചു വരാൻതുടങ്ങി കാവിന്റെ പടിഞ്ഞാറവശത്തുള്ള വയൽ ജനങ്ങളെക്കൊണ്ടു നിറഞ്ഞു.

അതിന്റെ പിറേറദിവസം നമ്പൂതിരി വന്നപ്പോൾ അദ്ദേഹത്തിന്റെ കയ്യിൽ മഞ്ഞനിറത്തിലുള്ള ഒരു പെട്ടിയും ഉണ്ടായിരുന്നു. നമ്പൂരി പുതുതായി ഉണ്ടാക്കിച്ച, ഒരു ഭണ്ഡാരപ്പെട്ടിയായിരുന്നു അത്. ആ പെട്ടികൊണ്ടുവന്നു, നമ്പൂതിരി അതിനെ വയലിന്റെ ഒരുവശത്ത് ഉഗ്രമായ പ്രത്യാശകളോടെ നിക്ഷേപിച്ചു് മടങ്ങിപ്പോയി.

പിറേറദിവസം നമ്പൂതിരിവന്നു പെട്ടിതുറന്നു നോക്കിയപ്പോൾ, അതിൽ ഏതോ ഒരു വികൃതിച്ചെക്കൻ കൊണ്ടിട്ട ഒരു കക്കയല്ലാതെ, ഒരൊറ്റ ചെമ്പുതുട്ടുപോലും ഉണ്ടായിരുന്നില്ല. നമ്പൂരിയച്ചനു ശുണ്ഠികയറി, അവിടെ കൂടിയിരുന്നവരെയൊക്കെ അദ്ദേഹം അടക്കി ശകാരിച്ചു: "കഴുവേറികൾ! ദേവന്റെ മാഹാത്മ്യം രക്ഷയായിക്കണ്ടിട്ടു തിരി ബഹുമാനം കാട്ടാത്ത ശ്ലേച്ഛന്മാർ" എന്നൊക്കെപ്പറഞ്ഞുകൊണ്ടു, പിറേറദിവസം ആ ശകാരത്തിന്റെ ഫലമായി ഭണ്ഡാരപേടകം നാണ്യപൂർണ്ണമായിക്കാണുമെന്ന ഉറപ്പോടെ അദ്ദേഹം മടങ്ങിപ്പോയി.

പിറേറദിവസം നമ്പൂതിരി ഭണ്ഡാരപ്പെട്ടി തുറക്കുവാൻ വന്നപ്പോൾ, ആ പെട്ടിതന്നെയും അവിടെ കാണപ്പെട്ടില്ല!

(തുടരും.)

ഭർത്താക്കന്മാരേയും കുട്ടികളേയും ഉപേക്ഷിച്ച് മാതാ ലേഖ്‌റാജ് എന്ന ഒരു പുള്ളിയുടെ പിന്നാലെ ചാടിപ്പോകുവാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്ന 'ഓം മണ്ഡലി' സ്ഥാപനത്തെത്തകർക്കുന്നതിനായി വിശ്വവിഖ്യാതനായ പ്രൊഫസർ വാസ്വാനിതന്നെ ഒരുങ്ങിയിറങ്ങിയിട്ടുണ്ടത്രെ.

ഈ ശ്രമം ഫലപ്രദമാവുകയാണെങ്കിൽ 'പുന' ത്തിന്റെ സുപ്രസിദ്ധമായ സംബോധനയെ അല്പം ഭേദപ്പെടുത്തി, "ഭർത്തൃവൈരാകരനികരത 'മോ'മണ്ഡലീ' ചണ്ഡരോനോ!" എന്നു് പ്രൊഫസർ വാസ്വാനിയെ സ്തുതിയ്ക്കുവാൻ ഞങ്ങളും തീർച്ചപ്പെടുത്തിയിരിക്കുന്നു.



യജമാനൻ.

പൊതുജനങ്ങളെ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സമുദ്ധരിച്ച്, അവക്ക് ഭൌതികവിജ്ഞാനവും, അദ്ധ്യാത്മജ്ഞാനവും പ്രദാനം ചെയ്യുക, എന്നുള്ള സദുദ്ദേശ്യത്തോടുകൂടി, കഴിഞ്ഞ രണ്ടു വ്യാഴവട്ടകാലത്തോളമായി, കേരളത്തിൽ പ്രവർത്തിച്ചുപോരുന്ന ഒരു ഉത്കൃഷ്ടസ്ഥാപനമാണല്ലൊ 'ആത്മവിദ്യാസംഘം.' പ്രസ്തുതസംഘത്തിന്റെ ആശയാദർശങ്ങൾക്ക്, കാലോചിതമായ പ്രചാരം കൊടുപ്പാൻ വേണ്ടി, തൽപ്രവർത്തകന്മാർ പുതുതായി നടത്തിത്തുടങ്ങീട്ടുള്ള ഒരു പ്രതിമാസപത്രമാണ് 'യജമാനൻ.' [പ്രസാധകനും പത്രാധിപരും: ശ്രീ. വാഗ്ഭടാനന്ദൻ; രാമകൃഷ്ണ അച്ചുക്കൂടം, കോഴിക്കോട്; വാർഷികവരിസംഖ്യ: 3ക.] കേളികേട്ട ഒരു ജന്മി, യഥാർത്ഥധർമ്മാരാധകനായ ഒരു പുരുഷകേസരി, ആത്മവിദ്യാസംഘത്തിന്റെ രക്ഷാധികാരി, എന്നിങ്ങിനെ പല നിലകളിലും ഇന്നാട്ടുകാരുടെ അളവറ്റ സ്നേഹബഹുമാനങ്ങൾക്ക് പാത്രമായി പരിശോഭിച്ചിരുന്ന (പരേതനായ) ശ്രീ. കല്യാട്ട് താഴത്തുവീട്ടിൽ ചാത്തുക്കുട്ടി നമ്പ്യാരുടെ സ്മാരകമായിട്ടുകൂടി ഈ പ്രസിദ്ധീകരണത്തെ ഉദ്ദേശിച്ചിട്ടുണ്ട്. ആ വഴിക്കാണ് ഇതിന്ന് 'യജമാനൻ' എന്ന് നാമകരണം ചെയ്തിട്ടുള്ളത്.

വള്ളത്തോൾ, കുട്ടമത്ത് മുതലായ മഹാകവികളുടെ മംഗളാശംസകളോടുകൂടി പുറപ്പെട്ടിട്ടുള്ള ഈ പ്രഥമലക്കത്തിൽ, മതം, ശാസ്ത്രം, സാഹിത്യം, ജീവിതചരിത്രം തുടങ്ങിയ പല പ്രധാനവകുപ്പുകൾക്കും സ്ഥലമനുവദിച്ചിട്ടുണ്ട്. "ആ യജമാനന്നുണ്ടായിരുന്ന ലോകാനുരഞ്ജനപാടവം ഈ 'യജമാനനും' ഉണ്ടായിരിക്കണം" എന്നുള്ള പ്രസാധകന്റെ ആഗ്രഹം ഇതിൽ സവിശേഷം പ്രതിഫലിച്ചു കാണുന്നുണ്ടെന്ന് പറഞ്ഞാൽ, ഒറ്റവാചകത്തിൽ കാര്യം കഴിഞ്ഞു. അദ്ധ്യാത്മവിദ്യാവിശാരദനും, പണ്ഡിതപ്രൌഢനുമായ ശ്രീ. വാഗ്ഭടാനന്ദന്റെ ഈ ശ്ലാഘനീയമായ ഉദ്യമത്തിന്ന് സജ്ജനങ്ങളുടെ സഹായസഹകരണങ്ങളും തികച്ചും ലഭിക്കുമെന്ന് ഞങ്ങളും പ്രതീക്ഷിക്കുന്നു; 'യജമാന'ന്ന് ഞങ്ങളും സകലമംഗളങ്ങളും ആശംസിക്കുന്നു.

നളചരിതം.

(ഒന്നാം സർഗം.)

ദമയന്തിയെക്കണ്ട് തിരിച്ചെത്തിയ ഹംസം, നളനെ വിവരങ്ങളും അറിയിച്ച് പറന്നുപോകുന്നവരെയുള്ള കഥാംശത്തെ 61 പദ്യങ്ങൾകൊണ്ട് ഈ കൃതിയിൽ പ്രതിപാദിച്ചിരിക്കുന്നു. [ഗ്രന്ഥകാരൻ: എൻ. വി. ചെപ്പള്ളിൽ; പ്രസാധകന്മാർ: കെ. പി. കെ. ബുക്ക്ഡിപ്പൊ, വടകര; വശങ്ങൾ 25; വില: 1ണ. മിക്ക ശ്ലോകങ്ങളും ഒഴുക്കുള്ളവയാണ്; തെറ്റുകളും വളരെയൊന്നുമില്ല; പദ്യങ്ങൾക്ക് ലഘുവായ ഒരു വ്യാഖ്യാനവും കൊടുത്തിട്ടുണ്ട്. എങ്കിലും, ഈ ചർവ്വിതചർവ്വണംകൊണ്ട് വിശേഷിച്ചൊരു ഗുണമൊന്നും ആക്കും കിട്ടാനിടയില്ല.

"എന്റെ പണം പോകയില്ല!"

എന്നാണ് കോന്തുമ്മാൻ വീരവാദം പറയുന്നത്. കോന്തുമ്മാൻ ബുദ്ധിമാനാണ്. മറുള്ളവരുടെ ഇരുമ്പു പെട്ടികളിൽ പണം സൂക്ഷിക്കുവാൻ ആരൊക്കെ എന്തൊക്കെപ്പറഞ്ഞിട്ടും അങ്ങോർ കൂട്ടുങ്ങിയോ? തന്റെ പുതിമാരെയും, പെൺതുണ്ടിമാരെയും ഒക്കെ വിളിച്ചുനിത്തി കോന്തുമ്മാൻ ഒരവസരത്തിൽ അവരെ മൂണ്ടിക്കുണിച്ച് ഇങ്ങിനെ പറഞ്ഞു: "എന്റെ ധനനിക്ഷേപമന്ദിരങ്ങളാണ് ഇവരാണ്. അവരുടെ കാതിലും, കഴുത്തിലും, കൈയിലുമൊക്കെയുള്ള പണ്ടങ്ങളും നോക്കിൻ! എത്ര മനോഹരമായ പണിയാണ്! അവക്കൊരു തൃപ്തി; കാണുന്നവക്കൊരാനന്ദം; പണത്തിന്ന് ഏറ്റവും വലിയ ഉറപ്പും! ഏതെങ്കിലും ഒരു ബുദ്ധിമുട്ടു വന്നുപോയെങ്കിൽ, ഏതു കാലത്ത് ഏതു് രാജ്യത്തു് കൊണ്ടുപോയി വിറ്റാലും പൊന്നിനു പണമുണ്ട്. മെസ്സേഴ്സ് ആർ. വാരിയർ ആൻറ കമ്പനിക്കാരാണ് ആഭരണം ഉണ്ടാക്കിയതെങ്കിൽ, സാധാരണ കിട്ടുന്ന വിലയിൽ കുറച്ചധികത്തിനു് അവർ തന്നെ അതു തിരിച്ചെടുക്കുകയും ചെയ്യും! പലിശ മോഹിച്ച് ഉള്ളതുംകൂടിത്തുലച്ചു പാപ്പരാകുവാൻ ഞാനൊരുക്കമില്ല.....ഇതു പുതിയ ഫാഷനിൽ ഇതൊക്കെ പണിചെയ്തത് ആരാണെന്നോ? അതു പറയാനുണ്ടോ? **കോഴിക്കോട് കോർട്ട്റോഡിൽ** വ്യാപാരം ചെയ്യുന്ന സുപ്രസിദ്ധമായ **മെസ്സേഴ്സ് ആർ. വാരിയർ ആൻറ് കമ്പനി** തന്നെ! അതുമാത്രമോ? പണിയുടെ മോടിയും, വൃത്തിയും ആലോചിക്കുമ്പോൾ കൂലി എത്ര കുറുക്കമാണ്!

"വിവേകവാണി"

മതം, സാഹിത്യനിരൂപണം, കവിത, ഫലിതം, രാഷ്ട്രമീമാംസ—എന്നുവേണ്ട—വിജ്ഞേയങ്ങളായ നാനാവിഷയവിഭാഗങ്ങളും അടങ്ങിയതും, കേരളത്തിലെ പേരെടുത്ത സാഹിത്യകാരന്മാരുടെ നിരന്തരലാളനയ്ക്കു് പാത്രീഭവിച്ചിട്ടുള്ളതുമായ ഒരു ഉത്തമപത്രഗ്രന്ഥം. എല്ലാ ഇംഗ്ലീഷുമാസവും 25-ാംനു- കൃത്യമായി പുറപ്പെടുന്നു. പത്രാധിപർ: പി. ഗോവിന്ദമേനോൻ, (ബി. എ.) വരിസംഖ്യ ആണ്ടിൽ (മുൻകൂർ) മൂന്നുറുപ്പികമാത്രം. ആദ്യമാസത്തെ വരിസംഖ്യയെങ്കിലും അടച്ചു ഇന്നുതന്നെ വരിക്കാരനായിച്ചേരുക!

മാനേജർ, 'വിവേകവാണി'
പോസ്റ്റ്—ഒലവക്കോട്.

NOTICE.

Copyright of the contents of this issue, both literary and pictorial, is reserved by the General Editor who is also the proprietor of 'Sanjayan". He will gladly consider, however, requests from contributors for permission to reprint.

"പ്രബുദ്ധഭാരതം."

സാഹിതീഭക്തഗ്രേസരന്മായ മഹാമഹിമശ്രീ രാമവമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിലെ പത്രാധിപത്യത്തിൽ, തൃശ്ശൂർ, വിലങ്ങൻ, ശ്രീരാമകൃഷ്ണാശ്രമത്തിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്ന ഒരുത്തമ മലയാളമാസിക.

വരിസംഖ്യ: ആണ്ടിൽ 3ക. മാത്രം. കൂടുതൽ വിവരങ്ങൾക്കു മാനേജരോട് എഴുതിച്ചോദിക്കുക.


മാനേജർ,
'പ്രബുദ്ധഭാരതം.'
വിലങ്ങൻ,
തൃശ്ശൂർ.

പഠിച്ചവക്കും പഠിക്കുന്നവക്കും.

"വൈദ്യം പഠിച്ചവക്കും പഠിക്കുന്നവക്കും അത്യന്തം ഉപയോഗപ്രദ"മെന്നാണ് പണ്ഡിത വാസുദേവശർമ്മയുടെ ലളിതവും വിശദവുമായ വ്യാഖ്യാനത്തോടുകൂടിയ 'അഷ്ടാംഗഹൃദയം ചികിത്സിതകല്പസ്ഥാനങ്ങൾ' എന്ന വിശിഷ്ടഗ്രന്ഥത്തെക്കുറിച്ച് വൈദ്യരത്നം പി. എസ്. വാരിയരവർകൾ അഭിപ്രായപ്പെട്ടിട്ടുള്ളത്. "രോഗമുള്ളവക്കും, ഇല്ലാത്തവക്കും," എന്നുകൂടി ചേർക്കേണ്ടതാണെന്ന് ഇത് വായിച്ചുകഴിഞ്ഞാൽ നിങ്ങൾ അഭിപ്രായപ്പെടും. വില 3ക. മാത്രം. നിങ്ങളുടെ കോപ്പിക്കു ഇപ്പോൾത്തന്നെ എഴുതുക.

പി. അലവിവൈദ്യർ,
പോസ്റ്റ്. ഇരിമ്പിളിയം.
S. Malabar.

മരംകൊണ്ടുള്ള മടക്കുകട്ടിൽ



വില 12 ക മാത്രം!

മെക്കട്ടികാലിന്ന്
1 ക. 8 ണ. പുറമെ.

ദി സ്റ്റാണ്ടർഡ് ഫർണിച്ചർ കമ്പനി,
ലിമിറ്റഡ്, കല്ലായി. മലബാർ.

അതു തീച്ച്.

"ഇന്നലത്തെ കാറിന്നും മഴക്കും ഉതിന്ന വീണ ഓട്ടകളാണ് ഈ കാണുന്നതൊക്കെ! ഏതു കമ്പനിക്കാരുടേതാണാവോ!"

"ആരുടേതായാലും സ്റ്റാർ ടൈൽ വക്ക്സ് കമ്പനിക്കാരുടേതാവാൻ വഴിയില്ല; അതുതീച്ച്. കാറല്ല, ഭൂകമ്പം തന്നെ വന്നാലും, എട്ടപ്പ പൊളിഞ്ഞു വീണാലല്ലാതെ സ്റ്റാർ ടൈൽ വക്ക്സ് (കല്ലായി) ഓട്ടകൾ സ്ഥാനത്തുനിന്നിളകുകയില്ല."

സ്റ്റാർ ടൈൽ വക്ക്സിൽനിന്ന്
ഓട്ടകൾ വാങ്ങുന്നവർ ഒരിക്കലും
പശ്ചാത്തപിക്കേണ്ടിവരികയില്ല.

വിലയോ ആദായകരം!

നിങ്ങളുടെ തൊഴിൽ എന്തുതന്നെയായാലും ശരി—

പെട്ടെന്നുണ്ടാകാവുന്ന പണത്തിട്ടുക്കത്തിന് നിങ്ങൾ വല്ലൊരു പരിഹാര മാർഗവും കണ്ടുവെച്ചിട്ടുണ്ടോ? അതോ, കിട്ടുന്ന പണമൊക്കെ അങ്ങിനെയും, ഇങ്ങിനെയും ചെലവാക്കി തിട്ടക്കമായ ആവശ്യം വരുമ്പോൾ ഭാര്യയുടേയും, കുട്ടികളുടേയും കഴുത്തും കാതും, കൈയും ശൂന്യമാക്കിയോ, വസ്തു പണയംവെച്ചോ, ഇടവാടുകാരുടെ കൈയിൽപ്പെട്ട്, പലിശകൊടുത്തു മുടിഞ്ഞ്, മനസ്സുഖവും, ആ വഴിക്ക്, ദേഹാരോഗ്യവും നശിപ്പിച്ച്, ജീവിതയുദ്ധത്തിൽ തോറ്റമ്പിയ ഒരു പുള്ളിയായി, കടക്കാരൻ എന്ന ഓഫീസർ ബാക്കിനിൽത്തിച്ചാകുവാനാണോ നിങ്ങൾ വിചാരിക്കുന്നത്?



സമ്പാദിക്കുവാൻ ആരംഭിക്കുക! എത്ര കുറഞ്ഞ അടവുകൾക്കും, മുടങ്ങിയ കാലാവധികൾക്കും, പുതിയ രക്ഷാസമ്പാദ്യമാർഗങ്ങളും നെടുങ്ങാടിബാങ്ക് നിങ്ങൾക്ക് ഉപദേശിക്കുന്നതാണ്. ഭയപ്പെടേണ്ട; ശങ്കിക്കേണ്ട; ഭാവിയെപ്പുറ്റി ആലോചിച്ചു മനസ്സു പുണ്ണാക്കേണ്ട! ബാങ്കിന്റെ ഏതെങ്കിലും ശാഖയിൽനിന്ന് നിങ്ങൾക്ക് പൂർണ്ണവിവരങ്ങൾ ലഭിക്കുന്നതാണ്.

KERALA - - - - CIRCULATING - - - - - LIBRARY

(ESTD. 1935).

The Kerala Circulating Library situated on the Evans Road about 50 yards to the east of the Railway level-crossing is an up-to-date library containing a good collection of the latest and best books in English Literature. All the most popular writers of the present day are represented and arrangements have been made for a steady supply of all new books by the best authors, as they are published. The subscription rates are:—

	1 Month.	3 Months.	Deposit returnable
I Class. 2 books at a time.	1 Re.	2/8.	4.
II „ 1 book at a time.	8/As.	1/4.	2.

ENLIST TODAY!

Branch:

Ganapat High School Road,

CHALAPURAM.

Regd. No. M. 3497.



'ബേക്ക്‌ലൈറ്റ്' ഷെയ്‌വിങ് സ്റ്റിക്കും പാത്രവും.

കാഴ്ചക്കുള്ള ആ കാന്തിയും, വൃത്തിയും; തൊട്ടുനോക്കിയാലുള്ള മിനുമിനുപ്പും, മാർദ്ദവവും; ചിര പാടും വിശ്രുത ആനന്ദപ്രദമായ പരിമളം; ഇവയെല്ലാം പുറമെ, ഷെയ്‌വ ചെയ്തു കഴിഞ്ഞാൽ മുഖത്തു വ്യാപിക്കുന്ന കുളിർമ;—ഇവ 'കേരള ഷേവിങ്ങ്' സോപ്പിന്റെ അന്യാദൃശങ്ങളായ ഗുണങ്ങളാണ്.

ഇന്നു തന്നെ ഒന്നു വാങ്ങി പരിശോധിയ്ക്കുവിൻ!

വിഷു അടുത്തുവരുന്നു!

അടുത്ത കൊല്ലത്തേക്കുള്ള നിങ്ങളുടെ തുണിച്ചരക്കുകൾ കണ്ണൂർ ഷാപ്പിൽനിന്നു വാങ്ങുക!

വലിയ വിലകൊടുത്ത്, താണ ചരക്കു വാങ്ങി വഞ്ചിതരാകേണമെന്ന് നിങ്ങൾക്ക് ആഗ്രഹമില്ലെങ്കിൽ, കണ്ണൂർ ഷാപ്പിൽ നിന്നാണ് നിങ്ങൾ ചരക്കു വാങ്ങേണ്ടത്.

ഏറ്റവും പുതിയ, മേത്തരം ശീലകൾ!

ഏറ്റവും ചുരുങ്ങിയ വില!

ഒരിക്കൽ പരിശോധിച്ചവർ പിന്നീടൊരിക്കലും മറ്റൊരിടത്തു പോവുകയില്ലെന്നു ഞങ്ങൾക്കു ഉറപ്പുണ്ട്.

കണ്ണൂർ ഷാപ്പ്,
മിഠായിത്തെരു,
കോഴിക്കോട്.

Printed by K. V. Achyuthan Nayar at the Norman Printing Bureau, Calicut,
and published by K. Madhavan Nayar.
General Editor :— M. Ramunni Nayar, M.A. (Hons.)